بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 19

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 മെയ് 9/ഹി:ശം:1398 ഹിജ്റത്ത് 9/ഹി:ഖ:1440 റമളാൻ 3

## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ یَشۡتَرُوۡنَ بِعَہۡدِ اللّٰہِ وَاَیۡمَانِہِمۡ ثَمَنًا قَلِیۡلًا اُولٰٓئِکَ لَا خَلَاقَ لَہُمۡ فِی الۡاٰخِرَۃِ وَلَا یُکَلِّمُہُمُ اللّٰہُ وَلَا یَنۡظُرُ اِلَیۡہِمۡ یَوۡمَ الۡقِیٰمَۃِ وَلَا یُزَکِّیۡہِمۡ ۪ وَلَہُمۡ عَذَابٌ اَلِیۡمٌ ﴿۷۸﴾

“അല്ലാഹുവിനോടുള്ള തങ്ങളുടെ കരാറിനും ശപഥങ്ങൾക്കും പകരമായി തുച്ഛമായ വില വാങ്ങുന്ന വരാരോ അവർക്ക് പരലോകത്ത് ഒരു ഓഹരിയും ഉണ്ടാകുന്നതല്ല. പുനരുത്ഥാനനാളിൽ അല്ലാഹു അവരോടു സംസാരിക്കുകയോ അവരെ നോക്കുകയോ അവരെ ശുദ്ധീകരിക്കുകയോ ചെയ്യുന്നതുമല്ല. അവർക്ക് വേദനാജനകമായ ശിക്ഷയും ഉണ്ടായിരിക്കും.(3:78)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നബി(സ)തിരുമേനി ഒന്നു നിലവിലുള്ള ജമാഅത്ത് അതായത് സ്വഹാബത്തിന്റെ ജമാഅത്തിന്റെ സംസ്കരണം നടത്തി. ഒന്ന് വരാൻപോകുന്ന ജമാഅത്തിന്റെ സംസ്കരണമാണ്. അതിന്റെ മഹിമാവിലാസത്തിലാണ് ലമ്മാ യൽഹഖൂബിഹിം എന്ന് വന്നിട്ടുള്ളത്.**

**മസീഹും മഹ്ദിയും രണ്ടുപേരല്ല. അവകൊണ്ടുള്ള ഉദ്ദേശ്യം ഒരാൾ തന്നെയാണ്. സന്മാർഗപ്രാപ്തനെന്നതാണ് മഹ്ദികൊണ്ടുള്ള ഉദ്ദേശ്യം. മസീഹ്, മഹ്ദിയല്ലെന്ന് ആർക്കും പറയാൻ കഴിയുകയില്ല. മഹ്ദി, മസീഹാണെങ്കിലും അല്ലെങ്കിലും വേണ്ടില്ല മസീഹ് മഹ്ദിയാണെന്നുള്ളതിനെ നിഷേധിക്കുക എന്നത് മുസ്ലിമീംകളുടെ പണിയല്ല**

**വിശുദ്ധ ഖുർആനിൽനിന്നു മാത്രം മതനിയമങ്ങൾ കണ്ടെത്തി ഖുർആനിക യാഥാർഥ്യങ്ങളുടെ വിവരമില്ലായ്മകൊണ്ട് ജനങ്ങളിലുണ്ടായിട്ടുള്ള തെറ്റുകൾ തിരുത്തി അവരെ ജാഗരൂകരാക്കുമെന്ന് ‘ആഥാറി’ലുമുണ്ട്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മസീഹും മഹ്ദിയും

‘ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ആഗതനാകേണ്ട മസീഹിന്റേയും മഹ്ദിയുടേയും എന്റെ കാലഘട്ടം അനുഗൃഹീതമാണ്. മസീഹും മഹ്ദിയും രണ്ടുപേരല്ല. അവകൊണ്ടുള്ള ഉദ്ദേശ്യം ഒരാൾ തന്നെയാണ്. സന്മാർഗപ്രാപ്തനെന്നതാണ് മഹ്ദികൊണ്ടുള്ള ഉദ്ദേശ്യം. മസീഹ്, മഹ്ദിയല്ലെന്ന് ആർക്കും പറയാൻ കഴിയുകയില്ല. മഹ്ദി, മസീഹാണെങ്കിലും അല്ലെങ്കിലും വേണ്ടില്ല മസീഹ് മഹ്ദിയാണെന്നുള്ളതിനെ നിഷേധിക്കുക എന്നത് മുസ്ലിമീംകളുടെ പണിയല്ല. യഥാർഥത്തിൽ അല്ലാഹു ഈ രണ്ടു പദം ചീത്തവാക്കിനും ശകാരത്തിനുമെതിരിൽ പ്രതിഷേധമെന്ന നിലയിലാണ് വെച്ചിട്ടുള്ളത്. അതായത് അദ്ദേഹം കാഫിറും ളാല്ലും മുളില്ലുമല്ല പ്രത്യുത മഹ്ദിയാണ്. കാരണം വരാൻപോകുന്ന മസീഹിനേയും മഹ്ദിയേയും ദജ്ജാലെന്നും വഴിപിഴപ്പിക്കുന്നവനെന്നും പറയുമെന്ന് അവന് അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം മസീഹ് എന്നും മഹ്ദിയെന്നും പറയപ്പെട്ടു. ദജ്ജാലിന്റെ ബന്ധം അഖ്ലദ ഇലൽ അർളുമായിട്ടായിരുന്നു.(ഭൂമിയിലേക്ക് ചായുക-7:177) മസീഹിന് *റഫഅ ആസ്മാനീ*(ആകാശത്തേക്കുള്ള ഉയർച്ച)ഉണ്ടാകണമായിരുന്നു. അല്ലാഹു ഇച്ഛിച്ചതിന്റെ സമ്പൂർത്തീകരണം രണ്ടുകാലഘട്ടത്തിൽ നടക്കേണ്ടതുണ്ടായിരുന്നു. ഒന്ന് നബി(സ) തിരുമേനിയുടെ കാലഘട്ടത്തിലും ഒന്ന് അവസാനം മസീഹ് മഹ്ദിയുടെ കാലഘട്ടത്തിലും! അതായത് ഒരു കാലഘട്ടത്തിൽ വിശുദ്ധ ഖുർആനും സത്യമായ അധ്യാപനങ്ങളും ഇറങ്ങി. പക്ഷേ, ആ അധ്യാപനത്തിനുമേൽ ഫയ്ജ് അഅ്വജിന്റെ കാലം (കളവിന്റെ കാലം) മറയിട്ടു. മസീഹിന്റെ കാല ഘട്ടത്തിലാണ് ആ മറ മാറ്റൽ വിധിക്കപ്പെട്ടിരിക്കുന്നത്. നബി(സ)തിരുമേനി പറഞ്ഞതുപോലെ ഒന്നു നിലവിലുള്ള ജമാഅത്ത്. അതായത് സ്വഹാബത്തിന്റെ ജമാഅത്തിന്റെ സംസ്കരണം നടന്നു. ഒന്ന് വരാൻപോകുന്ന ജമാഅത്തിന്റെ സംസ്കരണമാണ്. അതിന്റെ മഹിമാവിലാസത്തിലാണ് *ലമ്മാ യൽഹഖൂബിഹിം*(62:4) -അവരോടൊപ്പം ഇതുവരെ ചേർന്നിട്ടില്ലാത്തവർ- എന്ന് വന്നിട്ടുള്ളത്. വഴികേടിന്റെ കാലത്ത് അല്ലാഹു ഈ ദീനിനെ പാഴാക്കിക്കളയുകയില്ലെന്നും മറിച്ച് വരുംകാലത്ത് അല്ലാഹു ഖുർആനിക ജ്ഞാനങ്ങൾ തുറക്കുമെന്നുമുള്ള വാർത്ത നില്കിയെന്നുള്ളത് പ്രകടമാണ്. വരുന്ന മസീഹിന്റെ ഒരു ശ്രേഷ്ഠത പറഞ്ഞിട്ടുള്ളത് അദ്ദേഹം ഖുർആനിക ജ്ഞാനത്തിന്റേയും ഈശ്വര ജ്ഞാനത്തിന്റേയും വക്താവായിരിക്കുമെന്നതാണ്. വിശുദ്ധ ഖുർആനിൽനിന്നു മാത്രം മതനിയമങ്ങൾ കണ്ടെത്തി ഖുർആനിക യാഥാർഥ്യങ്ങളുടെ വിവരമില്ലായ്മകൊണ്ട് ജനങ്ങളിലുണ്ടായിട്ടുള്ള തെറ്റുകൾ തിരുത്തി അവരെ ജാഗരൂകരാക്കുമെന്ന് ‘ആഥാറി’ലുമുണ്ട്. (സ്വഹാബികളിലേക്കോ താബിഉകളിലേക്കോ ചേർത്തിപ്പറയുന്ന വാക്കുകൾക്കും പ്രവർത്തികൾക്കുമാണ് ആഥാർ എന്നു പറയുന്നത്)

### മൂസവി മുഹമ്മദി പരമ്പരയുടെ സാദൃശ്യം

മൂസാനബി(അ)യുടെ സദൃശനാണ് മുഹമ്മദു നബി(സ)യെന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു: *ഇന്നാ അർസൽനാ ഇലയ്ക്കും റസൂലൻ ശാഹിദൻ അലയ്ക്കും കമാ അർസൽനാ ഇലാ ഫിർഔന റസൂലാ*(73:16) ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്കു സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു. നമ്മുടെ റസൂൽ മഥീലെ മൂസയാണ്; മൂസായ്ക്ക് സദൃശൻ. മറ്റൊരിടത്ത് പറഞ്ഞു: *വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സാലിഹാത്തി ലയസ്ത്തഖ്ലിഫന്നഹും ഫിൽഅർളി കമസ്തഖ്ലഫല്ലദീന മിൻ ഖബ്ലിഹിം* (24:56). ഈ മൂസായുടെ സദൃശന്റെ ഖലീഫമാരും മൂസായുടെ ഖലീഫമാരുടെ പരമ്പരപോലെ തന്നെയായരിക്കും. ഈ പരമ്പരയുടെ കാലഘട്ടം 1400 വർഷംവരെയായിരുന്നു. അങ്ങനെ തുടർച്ചയായി ഖലീഫമാർ വന്നുകൊണ്ടിരുന്നു. അല്ലാഹുവിൽനിന്നുള്ള ഒരു പ്രവചനമായിരുന്നു ഇത്. മുമ്പേ പരമ്പര ആരംഭം കുറിച്ചതുപോലെ ഈ പരമ്പരയും ആരംഭം കുറിക്കുന്നതായിരിക്കും. അതായത് എപ്രകാരം മൂസാ ആരംഭത്തിൽ പ്രതാപപരമായ അടയാളം കാണിക്കുകയും ഫിർഔനിൽനിന്ന് വിടുവിപ്പിക്കുകയും ചെയ്തുവോ അതേ പോലെ വരുന്ന നബിയും മൂസായെ പോലെയായിരിക്കും. *ഫകയ്ഫ തത്തഖൂന ഇൻ കഫർത്തും യൗമൻ യ്യജ് അലുൽവിൽദാന ശീബനിസ്സമാഉ മുൻഫതിറുൻ ബിഹീ കാന വഅ്ദഹൂ മഫ്ഊലാ*(73:18-19)അതായത് മൂസായെ നാം അയച്ചതുപോലെ നബി(സ) തിരുമേനിയുടെ കാലത്ത് അറേബ്യയിലെ സത്യനിഷേധികളും ഫിർഔനിയ്യത്തുകൊണ്ട് നിറഞ്ഞവരായിരുന്നു. അവരും ഫിർഔനെപോലെ പ്രതാപപരമായ അടയാളം കാണുന്നതുവരെ പിന്മാറിയില്ല. അതിനാൽ നബി(സ)തിരുമേനിയുടെ ജോലി മൂസായുടെ ജോലിപോലെ തന്നെയായിരുന്നു. ആ മൂസാ(അ)യുടെ ജോലി അംഗീകരിക്കപ്പെട്ടിരുന്നില്ല. പക്ഷേ, ഖുർആൻ അംഗീകരിപ്പിച്ചു. മൂസാ(അ)യുടെ കാലഘട്ടത്തിൽ ഫിർഔന്റെ കൈയിൽനിന്ന് മോചനം(ബനീ)ഇസ്റായീലിന് കിട്ടിയെങ്കിലും പാപങ്ങളിൽനിന്ന് മോക്ഷം പ്രാപിച്ചില്ല. അവർ പോരടിക്കുകയും വക്രമനസ്കരാകുകയും മൂസായുടെമേൽ ആക്രമണം നടത്തുകയും ചെയ്തു. പക്ഷേ, നമ്മുടെ നബി(സ)തിരുമേനി സമ്പൂർണമായ മോക്ഷം നല്കി. നബി(സ)തിരുമേനി ശക്തിയും പ്രതാപവും ഭരണവും ഇസ്ലാമിന് നല്കിയില്ലായിരുന്നെങ്കിൽ മുസ്ലിമീംകൾ മർദിതരായിരിക്കുകയും സത്യനിഷേധികളുടെ കൈയിൽനിന്ന് മുക്തി നേടാതിരിക്കുകയും ചെയ്യുമായിരുന്നു. അതിനാൽ അല്ലാഹു മോക്ഷം നല്കി; സ്ഥിരമായ ഇസ്ലാമിക ഭരണം സ്ഥാപിതമായി എന്നതാണ് ഒന്ന്. രണ്ട് പാപങ്ങളിൽനിന്ന് അവർക്കു മോക്ഷം കിട്ടി. അറബികൾ ആദ്യം എങ്ങനെയായിരുന്നുവെന്നും പിന്നീട് എങ്ങനെയായി എന്നുമുള്ള രണ്ടു ചിത്രവും അല്ലാഹു വരച്ചിട്ടു. ഈ രണ്ടു ചിത്രങ്ങളും ഒരുമിച്ചു കൂട്ടിയാൽ അവരുടെ ആദ്യകാലത്തെ അവസ്ഥ അനുമാനിക്കാൻ സാധിക്കുന്നതാണ്. അല്ലാഹു രണ്ടുമോക്ഷവും നല്കി. ശയ്ത്വാനിൽനിന്നും മോക്ഷം നല്കി; ത്വാഗൂത്തിൽ(ദുഃശക്തികൾ) നിന്നും! (മൽഫൂദാത്ത് വാല്യം 1, പേജ് 34-35, 2018 ഖാദിയാൻ)

★★★★

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# പ്രാർഥന-2

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**
**വിവർത്തനം: കെ.വി.ഹസ്സൻകോയ കോഴിക്കോട്**

**പ്രാർഥന സ്വീകാര്യതയുടെ രണ്ടുവഴികൾ**

പ്രാർഥനയുടെ സ്വീകാര്യത രണ്ടു വഴികളിലൂടെയുണ്ടെന്ന് ഓർമിക്കേണ്ടതുണ്ട്; ഒന്ന് ഒരു പരീക്ഷണമെന്നനിലയിൽ, മറ്റേത് ഒരു അഭ്യുദയമെന്നനിലയിൽ. ചില സന്ദർഭങ്ങളിൽ ഒരു പരീക്ഷണമെന്ന നിലയിൽ പാപികളുടേയും അനുസരണംകെട്ടവരുടേയും അവിശ്വാസികളുടെപോലും പ്രാർഥന സ്വീകരിക്കപ്പെട്ടേക്കാം. എന്നാൽ, അത്തരം സ്വീകാര്യത യഥാർഥ സ്വീകാര്യതയെ അല്ല കാണിക്കുന്നത്. അത് ഒരു പരീക്ഷണമെന്ന നിലയിലുള്ളതാണ്. ഉയർച്ച അഥവാ അഭ്യുദയം എന്ന നിലയിൽ സ്വീകാര്യതയുള്ള പ്രാർഥനയുടെ നിബന്ധനയെന്തെന്നാൽ പ്രാർഥിക്കുന്നയാൾ ദൈവം തിരഞ്ഞെടുത്ത ഒരാളായിരിക്കണം എന്നതാണ്. അയാൾ ദൈവം തിരഞ്ഞെടുത്തവരിലൊരാളാണെന്നതിന് പ്രകാശങ്ങളും ദൃഷ്ടാന്തങ്ങളും ആ വ്യക്തിയിൽ എല്ലാ ദിശകളിലുമുണ്ടായിരിക്കണം. അനുസരണംകെട്ടവരുടെ പ്രാർഥനകൾ സത്യമായ നിലയിൽ സർവ്വശക്തനായ ദൈവം സ്വീകരിക്കുകയില്ല. അവൻ സ്വീകരിക്കുന്നത് അവന്റെ വിലയിരുത്തലിൽ സാത്വികരും തന്നോട് അനുസരണം കാണിക്കുന്നവരുമായവരുടെ പ്രാർഥനകളാണ്. രണ്ട് സ്വീകാര്യതകൾ തമ്മിലുള്ള അന്തരമെന്തെന്നാൽ ഒരു പരീക്ഷണമെന്ന നിലയിലുള്ള സ്വീകാര്യതക്ക് ഒരു നിബന്ധനയുമില്ല. പ്രാർഥിക്കുന്ന ആൾ സാത്വികനോ ദൈവത്തിന്റെ സുഹൃത്തോ ആയിരിക്കണമെന്നില്ല. അങ്ങനെ പ്രാർഥന സ്വീകരിച്ചാൽ സർവ്വശക്തനായ അല്ലാഹു അങ്ങനെയുള്ള സ്വീകാര്യത ഒരു പ്രത്യേക ആശയവിനിമയം മുഖേന അറിയിച്ചുകൊള്ളണമെന്നുമില്ല. അങ്ങനെയുള്ള പ്രാർഥനകൾ ഉന്നതനിലവാരം പുലർത്തുന്നതോ അതിന്റെ സ്വീകാര്യത അത്ഭുതകരവും അസാധാരണവുമായ ഒരു സംഭവമോ അല്ല. ഒരു അഭ്യുദയം അഥവാ ഉയർച്ച എന്ന നിലയിൽ സ്വീകൃതമായ പ്രാർഥനകൾക്ക് താഴെ പറയുന്ന അടയാളങ്ങളുണ്ടാവും:

ഒന്നാമതായി പ്രാർഥിക്കുന്ന ആൾ സാത്വികനും സത്യസന്ധനും പരിപൂർണനുമായ വ്യക്തിയായിരിക്കും. രണ്ടാമതായി ആ വ്യക്തിയുടെ പ്രാർഥനയുടെ സ്വീകാര്യത ദൈവവചനം മുഖേന അറിയിക്കുന്നതായിരിക്കും. മൂന്നാമതായി, ഈ പ്രാർഥനകളിലധികവും ഉന്നതനിലവാരത്തിലുള്ളതായിരിക്കും. മഹത്തായ കാര്യങ്ങളെ സംബന്ധിച്ചതുമായിരിക്കും. അത് കാണിക്കുന്നത് ഇത് മനുഷ്യന്റെ ആസൂത്രണമല്ല. മറിച്ച്, അത് ദൈവികശക്തിയുടെ പ്രത്യേക പ്രതിരൂപമായിരിക്കുമെന്നാണ്. അല്ലാഹുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാരുടെ കാര്യത്തിലാണ് ഇത് പ്രകടമാകുന്നത്.

നാലാമതായി, പരീക്ഷണമെന്നനിലയിൽ സ്വീകരിക്കപ്പെടുന്നത് അപൂർവ്വമായിരിക്കും. അഭ്യുദയം അഥവാ ഉയർച്ച എന്ന നിലയിൽ സ്വീകൃതമായ പ്രാർഥനകൾ വളരെ കൂടുതലായിരിക്കും. പലപ്പോഴും അഭ്യുദയം അഥവാ ഉയർച്ച എന്ന നിലയിൽ പ്രാർഥിക്കുന്ന ആൾ പല വിഷമങ്ങളിലും അകപെടുന്നു. അവയിൽ മറ്റേതെങ്കിലും ഒരാൾ ഉൾപ്പെട്ടാൽ അതിൽനിന്ന് പുറത്തുപോകാൻ അയാൾക്ക് ആത്മഹത്യയല്ലാതെ മറ്റു മാർഗങ്ങളൊന്നുമുണ്ടാവില്ല. സംഭവിക്കുന്നതെന്താണെന്നുവെച്ചാൽ ലോകത്തെ ആരാധിക്കുന്ന ഒരാൾ, സർവ്വശക്തനായ ദൈവത്തിൽനിന്നു വിദൂരനായ ഒരാൾ, അയാൾ ദുഃഖത്തിലും വ്യസനത്തിലും രോഗങ്ങളിലും അക്രമങ്ങളിലും പരീക്ഷണങ്ങളിലുംപെടുന്നു. അയാൾക്ക് രക്ഷപ്പെടാൻ ഒരു വഴിയുമില്ല. അവർ തന്റെ വിശ്വാസദൗർബല്യം കാരണം സർവ്വശക്തനായ ദൈവത്തെക്കുറിച്ച് നിരാശരായി വിഷം കഴിക്കുകയോ, കിണറ്റിൽ ചാടുകയോ ഒരായുധം കൊണ്ട് സ്വയം കുത്തിമരിക്കുകയോ ചെയ്യുന്നു. അത്തരം വിഷമകരമായ അവസ്ഥയിൽ അഭ്യുദയം അഥവാ ഉയർച്ച ആസ്വദിക്കുന്ന ആൾ സർവ്വശക്തനായ ദൈവത്താൽ സഹായിക്കപ്പെടുന്നു. വിശ്വാസത്തിന്റെ ശക്തി കാരണം അയാൾ അത്ഭുതകരമായ രീതിയിൽ സഹായിക്കപ്പെടുന്നു. അയാൾക്ക് ദൈവവുമായി പ്രത്യേക ബന്ധവുമുണ്ടായിരിക്കും. ദൈവാനുഗ്രഹം അത്ഭുതകരമാംവിധം അയാളുടെ കൈ പിടിക്കുകയും ഇത്തരം നിഗൂഢതകളെക്കുറിച്ച് ബോധവാനായ ഒരാൾ സ്വമേധയാ ഈ വ്യക്തിക്ക് ദൈവത്തിന്റെ പിന്തുണയുണ്ടെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

അഞ്ചാമതായി, അഭ്യുദയം അഥവാ ഉയർച്ചയുടെ നിലയിൽ പ്രാർഥിക്കുന്ന ഒരാൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാണ്. സർവ്വശക്തനായ അ ല്ലാഹു എല്ലാ കാര്യങ്ങളിലും അയാളുടെ രക്ഷകനാകുന്നു. ദൈവസ്നേഹത്തിന്റേയും ദൈവസ്വീകാര്യതയുടേയും അടയാളങ്ങളും ആത്മീയമായ ആനന്ദവും അനുഗ്രഹങ്ങളും അയാളുടെ മുഖത്ത് പ്രകടമാകുന്നു. പ്രതാപവാനായ അല്ലാഹു പറഞ്ഞതുപോലെ, *തഅ്രിഫു ഫീ വുജൂഹിഹിം ന ള്റത്തന്നഈം* അവരുടെ മുഖങ്ങളിൽ സുഖാനുഭൂതിയുടെ പ്രസന്നത നീ കണ്ടറിയും(83:25)

വീണ്ടും പറയുന്നു:

*അലാ ഇന്ന ഔലിയാഅല്ലാഹി ലാ ഖൗഫുൻ അലെഹിം വ ലാഹും യഹ്സനൂൻ.* അറിയുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ, അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല, അവർ വ്യസനിക്കുകയുമില്ല.(10:63)

**എന്താണ് പ്രാർഥന**

നമ്മുടെ ആത്മാവ് എന്തിന്റെയെങ്കിലും അന്വേഷണത്തിൽ അതിന്റെ കരം വളരെ ആത്മാർഥതയോടുകൂടി നീട്ടുകയും അനുഗ്രഹത്തിന്റെ ഉറവിടത്തിലേക്ക് നോക്കി കരയുകയും ചെയ്യുന്നു. സ്വയം നിസ്സഹായനായിക്കണ്ടും ചിന്തിച്ചുംകൊണ്ട് എവിടെയെങ്കിലുംനിന്ന് വെളിച്ചം തേടുന്നു. അങ്ങനെ പ്രാർഥന മുഖേന എല്ലാ യുക്തിജ്ഞാനങ്ങളും പ്രകടമാക്കപ്പെടുന്നു. ഓരോ ജ്ഞാനഗൃഹത്തിന്റേയും താക്കോൽ പ്രാർഥനയാണ്. പ്രാർഥന കൂടാതെ ഒരറിവും ഉൾക്കാഴ്ചയും പ്രകടമാക്കപ്പെടുന്നില്ല. നമ്മുടെ ചിന്ത, നമ്മുടെ പ്രതിഫലനം, നിഗൂഢലക്ഷ്യത്തെക്കുറിച്ചുള്ള നമ്മുടെ ഗവേഷണം, എല്ലാം പ്രാർഥനയുടെ ഭാഗങ്ങളാണ്. ഏകവ്യത്യാസം ഇതാണ്. ഉൾക്കാഴ്ചയുള്ളവരുടെ പ്രാർഥന അവരുടെ ഉൾക്കാഴ്ചയുടെ സ്വഭാവമനുസരിച്ച് അനുഗ്രഹത്തിന്റെ ഉറവിടം ഏതാണെന്ന് അവരുടെ ആത്മാവ് തിരിച്ചറിയുന്നു. അവർ ഉൾക്കാഴ്ചയോടെ കൈ നീട്ടുന്നു. മറയുള്ളവരുടെ പ്രാർഥന അവരുടെ ചിന്തയിലും പ്രതിഫലനത്തിലും പ്രകടമാകുന്നു. അത് പരിശ്രമമാണ്. അത് ഗവേഷണത്തിനുള്ള മാർഗമാണ്. സർവ്വശക്തനായ ദൈവവുമായി ഉൾക്കാഴ്ചയുടെ ബന്ധമില്ലാത്ത ആളുകളും അതിൽ വിശ്വസിക്കാത്തവരുമായവർ വിജയത്തിനുള്ള എന്തെങ്കിലും വഴി ചിന്തയിലൂടെയും പ്രതിഫലനത്തിലൂടെയും നേടുന്നു. പരോക്ഷതയിൽനിന്ന് അവരുടെ ഹൃദയത്തിൽ വഴികാണിക്കപ്പെട്ടേക്കാം. ഉൾക്കാഴ്ചയുള്ളവർക്കും ദൈവം വിജയത്തിലേക്കുള്ള വഴി തുറന്നേക്കാം. പക്ഷേ, ഇടയ്ക്കുള്ള മറയുള്ള ആൾ ദൈവവുമായി ബന്ധമില്ലാത്തതു കാരണം അനുഗ്രഹത്തിന്റെ ഉറവിടം അറിയുന്നില്ല. അയാളും ഉൾക്കാഴ്ചയുള്ളവനെപ്പോലെ മറ്റേതെങ്കിലും വിധത്തിൽ സഹായം തേടാൻ ചിന്തിക്കുന്നു. പക്ഷേ, ഉൾക്കാഴ്ചയുള്ള ആൾക്ക് ഉറവിടത്തിലേക്ക് ഒരു കണ്ണുണ്ട്. മറ്റേ ആൾ അന്ധകാരത്തിൽ നടക്കുന്നു. ചിന്തിച്ചതിനും ആലോചിച്ചതിനുംശേഷം ഹൃദയത്തിലുണ്ടാകുന്നതും സർവ്വശക്തനായ ദൈവത്തിൽനിന്നുള്ളതാണെന്ന് അയാൾ അറിയുന്നില്ല. അവൻ ഉൽക്കണ്ഠാകുലന്റെ ഉൽക്കണ്ഠ ഒരു പ്രാർഥനയായി പരിഗണിച്ച് ചിന്തിക്കുന്നവന്റെ ഹൃദയത്തിൽ ആവശ്യമായ അറിവ് ഇട്ടുകൊടുക്കുന്നു. ചിന്ത മുഖേന വരുന്ന ഗ്രാഹ്യതയുടെയും യുക്തിയുടെയും പോയന്റ് ഹൃദയത്തിൽ പ്രവേശിക്കുന്നതും ദൈവത്തിൽനിന്നു വരുന്നതാണ്. എന്നാൽ, ആ വ്യക്തിതന്നെ സ്വയം അതറിയുന്നില്ല. എന്നാലും അയാൾ പ്രാർഥിക്കുകയാണെന്നു ദൈവമറിയുന്നു. അവസാനം അയാളുടെ ലക്ഷ്യം അയാൾക്ക് ദൈവം നൽകുന്നു. പ്രകാശം കാണുന്ന ഈ രീതി ഉൾക്കാഴ്ചയോടെ തേടുകയാണെങ്കിൽ യഥാർഥ മാർഗദർശകനെ തിരിച്ചറിഞ്ഞുകൊണ്ട് അത് നേടുകയാണെങ്കിൽ അത് മനസ്സിലാക്കുന്ന വ്യക്തിയുടെ പ്രാർഥനയാണ്. അജ്ഞാതമായ ഉറവിടത്തിൽനിന്ന് പ്രകാശം തേടിയാൽ ചിന്തയിലൂടെയും ആലോചനയിലൂടെയുമാണെങ്കിലും അയാളുടെ നോട്ടം പ്രകാശിപ്പിക്കുന്നവന്റെ നേർക്കല്ലാതെയാണെങ്കിൽ അത് ഇടയ്ക്ക് മറയുള്ള പ്രാർഥനയാണ്.

**പ്രാർഥനയും ആസൂത്രണവും**
**രണ്ട് പ്രകൃതിപരമായ ആവശ്യങ്ങളാണ്**

ആസൂത്രണവും പ്രാർഥനയും തമ്മിലുള്ള ബന്ധം പ്രകൃതിനിയമംകൊണ്ട് തെളിയിക്കപ്പെട്ടതുപോലെ അത് പ്രകൃതിഗ്രന്ഥത്തിന്റെ സാക്ഷ്യംകൊണ്ടും തെളിയിക്കപ്പെട്ടതാണ്.

ഒരു ദുരിതത്തിന്റെ സമയത്ത് മനുഷ്യന്റെ ഗുണവിശേഷങ്ങൾ ആസൂത്രണത്തിലേക്കും പരിഹാരങ്ങളിലേക്കും ചായുന്നുവെന്നത് പലപ്പോഴും നിരീക്ഷിക്കപ്പെട്ടതാണ്. അതേപ്രകാരം അവ പ്രാർഥനയോടുള്ള പ്രകൃതിപരമായ ഉൽക്കണ്ഠ കാരണം പ്രാർഥനയിലേക്കും ദാനധർമങ്ങളിലേക്കും ചായുന്നു. ഇത് ആത്മീയമായ ഒരു വാദഗതിയാണ്. മനുഷ്യന്റെ നിയമം തുടക്കംമുതലേ, എല്ലാ ആളുകളോടും നിർദേശിക്കുന്നത് പ്രാർഥനയുടെ മാർഗങ്ങളിൽനിന്നും ആസൂത്രണങ്ങളിൽനിന്നും വേർപ്പെടുത്തരുതെന്നാണ്. അവർ പ്രാർഥനകൊണ്ട് ആസൂത്രണങ്ങൾ അന്വേഷിക്കണം. ചുരുക്കിപ്പറഞ്ഞാൽ പ്രാർഥനയും ആസൂത്രണവും മനുഷ്യപ്രകൃതിയുടെ രണ്ട് ആവശ്യങ്ങളാണ്. അത് മനുഷ്യസൃഷ്ടിപ്പ് മുതൽ മനുഷ്യപ്രകൃതിയുടെ രണ്ട് സേവകന്മാരാണ്, രണ്ട് സഹോദരന്മാരെപോലെ! ആസൂത്രണം പ്രാർഥനയുടെ അനന്തരഫലമാണ്. പ്രാർഥന ആസൂത്രണത്തിലേക്കു പ്രേരിപ്പിക്കുന്നു. മനുഷ്യന്റെ സൗഭാഗ്യം ഇതിലാണ് അടങ്ങിയിരിക്കുന്നത്. ആസൂത്രണത്തിൽ പ്രവേശിക്കുന്നതിന് മുമ്പേ പ്രാർഥന മുഖേന അനുഗ്രഹത്തിന്റെ ഉറവിടത്തിൽനിന്ന് സഹായം തേടേണ്ടതാണ്. അങ്ങനെ എന്നെന്നും ഒഴുകിക്കൊണ്ടിരി

( ശേഷം പേജ് 8ൽ)

**അല്ലാഹുവിന്റെ കലാം**

***“അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലതന്നെ.”(2:108)***

**കലാമുൽ ഇമാം:-**

**‘വ്യാപാരമോ ക്രയവിക്രയമോ സമ്പാദ്യമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അവരെ തടയുകയില്ല’ എന്ന് അല്ലാഹു പറഞ്ഞവരാണ് നിങ്ങളുടെ മാതൃക. (മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

ത്വാലിബെ ദുആ
M.P.Haneef Ahmad
Ameer Ahmadiyya Jama-ath Koodali, Kerala.

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya jama-ath Calicut, Kerala.

## ഖുത്ബ ജുമുഅ

**അല്ലാഹുവിനോടും അവന്റെ ഹബീബിനോടുമുള്ള സ്നേഹത്തിൽ മുങ്ങിത്താണ് ആ ദിവ്യാത്മാവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീർന്നവരുടെമേൽ അല്ലാഹു ആയിരമായിരം റഹ്മത്തു ചൊരിയുമാറാകട്ടെ.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നമ്മൾ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ ശരീഅത്തില്ലാത്ത പ്രവാചകനായി വിശ്വസിക്കുന്നു. അതുകൊണ്ട് നബി(സ)തിരുമേനിയുടെ പ്രവാചകത്വത്തിന് ഒരു പോറലും ഏൽക്കുന്നില്ല. എന്നല്ല അവിടത്തെ സ്ഥാനം ഉയരുകയാണ് ചെയ്യുന്നത്. ഇനി നുബുവ്വത്തും അവിടത്തെ അനുധാവനത്തിലൂടെ മാത്രമെ കിട്ടാൻ തരമുള്ളു.

**അല്ലാഹുവേ! നീ എന്റെ ദൃഷ്ടി എടുത്തുകൊണ്ടുപോയാലും;**
**ഞാനെന്റെ പ്രിയങ്കരനായ മുഹമ്മദു(സ)നുശേഷം മറ്റാരേയും കാണാതിരിക്കുന്നതിനുവേണ്ടി.**

അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് ഖിറാശ് ബിൻ സ്വിമ്മത്ത് അൻസ്വാരി(റ), ഹദ്റത്ത് ഉബയ്ദ് ബിൻ തയ്യിഹാൻ(റ), ഹദ്റത്ത് അബൂ ഹന്നഹ് മാലിക്ക് ബിൻ അംറ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് ബിൻ ഥഅ്‌ലബ(റ), ഹദ്റത്ത് മുആദ് ബിൻ അംറ് ബിൻ ജമൂഹ്(റളിയല്ലാഹു അൻഹും വറളൂ അൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

**അഹ്മദിയ്യത്തിന്റെ ജേർണലും അഹ്മദിയ്യത്തിനുവേണ്ടിയുള്ള സ്നേഹത്തിന്റേയും ആത്മരോഷത്തിന്റേയും നഗ്നമായ ഖഡ്ഗവും ഖിലാഫത്തിനോടു അനുരക്തിയും കൂറുമുള്ളയാളും, ധൈര്യവാനും ധീരനും ജനോപകാരനുമായ പാകിസ്താനിലെ കോട്ട് സുൽത്വാൻ, അട്ടക് വാസി ബഹുമാനപ്പെട്ട മലിക് സുൽത്വാൻ ഹാറൂൺ ഖാൻ സാഹിബിന്റെ അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 ഏപ്രിൽ 05/1398 ശഹാദത്ത് 05**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്റത്ത് ഖിറാശ് ബിൻ സ്വിമ്മത്ത് അൻസ്വാരി(റ):** ഹദ്റത്ത് ഖിറാശ് ബിൻ സ്വിമ്മത്ത് അൻസ്വാരി(റ)യുടെ ബന്ധം ഖസ്റജിന്റെ ശാഖയായ ബനൂ ജുശ്മുമായിട്ടായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മു ഹബീബ് എന്നായിരുന്നു. ഹദ്റത്ത് ഖിറാശിന്റെ മക്കളിൽ സലമയും അബ്ദുർറഹ്മാനും ആഇശയും പെടുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് ദിവസം ഇദ്ദേഹത്തിന് പത്ത് മുറിവേറ്റു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ വില്ലാളിവീരന്മാരിൽപ്പെട്ടയാളായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 425, ഖിറാശ് ബിൻ സ്വിമ്മത്ത്(റ),പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് ഖിറാശ്, നബി(സ) തിരുമേനിയുടെ ജാമാതാവായ അബുൽ ആസ്വിനെ തടവുകാരനാക്കിയിരുന്നു. (സീറത്തു ഇബ്നു ഹിശാം, പേജ് 312, അസറ അബിൽ ആസ് ബിൻ അർറബീഅ് സൗജ് സയ്നബ് ബിൻത് റസൂൽ (സ), ദാറു ഇബ്നു ഹസം ബേറൂത്ത് 2009)

**ഹദ്റത്ത് ഉബയ്ദ് ബിൻ തയ്യിഹാൻ(റ):** ഹദ്റത്ത് ഉബയ്ദ് ബിൻ തയ്യിഹാൻ(റ)ന്റെ പേര് അത്തീക് ബിൻ തയ്യിഹാൻ എന്നും പറയപ്പെടുന്നുണ്ട്. ഇദ്ദേഹത്തിന്റെ ഉമ്മയുടെ പേര് ലയ്ലാ ബിൻത് അത്തീക് എന്നായിരുന്നു; ഹദ്റത്ത് അബുൽഹയ്ഥം ബിൻ തയ്യിഹാന്റെ സഹോദരനായിരുന്നു. ഇദ്ദേഹം(റ) അബ്ദുൽ അശ്ഹലിന്റെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് ഉബയ്ദ്(റ) 70 അൻസ്വാറിനോടൊപ്പം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി ഇദ്ദേഹത്തേയും ഹദ്റത്ത് മസ്ഊദ് ബിൻ റബീഇനേയും സഹോദരന്മാരാക്കി. ഇദ്ദേഹം തന്റെ സഹോദരൻ ഹദ്റത്ത് അബുൽ ഹയ്ഥമിനോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ ഇദ്ദേഹം ശഹാദത്ത് കരസ്ഥമാക്കി. ഇദ്ദേഹത്തെ ഇക്രിമ ബിൻ അബൂ ജഹ്ലാണ് ശഹീദാക്കിയത്. ഇദ്ദേഹം സ്വിഫ്ഫീൻ യുദ്ധത്തിൽ ഹദ്റത്ത് അലി(റ)യുടെ ഭാഗത്തുനിന്ന് പോരാടിയാണ് ശഹീദായതെന്നും പറയപ്പെടുന്നുണ്ട്. ഇതിൽ അല്പം അഭിപ്രായ ഭിന്നതയുണ്ട്. പക്ഷേ, രണ്ടു നിവേദനങ്ങളിലും യോജിച്ചുകാണുന്ന ഒരു കാര്യമുണ്ട്; ഇദ്ദേഹം ശഹീദായി എന്നതാണത്. ഇദ്ദേഹത്തിന്റെ സന്താനങ്ങളിൽ രണ്ടു മക്കൾ, ഹദ്റത്ത് ഉബയ്ദുല്ലായേയും ഹദ്റത്ത് അബ്ബാദിനേയും കുറിച്ച് വിവരം ലഭിക്കുന്നുണ്ട്. ത്വബരി പറഞ്ഞതനുസരിച്ച് ഹദ്റത്ത് അബ്ബാദും ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കിയിരുന്നു. എന്നാൽ, ഹദ്റത്ത് ഉബയ്ദുല്ലായെ കുറിച്ച്, അദ്ദേഹം യമാമ യുദ്ധത്തിൽ ശഹീദായെന്നാണ് വിവരിക്കപ്പെട്ടിട്ടുള്ളത്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 342–343, അബുൽ ഹയ്ഥം ബിൻ അത്തയ്യിഹാൻ, ഉബയ്ദ് ബിൻ അത്തയ്യിഹാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(ഉസുദുൽ ഗാബ, വാല്യം 3, പേജ് 153, അബ്ബാദ് ബിൻ ഉബയ്ദ്, പേജ് 521, ഉബയ്ദുല്ലാഹ് ബിൻ ഉബയ്ദ് ബിൻ അത്തയ്യിഹാൻ, പേജ് 529, ഉബയ്ദ് ബിൻ അത്തയ്യിഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**അബൂ ഹന്നത്ത് മാലിക്ക് ബിൻ അംറ്(റ):** ഹദ്റത്ത് അബൂ ഹന്നത്ത് മാലിക്ക് ബിൻ അംറ്(റ)ന്റെ സംജ്ഞാനാമം അബൂ ഹന്നഃ എന്നായിരുന്നു. മാലിക്ക് ബിൻ അംറ് എന്നായിരുന്നു ഇദ്ദേഹത്തിന്റെ പേര്. മുഹമ്മദ് ബിൻ ഉമർ വാഖ്ദി ഇദ്ദേഹത്തെ ബദ്റിൽ പങ്കെടുത്തവരിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ പേരിനെ ചോല്ലി അഭിപ്രായവ്യത്യാസമുണ്ട്. ചില നിവേദനങ്ങളനുസരിച്ച് ഇദ്ദേഹത്തിന്റെ പേര് ആമിറെന്നും ഥാബിത് ബിൻ നുഅ്മാനെന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഹന്ന എന്നും അബൂഹയ്യ എന്നും വിവരിക്കപ്പെടുന്നു. പക്ഷേ, മുഹമ്മദ് ബിൻ ഉമർ വാഖ്ദി പറയുന്നത് അബൂഹബ്ബഃ എന്ന സംജ്ഞാനാമം ഉണ്ടായിരുന്ന രണ്ടുപേരുണ്ടായിരുന്നുവെന്നാണ്. അബൂഹബ്ബ ബിൻ ഗസിയ്യ ബിൻ അംറ്, രണ്ടാമത്തെയാൾ അബൂ ഹബ്ബ ബിൻ അബ്ദു അംറിൽ മാസിനി. ഇവർ രണ്ടുപേരും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരിൽ ആർക്കും അബൂ ഹബ്ബ എന്ന സംജ്ഞാനാമം ഉണ്ടായിരുന്നില്ല. മറിച്ച് ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളിന്റെ സംജ്ഞാനാമം അബൂഹന്ന എന്നായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ഹന്ന എന്നായിരുന്നുവെന്ന് അദ്ദേഹം ശക്തമായി പറയുന്നത്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 365, അബൂഹന്ന, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(ഉസുദുൽ ഗാബ, വാല്യം 6, പേജ് 63, അബൂ ഹബ്ബൽ അൻസ്വാരി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് ബിൻ ഥഅ്‌ലബ(റ):** ഇദ്ദേഹം അബ്ദുല്ലാഹ് ബിൻ സയ്ദ് അൻസ്വാരി എന്ന് പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ മുഹമ്മദ് എന്നായിരുന്നു. പിതാവിന്റെ പേര് ഹദ്റത്ത് സയ്ദ് ബിൻ ഥഅ്‌ലബ എന്നായിരുന്നു. പിതാവും സ്വഹാബിയായിരുന്നു. ഇദ്ദേഹത്തിന്റെ ബന്ധം അൻസ്വാറിന്റെ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ ജുശ്മുമായിട്ടായിരുന്നു. ഇദ്ദേഹം അഖബ ബയ്അത്തിൽ പങ്കെടുത്ത 70 അൻസ്വാറിൽപെടുന്നു. ബദ്ർ, ഉഹുദ്, ഖൻദഖ് പോലുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. മക്കാവിജയത്തിന്റെ സമയത്ത് ബനൂ ഹാരിഥ് ബിൻ ഖസ്റജിന്റെ പതാക ഇദ്ദേഹത്തിന്റെ കൈയിലായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന് ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പേതന്നെ അറബി എഴുതാൻ അറിയുമായിരുന്നു. അക്കാലത്ത് എഴുത്തറിയുന്നവർ അറബികളിൽ വളരെ വിരളമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന്റെ മക്കൾ മദീനയിലാണ് താമസിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ ഒരു മകന്റെ പേര് മുഹ

മ്മദ് എന്നായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ സഅ്ദത്ത് ബിൻത് കുലസിയിലാണ് മുഹമ്മദ് ജനിച്ചത്. ഉമ്മുഹുമയ്ദായിരുന്നു ഒരു മകൾ. ഇവരുടെ മാതാവ് യമൻകാരിയായിരുന്നു.

ഇദ്ദേഹത്തിന്റെ സഹോദരനായിരുന്നു ഹുറയ്ഥ് ബിൻ സയ്ദ്. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു.(ഉസുദുൽ ഗാബ, വാള്യം 3, പേജ് 248, അബ്ദുല്ലാഹ് ബിൻ സയ്ദ് അൽഅൻസ്വാരി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 405–406, അബ്ദുല്ലാഹ് ബിൻ സയ്ദ്, ഹുറയ്ഥ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഇദ്ദേഹത്തിന്റെ ഒരു സഹോദരിയുടെ പേര് ഖുറയ്ബ ബിൻത് സയ്ദ് എന്നായിരുന്നു. അവരും സ്വഹാബിയ ആയിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 271–272, ഖുറയ്ബ ബിൻത് സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

സ്വപ്നത്തിൽ ബാങ്കിന്റെ വചനങ്ങൾ പറയപ്പെട്ട സ്വഹാബിയായിരുന്നു ഹദ്റത്ത് അഹ്ദുല്ലാഹ് ബിൻ സയ്ദ്(റ). അദ്ദേഹം നബി(സ)തിരുമേനിയോട് അതിനെ കുറിച്ച് പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് സ്വപ്നത്തിൽ കണ്ട ആ വചനങ്ങളിൽ ബാങ്ക് നല്കുവാൻ ഹദ്റത്ത് ബിലാലിന് കല്പന നല്കി. മസ്ജിദ് നബ്വിയുടെ നിർമാണത്തിനുശേഷം, ഹിജ്റ ഒന്നിലേതാണ് ഈ സംഭവം. (അൽഇസ്തീആബ് ഫീ മഅ്രിഫത്തി അൽ അസ്വഹാബ്, വാള്യം 3, പേജ് 913, അഹ്ദുല്ലാഹ് ബിൻ സയ്ദ്, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

അതിന്റെ കുറച്ചു വിശദീകരണം ഇപ്രകാരമാണ്: ഹദ്റത്ത് അബൂ ഉമയ്ർ ബിൻ അനസ് അൻസ്വാരി തന്റെ പിതൃവ്യനിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ‘നമസ്കാരത്തിന് ആളുകളെ എങ്ങനെ വിളിച്ചു കൂട്ടണമെന്ന് നബി(സ) തിരുമേനി ചിന്തിച്ചു. നമസ്ക്കാര സമയത്ത് ഒരു കൊടി ഉയർത്താമെന്ന് നബി(സ)തിരുമേനിയോടു പറയപ്പെട്ടു. അങ്ങനെ ആളുകൾ അത് കണ്ട് മറ്റുള്ളവർക്കും അറിയിപ്പ് നല്കുന്നതാണ്. എന്നാൽ, നബി(സ)തിരുമേനി ആ നിർദേശം ഇഷ്ടപ്പെട്ടില്ല. നിവേദകൻ പറയുന്നു: പിന്നെ നബി(സ)തിരുമേനിയോട് ശംഖ് മുഴുക്കാമെന്ന് പറയപ്പെട്ടു. ആ മഹാത്മാവ് അതും ഇഷ്ടപ്പെട്ടില്ല. അത് ജൂതൻമാരുടെ രീതിയാണെന്ന് അവിടന്ന് പറഞ്ഞു. നിവേദകൻ പറയുന്നു: പിന്നെ നബി(സ)തിരുമേനിയോട് നാഖൂസ്(മണി) മുഴക്കുന്നതിനെ കുറിച്ച് പറയപ്പെട്ടു. അവിടന്ന് പറഞ്ഞു: അത് ക്രൈസ്തവരുടെ രീതിയാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് മടങ്ങിപ്പോയി. നബി(സ)തിരുമേനിയുടെ ചിന്തകാരണത്താൽ അദ്ദേഹവും ചിന്താകുലനായിരുന്നു. ദുആ ചെയ്തു. പറയുന്നു, അദ്ദേഹത്തിന് സ്വപ്നത്തിൽ ബാങ്ക് കാണിക്കപ്പെട്ടു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് തന്നെ പറയുന്നു: ഞാൻ സ്വപ്നത്തിൽ ഒരാളെ കണ്ടു. അയാളുടെ കൈയിൽ ഒരു നാഖൂസ് ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: അല്ലയോ ദൈവദാസാ! ഈ നാഖൂസ് നീ വിൽക്കുന്നുണ്ടോ? അദ്ദേഹം ചോദിച്ചു: നീ ഇത് കൊണ്ട് എന്താണ് ചെയ്യുക? ഞാൻ പറഞ്ഞു: ഞങ്ങൾ ഇതുപയോഗിച്ച് നമസ്കാരത്തിന് ആളുകളെ വിളിച്ചുകൂട്ടും. അദ്ദേഹം പറഞ്ഞു: ഞാൻ ഇതിലും ഉത്തമമായ കാര്യം നിനക്ക് പറഞ്ഞ് തരട്ടെയോ? ഞാൻ പറഞ്ഞു: തീർച്ചയായും. ഹദ്റത്ത് അബ്ദുല്ലാഹ് പറയുന്നു: അയാൾ പറഞ്ഞു, എന്നാൽ, പറയുക. ബാങ്കിലെ വാക്കുകൾ അയാൾ ആവർത്തിച്ചു.

اَللّٰہُ اَکْبَرُ اَللّٰہُ اَکْبَرُ ☆ اَللّٰہُ اَکْبَرُ اَللّٰہُ اَکْبَرُ ☆

اَشْهَدُ اَن لَّااِلٰہَ اِلَّا اللّٰہُ ☆ اَشْهَدُ اَن لَّااِلٰہَ اِلَّا اللّٰہُ ☆

اَشْهَدُ اَنَّ مُحَمَّدًارَّسُوْلُ اللّٰہ ☆ اَشْهَدُ اَنَّ مُحَمَّدًارَّسُوْلُ اللّٰہ ☆

حَیَّ عَلَی الصَّلٰوۃ ☆ حَیَّ عَلَی الصَّلٰوۃ ☆

حَیَّ عَلَی الْفَلَاحُ ☆ حَیَّ عَلَی الْفَلَاحُ ☆

اَللّٰہُ اَکْبَرُ اَللّٰہُ اَکْبَرُ ☆ لَااِلٰہَ اِلَّا اللّٰہُ ☆

അതിന്റെ അർഥവും കുട്ടികൾക്കുവേണ്ടിയും നവമുസ്‌ലിമീംകൾക്കുവേണ്ടിയും പറയാം. അത് ഫലപ്രദമായിരിക്കും. അല്ലാഹു ഏറ്റവും വലിയവനാകുന്നു. ഇത് നാലുപ്രാവശ്യം പറയണം. ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്ന് രണ്ട് തവണ പറയണം. പിന്നീട് മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഇതും രണ്ട് തവണ പറയണം. പിന്നെ നമസ്കാരത്തിലേയ്ക്ക് വരിക, നമസ്കാരത്തിലേക്ക് വരിക? ഹയ്യ അലൽ ഫലാഹ് വിജയത്തിലേക്ക് വരിക, വിജയത്തിലേക്ക് വരിക. പിന്നെ അല്ലാഹു ഏറ്റവും വലിയനാകുന്നുവെന്ന് രണ്ട് പ്രാവശ്യം പറയണം. പിന്നെ അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ല എന്ന് പറയണം.

പിന്നീട് പറയുന്നു: ഈ വചനങ്ങൾ പറഞ്ഞതിന് ശേഷം ആ വ്യക്തി എന്നിൽനിന്ന് അല്പം പിന്നിലേക്ക് മാറി. എന്നിട്ട് പറഞ്ഞു: ഇനി നിങ്ങൾ നമസ്കാരം നിർവഹിക്കുന്നതിന് നില്ക്കുമ്പോൾ ഇങ്ങനെയും പറയുക, പിന്നെ ഇഖാമത്തിന്റെ വചനങ്ങൾ ചൊല്ലി.

اَللّٰہُ اَکْبَرُ اَللّٰہُ اَکْبَرُ ☆ اَشْهَدُ اَن لَّااِلٰہَ اِلَّا اللّٰہُ ☆

اَشْهَدُ اَنَّ مُحَمَّدًارَّسُوْلُ اللّٰہ ☆ حَیَّ عَلَی الصَّلٰوۃ ☆

حَیَّ عَلَی الْفَلَا حُ ☆ قَدْ قَامَةِ الصّلٰوۃ ☆

قَدْ قَامَةِ الصّلٰوۃ ☆ اَللّٰہُ اَکْبَرُ اَللّٰہُ اَکْبَرُ ☆ لَااِلٰہَ اِلَّا اللّٰہُ ☆

പറയുന്നു: നേരം വെളുത്തപ്പോൾ നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഞാൻ ഹാജരായി. ഞാൻ കണ്ടതെല്ലാം വിവരിച്ചു. നബി(സ) പറഞ്ഞു: തീർച്ചയായും അല്ലാഹു ഉദ്ദേശിക്കുന്നതായാൽ ഇത് സത്യമായ സ്വപ്നമാകുന്നതാണ്. നീ ബിലാലിനോടൊപ്പം നില്ക്കുക. നീ കണ്ടത് പറഞ്ഞ് കൊണ്ടിരിക്കുക. അദ്ദേഹം ഈ വചനങ്ങളിൽ ബാങ്ക് നല്കട്ടെ. അങ്ങനെ ഞാൻ ബിലാലിനോടൊപ്പം നിന്നു. ഞാൻ പറഞ്ഞ് കൊണ്ടിരുന്നു. അദ്ദേഹം അതനുസരിച്ച് ബാങ്ക് കൊടുത്തുകൊണ്ടിരുന്നു. നിവേദകൻ പറയുന്നു: തന്റെ വീട്ടിൽ നില്ക്കുമ്പോഴാണ് ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ) ഈ ബാങ്ക് കേൾക്കുന്നത്. അദ്ദേഹം തന്റെ പുതപ്പ് വലിച്ചിഴച്ച് പുറത്തുവന്നു. പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങയെ സത്യത്തോടുകൂടി അയച്ച അല്ലാഹുവിനെക്കൊണ്ട് സത്യം! അദ്ദേഹം കണ്ടത് ഞാനും കണ്ടിരിക്കുന്നു. ഇതുകേട്ട് നബി(സ)തിരുമേനി പറഞ്ഞു: ‘സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു.’ മറ്റൊരു നിവേദനത്തിൽ വരുന്നു, നബി(സ)തിരുമേനി ബാങ്കിന്റെ വചനങ്ങൾ കേട്ടപ്പോൾ പറഞ്ഞു: ‘ഇതിനെ സംബന്ധിച്ച് വെളിപാടും ലഭിച്ചിരിക്കുന്നു.’(സുനൻ അബീദാവൂദ്, കിതാബുസ്സ്വലാത്ത്, ബാബു ബദഉൽ അദാൻ, ഹദീഥ് 498, ബാബു കയ്ഫൽ അദാൻ, ഹദീഥ് 499).

മറ്റൊരു നിവേദനത്തിൽ ഇവിടെ ഈ വാക്കുകൾ ലഭിക്കുന്നുണ്ട്. അതുകേട്ട് നബി(സ)തിരുമേനി പറഞ്ഞു: ‘സർവസ്തുതിയും അല്ലാഹുവിനാകുന്നു.’ ഇക്കാര്യമാണ് പ്രബലമായിട്ടുള്ളത്. (ജാമിഉത്തുർമുദി, കിതാബുസ്സ്വലാത്ത്, ബാബു മാജാഅ ഫീ ബദഉൽ അദാൻ, ഹദീഥ് 189)

ഇതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) വിവിധ ചരിത്രങ്ങളിൽനിന്നെടുത്ത് ചില കാര്യങ്ങൾ കൂടുതൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹം വിവരിക്കുന്നു:

ഇതുവരെ നമസ്കാരത്തിന് വിളംബരമോ ബാങ്കോ ഒന്നുമുണ്ടായിരുന്നില്ല. സ്വഹാബത്ത് നേരം അനുമാനിച്ച് നേരിട്ട് നമസ്കാരത്തിന് സംഘടിപ്പിക്കുകയായിരുന്നു. പക്ഷേ, ഈ അവസ്ഥ സമാധാനം നല്കുന്നതായിരുന്നില്ല. മസ്ജിദ് നബ്വി തയ്യാറായതോടെ, മുസ്‌ലിംകളെ നമസ്കാര നേരത്ത് എങ്ങനെ സംഘടിപ്പിക്കും എന്ന പ്രശ്നം കൂടുതൽ അനുഭവപ്പെട്ടു തുടങ്ങി. ഏതോ സ്വഹാബി ക്രിസ്ത്യാനികളെപോലെ ശംഖ് മുഴക്കാമെന്ന് അഭിപ്രായപ്പെട്ടു. ആരോ യഹൂദിയുടെ മാതൃകയിൽ വാദ്യത്തെക്കുറിച്ച് പറഞ്ഞു. ചിലർ മറ്റു ചിലത് പറഞ്ഞു. എന്നാൽ, ഹദ്റത്ത് ഉമർ(റ) അഭിപ്രായപ്പെട്ടു: ‘നമസ്കാരസമയമായാൽ അത് വിളിച്ചുപറയുന്നതിന് ഏതെങ്കിലും ആളെ നിശ്ചയിക്കുക.’ നബി(സ) തിരുമേനിക്ക് ആ അഭിപ്രായം ഇഷ്ടപ്പെട്ടു. (ബാങ്കിനു മുമ്പേ ഹദ്റത്ത് ഉമറിന്റെ ഒരു അഭിപ്രായം ഇതായിരുന്നു) ഈ നിർബന്ധകടമ നിറവേറ്റാൻ ഹദ്റത്ത് ബിലാൽ കല്പിക്കപ്പെട്ടു. അങ്ങനെ നമസ്കാര സമയമാകുമ്പോൾ ഹദ്റത്ത് ബിലാൽ(റ) ഉച്ചത്തിൽ ‘അസ്സ്വലാത്ത് ജാമിഅത്തുൻ’ എന്ന് പറഞ്ഞ് ആളുകളെ വിളിക്കാറുണ്ടായിരുന്നു. ആളുകൾ അങ്ങനെ ഒത്തുചേരും. നമസ്കാരത്തിനു പുറമെ ഏതെങ്കിലും കാര്യത്തിന് ജനങ്ങളെ സംഘടിപ്പിക്കുമായിരുന്നെങ്കിലും ഇങ്ങനെതന്നെയായിരുന്നു വിളംബരം ചെയ്തിരുന്നത്. കുറച്ചുകാലം കഴിഞ്ഞപ്പോൾ (പിന്നീട് വരുന്നത് നേരത്തെ പറഞ്ഞ കാര്യം തന്നെയാണ്) ഒരു സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് അൻസ്വാരിക്ക് സ്വപ്നത്തിലൂടെ നിലവിലുള്ള ബാങ്കിന്റെ വാക്കുകൾ പഠിപ്പിക്കപ്പെട്ടു. അദ്ദേഹം താൻ കണ്ട സ്വപ്നം നബി(സ)തിരുമേനിയോട് പറഞ്ഞു. ഞാൻ സ്വപ്നത്തിൽ ഒരാളെ ബാങ്ക് എന്ന നിലയിൽ ഇന്നയിന്ന വാക്കുകൾ വിളിച്ചുപറയുന്നതായി കണ്ടു. നബി(സ)തിരുമേനി പറഞ്ഞു: ‘ഈ സ്വപ്നം അല്ലാഹുവിൽനിന്നുള്ളതാണ്. ബിലാലിനെ അത് പഠിപ്പിക്കുവാൻ അബ്ദുല്ലായ്ക്ക് കല്പന നല്കി. എഴുതുന്നു: ബിലാൽ ഈ വാക്കുകളിൽ ആദ്യമായി ബാങ്ക് കൊടുത്തപ്പോൾ ഹദ്റത്ത് ഉമർ(റ) അതുകേട്ട് വേഗം വേഗം നബി(സ)തിരുമേനിയുടെ അടുത്തുവന്ന് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ബിലാൽ ഏതൊരു വാക്കുകളിലൂടെയാണോ ഇന്ന് ബാങ്ക് കൊടുത്തത് അതേ വാക്കുകൾ ഞാനും സ്വപ്നത്തിൽ കണ്ടിരുന്നു.’ ഒരു നിവേദനത്തിൽ ഇങ്ങനെയാണുള്ളത്. നബി(സ)തിരുമേനി ബാങ്കിന്റെ വാക്കുകൾ കേട്ടപ്പോൾ പറഞ്ഞു “അതനുസരിച്ച് വഹ്‌യും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു” (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ., പേജ് 271–272)

ബശീർ ബിൻ മുഹമ്മദ് തന്റെ പിതാവിൽനിന്ന് വിവരിക്കുന്നു: ‘ബാങ്ക്സ്വപ്നത്തിൽ കാണിക്കപ്പെട്ട ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ്, തന്റെ ധനം മുഴുവൻ സ്വദഖ ചെയ്തു. അതു കൂടാതെ ഒന്നും അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നില്ല. മുഴുവൻ സ്വത്തും ദാനമായി നല്കി. അദ്ദേഹവും അദ്ദേഹത്തിന്റെ മകനും അതുകൊണ്ടാണ് കഴിഞ്ഞിരുന്നത്. അവരുടെ ജീവിതമാർഗം അതായിരുന്നു. ഉണ്ടായിരുന്ന സ്വത്തെല്ലാം നബി(സ)തിരുമേനിയെ ഏല്പിച്ചു. ഈ സ്വത്ത് ഏല്പിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പിതാവ് നബി(സ) തിരുമേനിയുടെ സന്നിധിയിൽ വന്ന് പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ! അബ്ദുല്ലാഹ് ബിൻ സയ്ദ് തന്റെ ധനം മുഴുവൻ സ്വദഖ ചെയ്തിരിക്കുന്നു. അവൻ അതുമുഖേനയാണ് ജീവിച്ചിരുന്നത്.’ അപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിനെ വിളിപ്പിച്ചു. പറഞ്ഞു: ‘തീർച്ചയായും അല്ലാഹു നിന്നിൽനിന്ന് നിന്റെ സ്വദഖ സ്വീകരിച്ചിരിക്കുന്നു. അല്ലാഹുവിനുവേണ്ടി ഉപേക്ഷിച്ചത് അല്ലാഹു സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഇത് അനന്തരാവകാശമെന്ന നിലയിൽ നിന്റെ മാതാപിതാക്കൾക്ക് തിരിച്ചു നല്കുക.’ ബശീർ പറയുന്നു: ‘പിന്നീട് ഞങ്ങൾ അതിനെ അനന്തരാവകാശത്തിൽ കണ്ടു. അതായത് പിന്നീട് അദ്ദേഹത്തിന്റെ മക്കൾ ഇപ്രകാരം അതിൽനിന്ന് ഓഹരിയെടുത്തു.’(മഅ്രിഫത്തുസ്സ്വഹാബ ലി അബീനഈമുൽ അസ്ബഹാനീ, വാള്യം 3, പേജ് 149, അബ്ദുല്ലാ ബിൻ സയ്ദ്, ഹദീഥ് 4172, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2002)

ഒരു അവസരത്തിൽ നബി(സ)തിരുമേനി ഹദ്

റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന് തന്റെ നഖം തബർറുക് (അനുഗ്രഹദായവസ്തു) എന്ന നിലയിൽ നല്കുകയുണ്ടായി. അതിന്റെ വിശദീകരണം ഇപ്രകാരമാണ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന്റെ മകൻ മുഹമ്മദ് വിവരിക്കുന്നു: അദ്ദേഹത്തിന്റെ പിതാവ് നബി(സ)തിരുമേനിയോടൊപ്പം ഹജ്ജത്തുൽ വിദായുടെ സന്ദർഭത്തിൽ മിനായുടെ മൈതാനത്തെ 'മൻഹർ' അഥവാ ബലിസ്ഥലിയിൽ ബലി അറുക്കുന്ന സമയം ഹാജരായിരുന്നു. അദ്ദേഹത്തിനോടൊപ്പം അൻസ്വാറുകളിൽപ്പെട്ട ഒരാൾ കൂടിയുണ്ടായിരുന്നു. നബി(സ)തിരുമേനി മാംസം വിതരണം ചെയ്തു. എന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന അൻസ്വാർ സഹോദരനും ഒന്നും ലഭിച്ചില്ല. പിന്നീട് നബി(സ)തിരുമേനി തന്റെ കേശം ഒരു തുണിയിൽ വടിച്ചിട്ടു. അത് ആളുകളിൽ വിതരണം ചെയ്തു. പിന്നെ അവിടന്ന് തന്റെ നഖം മുറിച്ചു. അത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിനും അദ്ദേഹത്തിന്റെ അൻസ്വാരിയായ സുഹൃത്തിനും നല്കുകി.'(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 406, അബ്ദുല്ലാഹ് ബിൻ സയ്ദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ആഇശായിൽനിന്ന് നിവേദനം: ഒരാൾ നബി(സ) തിരുമേനിയുടെ അടുത്തുവന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്! തീർച്ചയായും അങ്ങ് എനിക്ക് എന്നെക്കാൾ കൂടുതൽ പ്രിയങ്കരനാണ്. തീർച്ചയായും അങ്ങ് എനിക്ക് എന്റെ കുടുംബത്തെക്കാളേറെ പ്രിയങ്കരനാണ്. തീർച്ചയായും അങ്ങ് എനിക്ക് എന്റെ മക്കളെക്കാളും പ്രിയങ്കരനാണ്. ഞാൻ വീട്ടിലിരുന്ന് അങ്ങയെ ഓർക്കുകയായിരുന്നു. എനിക്ക് ക്ഷമിക്കാൻ കഴിഞ്ഞില്ല. ഞാൻ ഓടി അങ്ങയുടെ സന്നിധിയിൽ ഹാജരായിരിക്കുന്നു. ഇപ്പോൾ ഞാൻ അങ്ങയെ കണ്ടുകൊണ്ടിരിക്കുന്നു. എനിക്ക് എന്റെയും അങ്ങയുടെയും മരണം ഓർമവരുമ്പോൾ അങ്ങ് സ്വർഗത്തിൽ പ്രവേശിക്കുമെന്ന് എനിക്കറിയാം, മറ്റു പ്രവാചകന്മാരോടൊപ്പം അങ്ങയുടെ ഉയർത്തലുണ്ടാകും; ഞാൻ സ്വർഗത്തിൽ പ്രവേശിക്കുമ്പോൾ അങ്ങയെ അവിടെ കാണുകയില്ലേ എന്ന് ഞാൻ ഭയപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് മറുപടിയൊന്നും പറഞ്ഞില്ല. അങ്ങനെ ജിബ്രീൽ ഈ ഖുർആൻ വചനവും കൊണ്ടിറങ്ങി. *വമൻ യ്യുത്വിഇല്ലാഹ വർറസൂല ഫ ഉലാഇക്ക മഅല്ലദീന അൻഅമല്ലാഹു അലയ്ഹിം മ്മിന നൻബിയ്യീന വസ്സിദ്ദീഖീന വ ശ്ശുഹദാഇ വസ്സാലിഹീൻ* (4:70)

വല്ലവരും അല്ലാഹുവിനേയും ഈ ദൂതനേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സത്യദൂതന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ. (തഫ്സീർ, ഇബ്നുഖദീർ, വാള്യം 2, പേജ് 311, അന്നിസാ 69, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1998)

നബി(സ)തിരുമേനിയെ അനുധാവനം ചെയ്യുന്നതിലൂടെ ശരീഅത്തില്ലാത്ത പ്രവാചകത്വമുണ്ടാകാമെന്ന് ഈ ആയത്തിലൂടെ നമ്മൾ തെളിയിക്കാറുണ്ട്. അവിടത്തെ അനുധാവനത്തിലൂടെ ഒരാൾക്ക് സ്വാലിഹിയ്യത്തിന്റെ പദവിയിൽനിന്ന് അഭിവൃദ്ധിപ്പെട്ട് നുബുവ്വത്തിന്റെ സ്ഥാനംവരെ എത്താവുന്നതാണ്. എന്തായാലും നുബുവ്വത്തിന്റെ സ്ഥാനം ശരീഅത്തില്ലാത്ത നുബുവ്വത്താണെങ്കിൽപ്പോലും നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇത് വളരെ വലിയ സ്ഥാനമാണ്. അല്ലാഹു ഇച്ഛിക്കുന്നവർക്ക് അത് നല്കുന്നു. ആഗതരാകുന്ന വാഗ്ദത്ത മസീഹിനെ കുറിച്ച് നബി(സ)തിരുമേനി തന്നെ 'നബിയുല്ലാഹ്' എന്ന വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. (സ്വഹീഹ് മുസ്ലിം, കിതാബുൽഫിതൻ, ബാബ് ദിക്റുൽദജ്ജാൽ, ഹദീഥ് 2937)

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നമ്മൾ നബി(സ)തിരുമേനിയുടെ ദാസത്വത്തിലുള്ള ശരീഅത്തില്ലാത്ത നബിയായി വിശ്വസിക്കുന്നു. ഇതുകൊണ്ട് നബി(സ) തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിന് ഒരു പോറലുമേല്ക്കുകയില്ല. എന്നല്ല അദ്ദേഹത്തിന്റെ പദവി ഉയരുകയാണ് ചെയ്യുന്നത്. ഇനി നുബുവ്വത്തും അവിടത്തെ ദാസത്വത്തിൽ മാത്രമേ ലഭിക്കുകയുള്ളൂ. ഈ അർഥം നമ്മൾ മാത്രമല്ല പറയുന്നത്. മറിച്ച്, മുൻകാലങ്ങളിൽ ജീവിച്ചിരുന്ന മഹാത്മാക്കളും ഈ അർഥം ചെയ്തിട്ടുണ്ട്. ഇമാം റാഗിബും ഇതിന് ഈ അർഥമാണ് നല്കിയിട്ടുള്ളത്; നബി(സ) തിരുമേനിക്കുശേഷം ശരീഅത്തില്ലാത്ത നബി അവിടത്തെ അനുധാവനത്തിൽ വരാവുന്നതാണ്.' (തഫ്സീർ ബഹ്റുൽ മുഹീത്, ഭാഗം 3, പേജ് 299, അന്നിസാ 69, ദാറുൽ കുതുബുൽ ഇൽമിയ്യാ ബേറൂത്ത് 2010)

അല്ലാമ സർഖാനീ എഴുതുന്നു: 'വിവിധ തഫ്സീർ ഗ്രന്ഥങ്ങളിൽ, ഈ സംഭവം നബി(സ)തിരുമേനിയുടെ ദാസനായ ഹദ്റത്ത് ഥൗബാനെ സംബന്ധിച്ച് ലഭിക്കുന്നുണ്ട്. 'തഫ്സീർ യൻബു ഉൽഹയാത്തിൽ' മഖാത്തൽ ബിൻ സുലയ്മാനെ ഉദ്ധരിച്ച് എഴുതിയിരിക്കുന്നു: 'ഇത് അബ്ദുല്ലാഹ് ബിൻ സയ്ദ് അൻസ്വാരിയാണ്. അദ്ദേഹമാണ് സ്വപ്നത്തിൽ ബാങ്ക് കണ്ടത്.' അല്ലാമ സർഖാനി എഴുതുന്നു: 'ഇക്കാര്യം ശരിയാണെങ്കിൽ അത് രണ്ടുപേരും നബി(സ) തിരുമേനിയോടു പറഞ്ഞിട്ടുണ്ടാകും. അപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്. ഇത്തരം കാര്യം നബി(സ) തിരുമേനിയോട് പല സുഹൃത്തുക്കളും പറഞ്ഞതായും കാണുന്നുണ്ട്.' (ശർഹ് സർഖാനീ അലൽമവാഹിബുല്ലദ്ദുനിയ, ഭാഗം 12, പേജ് 417–418 ഖാതിമത്, ദാറുൽ കതുജൽ ഇൽമിയ്യ ബേറൂത്ത് 1996)

മുമ്പേ പറഞ്ഞ സംഭവത്തിനു പുറമെ തഫ്സീറുകളിൽ ഹദ്റത്ത് ഥൗബാന്റെ സംഭവം മറ്റു വാക്കുകളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്. ഹദ്റത്ത് ഥൗബാന് നബി(സ) തിരുമേനിയോടു അതിയായ സ്നേഹമായിരുന്നു. നബി(സ)തിരുമേനിയിൽനിന്നുള്ള അകൽച്ച അദ്ദേഹത്തിന് സഹിക്കുമായിരുന്നില്ല. ഒരു ദിവസം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ അദ്ദേഹം വിളറിയിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് ദുഃഖത്തിന്റെ ലക്ഷണം പ്രകടമായിരുന്നു. അപ്പോൾ നബി(സ) തിരുമേനി ചോദിച്ചു: 'എന്തു കാരണത്താലാണ് താങ്കൾ വിളറിയിരിക്കുന്നത്?' ഹദ്റത്ത് ഥൗബാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! എനിക്ക് ഒരു അസുഖവുമില്ല, ഒരു രോഗവുമില്ല; അങ്ങയെ കാണാതിരിക്കുന്നതല്ലാതെ. അതായത് കുറച്ചുകാലം കണ്ടിരുന്നില്ല. അതുകൊണ്ട് എനിക്ക് അതിയായ വിഷമമുണ്ടായിരിക്കുന്നു; അങ്ങയെ കാണുന്നതുവരെ. ഇപ്രകാരംതന്നെ എനിക്ക് പരലോക വിചാരമുണ്ടാകുമ്പോൾ എനിക്ക് വീണ്ടും ഭയമുണ്ടാകുന്നു; എനിക്ക് അങ്ങയെ കാണാൻ പറ്റില്ലല്ലോ. കാരണം അങ്ങയെ മറ്റു പ്രവാചകന്മാരോടൊപ്പം ഉയർത്തിക്കൊണ്ടുപോകുമല്ലോ. ഞാൻ സ്വർഗത്തിൽ പോയാൽതന്നെ എന്റെ സ്ഥാനം അവിടെ അങ്ങയുടെ സ്ഥാനത്തേക്കാൾ വളരെ ചെറുതായിരിക്കും. എനിക്ക് സ്വർഗത്തിൽ പോകാൻ കഴിഞ്ഞില്ലെങ്കിൽ പിന്നീടൊരിക്കലും അങ്ങയെ കാണാൻ സാധിക്കുകയില്ല. (തഫ്സീറുൽ ബശ്‌വി, ഭാഗം 1, പേജ് 450, അന്നിസാ 69, താലീഫാത്തെ അശ്റഫിയ, മുൽത്താൻ, പാക്കിസ്താൻ, 1425 ഹിജറ)

അല്ലാമ സർഖാനി എഴുതുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് തന്റെ തോട്ടത്തിൽ ജോലി ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. അബ്ദുല്ലാഹ് ബിൻ സയ്ദിനെ സംബന്ധിച്ച് വീണ്ടും ചർച്ച തുടങ്ങുകയാണ്. അദ്ദേഹത്തിന്റെ മകൻ അദ്ദേഹത്തിന്റെ അടുത്തു വന്നു. നബി(സ)തിരുമേനി വഫാത്തായി എന്ന വിവരം അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:

اَللّٰهُمَّ اَذْهَبْ بَصْرِىْ حَتّٰى لَا اَرٰى بَعْدَ حَبِيْبِىْ مُحَمَّدً اَحَدًا۔

'അല്ലാഹുവേ! എന്റെ പ്രിയങ്കരനായ മുഹമ്മദ്(സ)ന് ശേഷം ആരെയും കാണാതിരിക്കുന്നതിന് നീ എന്റെ കാഴ്ച എടുത്ത് കളഞ്ഞാലും.' അതിനുശേഷം ശർഹ് സർഖാനിയിലെഴുതുന്നു: അദ്ദേഹം പറയുകയാണ്, അതിനു ശേഷം അദ്ദേഹത്തിന്റെ കാഴ്ച മങ്ങിക്കൊണ്ടിരിക്കുകയും അവസാനം അന്ധനായി തീരുകയും ചെയ്തു.(ശർഹ് സർഖാനീ അലൽമവാഹിബിദ്ദുൻയാ, ഭാഗം 9, പേജ് 84–85, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ് ബേറൂത്ത് 1996)

അദ്ദേഹത്തിന്റെ മരണത്തെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: അദ്ദേഹത്തിന്റെ മരണത്തെ സംബന്ധിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ചിലർ പറയുന്നത് ഉഹുദ് യുദ്ധത്തിനുശേഷം വഫാത്തായെന്നാണ്. പക്ഷേ, ഭൂരിഭാഗവും അഭിപ്രായപ്പെടുന്നത് അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നുവെന്നാണ്. അദ്ദേഹത്തിന്റെ മരണം ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്തിന്റെ അവസാന ഘട്ടത്തിൽ ഹിജ്റ 32–ൽ മദീനയിലായിരുന്നു. കണ്ണിന് കാഴ്ച നഷ്ടപ്പെട്ട സംഭവം ശരിയാണെന്ന് വരുമ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിന്റെ അവസാനം വഫാത്തായി എന്നാണ് തോന്നുന്നത്. അപ്പോൾ അദ്ദേഹത്തിന് 64 വയസായിരുന്നു. അദ്ദേഹത്തിന്റെ ജനാസ ഹദ്റത്ത് ഉഥ്മാൻ(റ)ആണ് നമസ്കരിപ്പിച്ചത്.(അൽ മുസ്തദർക്ക് അല സ്സഹീഹയ്ൻ ലിൽഹാക്കിമി, വാള്യം 5, പേജ് 406, അബ്ദുല്ലാഹ് ബിൻ സയ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

**ഹദ്റത്ത് മുആദ് ബിൻ അംറ് ബിൻ ജമൂഹ് (റ):** ഹദ്റത്ത് മുആദ് ബിൻ അംറ് ബിൻ ജമൂഹ് (റ)ന്റെ ബന്ധം ബനൂ ഖസ്റജിന്റെ ശാഖയായ ബനൂ സൽമയുമായിട്ടായിരുന്നു. അദ്ദേഹം രണ്ടാം അഖബ ബയ്അത്തിലും ബദ്ർ, ഉഹുദ് യുദ്ധങ്ങളിലും പങ്കെടുത്തു. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അംറ് ബിൻ ജമൂഹ്, നബി(സ)തിരുമേനിയുടെ സ്വഹാബിയായിരുന്നു. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. മാതാവിന്റെ പേര് ഹിന്ദ് ബിൻത് അംറ് എന്നായിരുന്നു. മൂസാബിൻ ഉഖ്ബയുടേയും അബൂമഅ്ശറിന്റേയും മുഹമ്മദ് ബിൻ അംറ് വാഖിദിയുടേയും അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ സഹോദരൻ മുഅവ്വിദ് ബിൻ അംറും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് ഥുബയ്ത്ത ബിൻത് അംറ് എന്നായിരുന്നു. അവർ ബനൂ ഖസ്റജിന്റെ ശാഖയായ ബനൂ സാഇദായിൽ നിന്നുള്ളവരായിരുന്നു. അവരിൽനിന്ന് അദ്ദേഹത്തിന് ഒരു മകനും ഒരു മകളുമുണ്ടായി; മകൻ അബ്ദുല്ലാഹ് മകൾ ഉമാമ.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 426–427, മുആദ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അസ്സീറത്തുന്നബ് വിയ്യ ലിഇബ്നി കഥീർ പേജ് 197, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

ഹദ്റത്ത് മുആദ് രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. പക്ഷേ, പിതാവ് അംറ് ബിൻ ജമൂഹ് തന്റെ ബഹുദൈവവിശ്വാസത്തിൽ ശക്തമായി ഉറച്ചു നിന്നു. സീറത്ത് ഇബ്നു ഹിശാമിൽ ഹദ്റത്ത് മുആദിന്റെ പിതാവ് ഇസ്ലാം സ്വീകരിച്ച സംഭവം വിവരിക്കുന്നുണ്ട്. ഒരു വർഷമായിട്ടുണ്ടാകും ഞാൻ അദ്ദേഹത്തിന്റെ സംഭവവും അല്പം വിവരിച്ചിരുന്നു. രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്ത് മദീനയിൽ തിരിച്ചെത്തിയ ആളുകൾ ഇസ്ലാമിനെ വേണ്ടുവോളം പ്രചരിപ്പിച്ചു. അവരുടെ സമൂഹത്തിലെ ചില പ്രായം ചെന്നവർ അവരുടെ പഴയ മതത്തിൽ തന്നെ ഉറച്ച് നിന്നു. അവരിൽ ഒരാൾ അംറ് ബിൻ ജമൂഹുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ മുആദ് ബിൻ അംറ് രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. ആ അവസരത്തിൽ അദ്ദേഹം നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്തു. അംറ് ബിൻ ജമൂഹ് ബനൂ സലമയുടെ നേതാക്കളിൽപ്പെട്ട ആളായിരുന്നു. അവരുടെ മഹാത്മാക്കളിൽ ഒരു മഹാത്മാവായിരുന്നു. അദ്ദേഹം തന്റെ വീട്ടിൽ മരത്തിന്റെ ഒരു ബിംബം ഉണ്ടാക്കി വെച്ചിരുന്നു. അത് 'മനാത്ത്'

എന്നാണ് പറയപ്പെട്ടിരുന്നത്. അതിനെ ആരാധ്യ വസ്തുവാക്കുകയും പവിത്രമാക്കി വെക്കുകയും ചെയ്തിരുന്നു. രണ്ടാം അഖബയിൽ പങ്കെടുത്ത് ഇസ്‌ലാം സ്വീകരിച്ച ബനൂസലമയിലെ ചില യുവാക്കളായ ഹദ്റത്ത് മുആദ് ബിൻ ജബലും അംറ് ബിൻ ജമൂഹിന്റെ മകൻ ഹദ്റത്ത് മുആദ് ബിൻ അംറ് ബിൻ ജമൂഹും രാത്രിയിൽ അംറ് ബിൻ ജമൂഹിന്റെ വിഗ്രഹാലയത്തിൽ കടന്ന് ആ വിഗ്രഹത്തെ എടുത്തുകൊണ്ടുവരികയും ചപ്പ്ചവറുകൾ ഇടുന്നതിനുവേണ്ടി ബനൂസലമ എടുത്തിരുന്ന കുഴിലേയ്ക്ക് വലിച്ചെറിയുകയും ചെയ്തു. രാവിലെ അംറ് ഉണർന്നപ്പോൾ 'രാത്രിയിൽ നമ്മുടെ ആരാധ്യ വസ്തുവിനോട് ശത്രുത കാണിച്ചവന് നാശം ഉണ്ടാവട്ടെ എന്നു പറഞ്ഞു.' പിന്നെ അത് അന്വേഷിച്ച് പുറപ്പെട്ടു. അങ്ങനെ അത് ലഭിച്ചപ്പോൾ കഴുകി വൃത്തിയാക്കി. എന്നിട്ട് അതിനോടു പറഞ്ഞു: 'ദൈവത്തെ കൊണ്ട് സത്യം! നിന്നോട് ആരാണ് ഇപ്രകാരം ചെയ്തെന്ന് ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ അവനെ തീർച്ചയായും ഞാൻ അപമാനിതനാക്കുമായിരുന്നു. അടുത്ത് ദിവസവും രാത്രി അംറ് ഉറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ മകൻ അതെ കാര്യം വീണ്ടും ചെയ്തു. ഒരു ദിവസം രാത്രി അദ്ദേഹം തന്റെ വാൾ അതിന്റെ കഴുത്തിൽ തൂക്കിയിട്ടുകൊണ്ടു പറഞ്ഞു: 'അല്ലാഹുവാണ! തീർച്ചയായും നിന്നോട് ഇപ്രകാരം ചെയ്യുന്നത് ആരാണെന്ന് എനിക്ക് അറിയില്ല. അതുകൊണ്ട് നിനക്ക് വല്ല ശക്തിയും ഉണ്ടെങ്കിൽ നീ തന്നെ അത് തടയുക.' ബിംബത്തിന്റെ

അടുത്ത് വാൾ വെച്ചു. വൈകുന്നേരമായപ്പോൾ അംറ് ഉറങ്ങി. അപ്പോൾ അദ്ദേഹത്തിന്റെ മകൻ ഉൾപ്പെടെയുള്ള ആ യുവാക്കൾ ആ ബിംബത്തോടു അതു തന്നെ ആവർത്തിച്ചു. അതിന്റെ കഴുത്തിൽനിന്ന് ആ വാളെടുത്തു. ഒരു ചത്ത പട്ടിയെ എടുത്ത് ആ ബിംബത്തോടൊപ്പം കെട്ടി. ബനൂ സലമയുടെ ഒരു പഴയ കിണറ്റിൽ എടുത്തെറിഞ്ഞു. അതിൽ ചപ്പുചവറുകളും മറ്റും ഇടുമായിരുന്നു. രാവിലെ അംറ് ബിൻ ജമൂഹ് ഉണർന്നു. ആ വിഗ്രഹം വെക്കാറുണ്ടായിരുന്ന സ്ഥലത്ത് അത് കണ്ടില്ല. അതിനെ അന്വേഷിച്ച് പുറപ്പെട്ടു. അങ്ങനെ ഒരു കിണറിൽ ഒരു ചത്ത നായയോടൊപ്പം ബന്ധിക്കപ്പെട്ട നിലയിൽ അത് മുഖവും കുത്തി കിടക്കുന്നത് കണ്ടു. ആ ദൃശ്യം കണ്ടയുടൻ അദ്ദേഹത്തിന് യാഥാർഥ്യം മനസ്സിലായി. അദ്ദേഹത്തിന്റെ സമൂഹത്തിലെ മുസ്‌ലിമീംകൾ അദ്ദേഹത്തോട് ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് സംസാരിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്ങനെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു.' (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നിഹിശാം, പേജ് 207–208, ഖിസ്സ്വ സ്വനം അംറ് ബിൻ അൽജമൂഹ്, ദാറു ഇബ്നു ഹസം ബേറൂത്ത് 2009)

ഇബ്നുഹിശാമിന്റെ സീറത്തിൽ ഈ സംഭവം എഴുതിയിരിക്കുന്നത് ബിംബത്തിന് വാളുകൊണ്ടും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല, അപ്പോൾ അത്തരം ദൈവത്തെ പൂജിക്കുന്നതുകൊണ്ട് എന്തു ഫലം എന്നാണ്.

അബൂ ജഹലിനെ കൊലപ്പെടുത്തിയവരിൽ ഹദ്റത്ത് മുആദ് ബിൻ അംറ് ബിൻ ജമൂഹും ഉൾപ്പെടുന്നു. ബുഖാരിയുടെ നിവേദനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: സ്വാലിഹ് ബിൻ ഇബ്റാഹീം തന്റെ പിതാമഹൻ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞാൻ ബദ്ർ യുദ്ധത്തിൽ അണിയിൽ നില്ക്കുകയായിരുന്നു. ഞാൻ എന്റെ ഇടവും വലവും ദൃഷ്ടി പായിച്ചപ്പോൾ എന്താണ് കാണുന്നത്? ചെറുപ്രായത്തിലുള്ള രണ്ടു അൻസ്വാരി കുട്ടികൾ! ഇവരെക്കാൾ കൂടുതൽ യുവത്വമുള്ളവരുടേയും ചുറുചുറുക്കുള്ളവരുടേയും ഇടയിലായിരുന്നു ഞാനെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി! ഇത്രയുമായപ്പോൾ അവരിലൊരാൾ എന്റെ കൈ അമർത്തിക്കൊണ്ടു ചോദിച്ചു: പിതൃവ്യാ! അങ്ങ് അബൂജഹ്‌ലിനെ തിരിച്ചറിയുമോ? ഞാൻ പറഞ്ഞു, അറിയും! അറിഞ്ഞതുകൊണ്ട് നിങ്ങൾക്കെന്താണ് ചെയ്യാൻ കഴിയുക? അവൻ പറഞ്ഞു, നബി(സ) തിരുമേനിയെ അയാൾ ചീത്തവിളിക്കാറുണ്ടെന്ന് എന്നോടു പറയപ്പെട്ടിട്ടുണ്ട്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഞാൻ അയാളെ കണ്ടാൽ ഞങ്ങളിരുവരിൽ കാലം മുമ്പേ വിധിക്കപ്പെട്ടിട്ടുള്ള അയാൾ മരിക്കുവോളം എന്റെ കണ്ണ് അയാളുടെ കണ്ണിൽനിന്ന് വേറിടുകയില്ല. ഞാൻ അതുകേട്ട് അത്ഭുതപ്പെട്ടു. പിന്നീട് രണ്ടാമത്തയാൾ എന്റെ കൈ അമർത്തി. അവനും എന്നോടു അങ്ങനെതന്നെ ചോദിച്ചു. അല്പം സമയമേ കഴിഞ്ഞിട്ടുണ്ടാകുകയുള്ളു ഞാൻ അബൂജഹ്ൽ ജനങ്ങളിൽ ചുറ്റിക്കറങ്ങുന്നതുകണ്ടു. ഞാൻ പറഞ്ഞു, നിങ്ങൾ എന്നോടു ചോദിച്ച നിങ്ങളുടെ കൂട്ടുകാരൻ അയാളാണ്. ഇതുകേട്ടപാടെ അവരിരുവരും തങ്ങളുടെ വാളുകളെടുത്തു. അയാളിലേക്ക് ചാടിവീഴുകയും ഇരുവരും ആക്രമിച്ച് അയാളെ വധിക്കുകയും ചെയ്തു. പിന്നീട് അവരിരുവരും നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. നബിയെ വിവരം അറിയിച്ചു. നിങ്ങളിലാരാണ് അയാളെ വധിച്ചതെന്ന് നബി(സ)തിരുമേനി ചോദിച്ചു. താനാണ് അയാളെ വധിച്ചതെന്ന് ഇരുവരും പറഞ്ഞു. നിങ്ങൾ നിങ്ങളുടെ വാള് തുടച്ച് വൃത്തിയാക്കിയോ എന്ന് നബി(സ)തിരുമേനി ചോദിച്ചു. ഇല്ലെന്ന് അവർ പറഞ്ഞു. നബി(സ)തിരുമേനി വാളുകൾ കണ്ടുകൊണ്ടു പറഞ്ഞു, നിങ്ങൾ രണ്ടുപേരും തന്നെയാണ് അയാളെ വധിച്ചത്. അയാളുടെ യുദ്ധമുതൽ മുആദ് ബിൻ അംറ് ബിൻ ജമൂഹിന് ലഭിക്കുന്നതായിരിക്കും. അവരിരുവരുടേയും പേര് മുആദ് എന്നായിരുന്നു; മുആദ് ബിൻ അഫറാഅ്, മുആദ് ബിൻ അംറ് ബിൻ ജമൂഹ്.(സ്വഹീഹുൽ ബുഖാരി, കിതാബു ഫർളുൽ ഖംസ്, ഹദീഥ് 3141)

മുമ്പേയും ആരംഭത്തിൽ ഒരിക്കൽ മുആദിന്റേയും മഅവ്വിദിന്റേയും സംഭവങ്ങൾ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഇവിടെ വീണ്ടും സംശയങ്ങളുണ്ടാകാം. അയാളെ വധിച്ച സംഭവം വിവിധ ഹദീഥു ഗ്രന്ഥങ്ങളിലും ജീവചരിത്രത്തിലും വിവരിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് മുആദ് ബിൻ അംറ് ബിൻ ജമൂഹും ഹദ്റത്ത് മുആദ് ബിൻ അഫ്റാഉം ചേർന്നാണ് വധിച്ചതെന്നും ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദാണ് അബൂജഹ്‌ലിന്റെ തലവെട്ടിയെടുത്തതെന്നും ബുഖാരിയിൽ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മറ്റൊരു സ്ഥലത്ത് മുആദിനേയും മുഅവ്വിദിനേയും കുറിച്ചു പറയുന്നു. എന്തായാലും ഇതിനു പുറമെ ബുഖാരിയിൽത്തന്നെ അബൂ ജഹ്‌ലിനെ അഫ്റാന്റെ രണ്ടുമക്കളായ മുആദും മുവ്വിദുമാണ് വധിച്ചതെന്നും പറയുന്നുണ്ട്. പിന്നീട് അബ്ദുല്ലാഹ് ബിൻ മസ്ഊദ് ചെന്ന് അയാളുടെ തലവെട്ടി. ബുഖാരിയിലെ ഒരു നിവേദനത്തിൽ ഇതിന്റെ വിശദീകരണം ഇങ്ങനെ വിവരിച്ചിരിക്കുന്നു.

ഹദ്റത്ത് അനസ് വിവരിക്കുന്നു: 'ബദ്ർ യുദ്ധ സന്ദർഭത്തിൽ നബി(സ)തിരുമേനി പറഞ്ഞു: അബൂ ജഹ്‌ലിന്റെ സ്ഥിതിയെന്തെന്ന് നോക്കിവരാനാരുണ്ട്? ഉടൻതന്നെ ഹദ്റത്ത് ഇബ്നു മസ്ഊദ് പോയി. നോക്കിയപ്പോൾ അഫ്റാഇന്റെ രണ്ടുപുത്രന്മാർ അവനെയതാ വെട്ടിവീഴ്ത്തികഴിഞ്ഞിരിക്കുന്നു. എന്നിട്ട് മരണം ആസന്നമായിക്കിടക്കുകയാണ്. ഇബ്നു മസ്ഊദ് ചോദിച്ചു: നീ അബൂജഹ്ൽ തന്നെയോ? അതെയെന്ന് അവനുത്തരം നല്കി. അപ്പോൾ ഇബ്നു മസ്ഊദ് അയാളുടെ താടി പിടിച്ചു. അബൂ ജഹ്ൽ ചോദിച്ചു: നിങ്ങളുടെ അഥവാ സ്വജനതയുടെ കൈകൊണ്ട് മരണപ്പെട്ട ഒരു പുരുഷനെക്കാൾ ഉന്നതനായി ആരുണ്ട്? (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി ഹദീഥ് 3962)

ഈ രണ്ടു നിവേദനവും ബുഖാരിയിൽത്തന്നെ ലഭിക്കുന്നുണ്ട്. മുആദിന്റെ രണ്ടുപേര് വരുന്നുണ്ട്. ഒരിടത്ത് മുആദും മുഅവ്വിദും എന്ന പേരും വരുന്നുണ്ട്. ഒരിടത്ത് ഇരുവരുടേയും പിതൃത്വം വ്യത്യസ്തമാണ്. ഒരിടത്ത് ഒരേ പിതാവിന്റെ രണ്ടു മക്കളെന്ന് പറയപ്പെടുന്നു.

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് അബൂ ജഹ്‌ലിനെ വധിച്ചവരെ സംബന്ധിച്ചുള്ള അഭിപ്രായ ഭിന്നതയ്ക്ക് പരിഹാരം നല്കി കൊണ്ട് പറയുന്നു: ചില നിവേദനങ്ങളിൽ അഫ്റായുടെ രണ്ട് മക്കളാണ് (മുഅവ്വിദും മുആദുമാണ്)അബൂ ജഹ്‌ലിനെ മരണത്തിനടുത്തെത്തിച്ചതെന്നുണ്ട്. അതിനുശേഷം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) അയാളുടെ തല ഉടലിൽ നിന്ന് വേർപെടുത്തി എന്നും പറയപ്പെടുന്നു. ഇമാം ഇബ്നു ഹജർ ഈയൊരു സാധ്യത പ്രകടിപ്പിക്കുന്നു, അതായത് മുആദ് ബിൻ അംറിനും മുആദ് ബിൻ അഫ്റായ്ക്കും ശേഷം മുഅവ്വിദ് ബിൻ അഫ്റായും അയാളെ വെട്ടിയിട്ടുണ്ടാകാം.'(സ്വഹീഹുൽ ബുഖാരി, വാല്യം 5, പേജ് 491, അടിക്കുറിപ്പ്, ഉർദു തർജമ, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്വ)

അതുകൊണ്ട് ആദ്യത്തെ രണ്ട് നിവേദനങ്ങളിൽ ഈ രണ്ട് സഹോദരന്മാരെ കുറിച്ചുള്ള വിവരം ലഭിക്കുന്നു. മറ്റുനിവേദനങ്ങളിൽ വിഭിന്നരായ രണ്ടാളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നു. ഈ മൂന്ന് പേരും ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ശർഹ് ഫത്ഹുൽബാരിയിൽ എഴുതിയിരിക്കുന്നു. അല്ലാമ ബദ്റുദ്ദീൻ അയ്നീ അബൂജഹ്‌ലിന്റെ ഘാതകരുടെ താരതമ്യം ചെയ്തുകൊണ്ടു എഴുതുന്നു: അബൂജഹ്‌ലിനെ മുആദ് ബിൻ അംറ് ബിൻ ജമൂഹും മുആദ് ബിൻ അഫ്റാഉം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദുമാണ് വധിച്ചത്. ഹദ്റത്ത് അബ്ദുല്ലാഹ് അയാളുടെ തല വെട്ടിയെടുത്ത് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി.'(ഉംദത്തുൽഖാരി വാല്യം 17, പേജ് 120, ദാറു അഹ് യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 2003)

അല്ലാമ ബദ്റുദ്ദീൻ അയ്നീ വീണ്ടും എഴുതുന്നു: 'സ്വഹീഹ് മുസ്‌ലിമിലുണ്ട്, അബൂജഹ്‌ലിനെ വധിച്ച രണ്ടുപേർ മുആദ് ബിൻ അംറ് ബിൻ ജമൂഹും മുആദ് ബിൻ അഫ്റാഉം ആയിരുന്നു. മുആദ് ബിൻ അഫ്റായുടെ പിതാവിന്റെ പേര് ഹാരിഥ് ബിൻ രിഫാഅ എന്നായിരുന്നു. അഫ്റാ അദ്ദേഹത്തിന്റെ മാതാവായിരുന്നു. അവർ ഉബയ്ദ് ബിൻ ഥഅ്‌ലബ നജ്ജാരിയായുടെ മകളായിരുന്നു. ഇപ്രകാരംതന്നെ ബുഖാരി കിതാബുൽ ജിഹാദിൽ ബാബു മൻല്ലം യഖ്മിസിൽ അസ്‌ലാബിൽ ഹദ്റത്ത് മുആദ് ബിൻ അംറായിരുന്നു അബൂജഹ്‌ലിന്റെ കാല് മുറിച്ചതെന്നും വീഴ്ത്തിയതെന്നും വിവരിക്കുന്നുണ്ട്. പിന്നീട് മുഅവ്വിദ് ബിൻ അഫ്റാ അയാളെ മർദിക്കുകയും നിലത്തുവീഴ്ത്തുകയും ചെയ്തു. പിന്നീട് അയാളെ വിട്ടു. അപ്പോൾ അയാളിൽ കുറച്ച് മിടിപ്പ് ബാക്കിയുണ്ടായിരുന്നു. ജീവനുണ്ടായിരുന്നു. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹു ബിൻ മസ്ഊദ് അയാളെ ശക്തമായി വെട്ടുകയും തലവേർപെടുത്തുകയും ചെയ്തു. പിന്നീട് ഇദ്ദേഹം എഴുതുന്നു: ഈ എല്ലാ കാര്യങ്ങളും ഇങ്ങനെ ഒരുമിച്ചു വിവരിക്കേണ്ട ആവശ്യമെന്താണെന്ന് നീ ചോദക്കുകയാണെങ്കിൽ ഞാൻ പറയുന്നത് ഒരുപക്ഷേ, അബൂജഹ്‌ലിന്റെ വധം ഇവരുടെയെല്ലാം പണിയായിരുന്നു. അതുകൊണ്ടാണ് ഒരുമിച്ചുകൂട്ടിയിരിക്കുന്നത്. (ഉംദത്തുൽഖാരി വാല്യം 17, പേജ് 121–122, ഹദീഥ് 3962, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 2003)

സർഖാനിയുടെ ഒരു നിവേദനമനുസരിച്ച് അബൂജഹ്‌ലിനെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് കണ്ടപ്പോൾ അവസാന ശ്വാസം എടുക്കുന്ന നിലയിലാണ് അയാളുണ്ടായിരുന്നത്. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് തന്റെ കാൽ അബൂജഹ്‌ലിന്റെ കഴുത്തിൽ വെച്ചുകൊണ്ടു പറഞ്ഞു, അല്ലാഹുവിന്റെ ശത്രൂ! അല്ലാഹു നിന്നെ നിന്ദിച്ചിരിക്കുന്നു. അപ്പോൾ അബൂജഹ്ൽ അഹങ്കാരത്തോടെ പറഞ്ഞു, നീ എന്നെക്കാൾ ആദരണീയനായ വേറെയാരെയെങ്കിലും വധിച്ചിട്ടുണ്ടോ? അതായത് എനിക്ക് അതിൽ ഒരു കുറവും തോന്നുന്നില്ല. പിന്നീട് അബൂജഹ്ൽ ചോദിച്ചു: മൈതാനം ആരുടെ കൈയിലാണെന്ന് എന്നോടു പറയുക. വിജയം ആരുടെ കൈയിലാണുള്ളത്?

അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, 'അല്ലാഹുവും അവന്റെ റസൂലും വിജയിച്ചിരിക്കുന്നു' എന്ന് മറുപടി പറഞ്ഞു.

മറ്റൊരു നിവേദനത്തിൽ ഇപ്രകാരവും വരുന്നു, 'താൻ തന്റെ ജീവിതം മുഴുവൻ അവനെതിരിൽ ശത്രുതയിൽ കഴിച്ചുകൂട്ടിയെന്നും ഇന്നും ഈ നേരത്തും അവനോടുള്ള ശത്രുതയുടെ പാരമ്യതയിലാണ് താനുള്ളതെന്നും അവനോടു അതായത് നബി(സ)തിരുമേനിയോട് പറയണമെന്ന് അബു ജഹ്ൽ മരണ സമയത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനോട് പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് അയാളുടെ തല വെട്ടി മാറ്റി. അയാളുടെ ശിരസ്സുമായി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവിന്റെ മുന്നിൽ ഏതുപോലെ ഞാൻ എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനും ഉത്തമനും ആകുന്നുവോ അതുപോലെ എന്റെ ഉമ്മത്തും എല്ലാ ഉമ്മത്തിനെക്കാളും ശ്രേഷ്ഠവും ഉത്തമവുമാകുന്നു. അതുപോലെ തന്നെ ഈ ഉമ്മത്തിലെ ഫിർഔൻ എല്ലാ ഉമ്മത്തിലെ ഫിർഔനെക്കാളും കൂടുതൽ കർക്കശനും അക്രമാസക്തനുമാകുന്നു. അതിന് കാരണമിതാണ്,

حَتّٰۤى اِذَاۤ اَدۡرَكَهُ الۡغَرَقُ ۙ قَالَ اٰمَنۡتُ اَنَّهٗ لَاۤ اِلٰهَ اِلَّا الَّذِىۡۤ
اٰمَنَتۡ بِهٖ بَنُوۡۤا اِسۡرَآءِيۡلَ (10:91)

അവനെ നീർചുഴി പിടികൂടിയപ്പോൾ അവൻ പറഞ്ഞു: ഇസ്റായീൽ സന്തതികൾ വിശ്വസിച്ചിട്ടുള്ള ആരാധ്യനല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ, ഈ ഉമ്മത്തിലെ ഫിർഔൻ ശത്രുതയിലും അവിശ്വാസത്തിലും വളരുന്നതാണ്. ഇതുകൂടാതെ നിവേദനത്തിൽ ഇങ്ങനേയും വരുന്നു, അബൂ ജഹ്ലിന്റെ ശിരസ്സ് കാണിച്ചപ്പോൾ നബി(സ) പറഞ്ഞു:

اَللّٰهُ الَّذِی لَا اِلٰهَ اِلَّا هُوَ 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല.' അതുപോലെതന്നെ നബി(സ) തിരുമേനി മൂന്ന് പ്രാവശ്യം ഇപ്രകാരവും പറഞ്ഞു:

اَلْحَمْدُ لِلّٰهِ الَّذِی اَعَزَّ الْاِسْلَامَ وَاَهْلَهٗ

'ഇസ്ലാമിനും അതിനെ വിശ്വസിച്ചവർക്കും അന്തസ്സ് നല്കിയ അല്ലാഹുവിനാകുന്നു സർവസ്തുതിയും.' അതുപോലെ ഇങ്ങനെയും വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: തീർച്ചയായും എല്ലാ ഉമ്മത്തിലും ഒരു ഫിർഔൻ ഉണ്ടായിരിക്കും. ഈ ഉമ്മത്തിലെ ഫിർഔൻ അബൂ ജഹ്ലാണ്. അയാളെ അല്ലാഹു വളരെ മോശമായ നിലയിൽ കൊല്ലിച്ചു.(ശർഹുസ്സർഖാനീ അലൽമവാഹിബി... വാള്യം 2, പേജ് 297–298, ദാറുൽകുതുബുൽ ഇൽമിയ്യ് ബേറൂത്ത് 1996)

ഹദ്റത്ത് മുആദ് ബിൻ അംറ് ബിൻ ജമൂഹിന്റെ വഫാത്ത് ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിലായിരുന്നു.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 6, പേജ് 114, മുആദ് ബിൻ അംറ് ബിൻ ജമൂഹ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഖലീഫ ബിൻ ഖയ്യാത് വിവരിക്കുന്നു: മുആദ് ബിൻ അംറ് ബിൻ ജമൂഹിന് ബദ്ർ ദിവസം ഒരു മുറിവുണ്ടായി. അവിടന്ന് അതിനുശേഷം ഹദ്റത്ത് ഉഥ്മാന്റെ കാലംവരെ രോഗഗ്രസ്തനായിരുന്നു. പിന്നീട് മദീനായിൽ വഫാത്തായി. ഹദ്റത്ത് ഉഥ്മാൻ(റ) ജനാസ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖീഇൽ മറയടങ്ങി. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു, 'മുആദ് ബിൻ അംറ് ബിൻ ജമൂഹ് എത്ര നല്ല വ്യക്തിയാണ്.'(മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ ലിൽ ഹാക്കിമി, വാള്യം 4, പേജ് 140–141, ദിക്റു മനാഖിബ് മുആദ് ബിൻ അംറ് ബിൻ അൽജമൂഹ് ഹദീഥ് 5895, 5897, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2002)

ഈ സ്വഹാബാക്കളുടെ മേൽ അല്ലാഹു ആയിരമായിരം റഹ്മത്തുകൾ വർഷിക്കട്ടെ. അവർ അല്ലാഹുവിനോടും അവന്റെ ഹബീബായ നബിയോടുമുള്ള അനുരക്തിയിൽ മുങ്ങുകയും അവരുടെ തൃപ്തി കരസ്ഥമാക്കുകയും ചെയ്തവരായിരുന്നു.

നമസ്കാരത്തിനുശേഷം ഞാനൊരു ജനാ സഗാഇബും നമസ്കരിപ്പിക്കുന്നതാണ്. അത് മലിക് സുൽത്വാൻ ഹാറൂൺഖാൻ സാഹിബിന്റേതാണ്. അദ്ദേഹം 2019 മാർച്ച് 27ന് ഇസ്ലാമാബാദിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ മൂത്ത മകൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ജാമാതാവുമാണ്. ചെറിയ മകളെയാണ് അദ്ദേഹം വിവാഹം കഴിച്ചിട്ടുള്ളത്. മലിക് സുൽത്വാൻ ഹാറൂൺ സാഹിബ് ജന്മനാ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് കർണൽ മലിക് സുൽത്വാൻ മുഹമ്മദ് ഖാൻ എന്നായിരുന്നു. ഇദ്ദേഹം 1923–ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കൈയിൽ 23–ാം വയസ്സിൽ ബയ്അത്ത് ചെയ്തു. തന്റെ കുടുംബത്തിൽ തനിച്ച് അഹ്മദിയായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ വിവാഹം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്നെ ചൗദ്ദരി ഫതഹ് മുഹമ്മദ് സാഹിബ് സിയാലിന്റെ മകൾ ആഇശ സിദ്ദീഖ സാഹിബയുമായി നടത്തി. ഈ കുടുംബം പഞ്ചാബിലെ ആദരണീയ കുടുംബങ്ങളിൽപെട്ടതും വലിയ നവാബ് കുടുംബങ്ങളിൽ പെട്ടതുമാണ്. മലിക് അമീർ മുഹമ്മദ് ഖാൻ പശ്ചിമ പാക്കിസ്താന്റെ ഗവർണറായിരുന്നു. 'കാലാബാഗിന്റെ നവാബ്' എന്ന പേരിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് കർണൽ മലിക് സുൽത്വാൻ മുഹമ്മദ് സാഹിബിന്റെ കൊച്ചാപ്പായുടെ മകനായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മലിക് സുൽത്വാൻ സർഖുറോ ഖാൻ എന്നായിരുന്നു. അക്കാലത്ത് ബ്രിട്ടീഷ് രാജഭരണമായിരുന്നു. ഇന്ത്യയും പാക്കിസ്താനും കോളനിയായിരുന്നു. അദ്ദേഹത്തിന് നവാബി (സ്ഥാനം) കാരണത്താൽ രാജാവിന്റെ അടുത്ത് ഒരു പദവിയും ലഭിച്ചിരുന്നു. അദ്ദേഹത്തിന് തന്റെ മകൻ മലിക് സുൽത്വാൻ മുഹമ്മദ് ഖാൻ സാഹിബിന്റെ ബയ്അത്തിന് നാലുവർഷം കഴിഞ്ഞ് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. ഭൗതികരായിരുന്നിട്ടും ഭാഗ്യമുണ്ടായിരുന്നു. ദീനിലേക്ക് ചായ്വുണ്ടായി. അല്ലാഹു ഈ ഭാഗ്യം കാരണത്താൽ അദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് പ്രദാനം ചെയ്തു.

സുൽത്വാൻ ഹാറൂൺഖാൻ സാഹിബിന്റെ വിവാഹം വാപഡായിലെ ജി.എം. ആയിരുന്ന ചൗദ്ദരി അബ്ദുൽ ഹമീദ് സാഹിബിന്റെ മകൾ സ്വബീഹ ഹമീദ് സാഹിബയുമായാണ് നടന്നത്. ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) നിക്കാഹ് കർമം നിർവഹിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഇംഗ്ലണ്ട് മിഷന്റെ സ്ഥാപകനും, ആദ്യ മുബല്ലിഗുമായിരുന്ന ചൗദ്ദരി ഫത്ഹ് മുഹമ്മദ് സാഹിബ് സിയാൽ(റ)നെ കുറിച്ച് നിക്കാഹിന്റെ നേരത്ത് ഇങ്ങനേയും പറഞ്ഞു: 'ചൗദ്ദരി ഫത്ഹ് മുഹമ്മദ് സാഹിബ് സിയാൽ എന്റെ ആദരണീയനായ പുണ്യാത്മാവായിരുന്നു. അദ്ദേഹത്തിന്റെ ഔദാര്യം എന്നിൽ ഒരുപാടുണ്ടായിരുന്നു.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറഞ്ഞു: 'എനിക്ക് എന്റെ ചെറുപ്രായത്തിൽ, അനുഭവപരിചയമൊന്നും ഇല്ലാതിരുന്ന പ്രായത്തിൽ തന്റെ കൂടെ കൊണ്ടുനടന്ന് എന്റെ അനുഭവങ്ങളിൽ വലിയ വിശാലതയുടെ അവസരങ്ങളുണ്ടാക്കി. ഗ്രാമങ്ങളിൽ വസിക്കുന്നവരോടു എന്റെ മനസ്സിൽ ഒളിഞ്ഞുകിടന്നിരുന്ന ഇണക്കത്തെ വെളിപ്പെടുത്തുന്നതിനുള്ള അവസരവും എനിക്ക് ചൗദ്ദരി മുഹമ്മദ് സിയാലിനോടൊപ്പം താമസിച്ച കാരണത്താൽ ലഭിച്ചു.' ഇത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ആണ് പറയുന്നത്. അദ്ദേഹം പറയുന്നു: 'ഇപ്പോഴും ഒരു സാധാരണ ഗ്രാമവാസിയെ കൂടിക്കാണുമ്പോൾ, ഔപചാരികത ഒന്നും കൂടാതെ സംസാരിക്കുന്നതിൽ സന്തോഷമനുഭവിക്കുന്നു. ഒരു നഗരവാസിയുമായി കൂടിക്കാണുമ്പോൾ ആ സന്തോഷം ഉണ്ടാകാറില്ല. കാരണം നഗരവാസികൾക്ക് ഫോർമാലിറ്റിയുടെ ശീലമുണ്ട്. അവരുടെ ഈ ശീലം കാരണത്താൽ അവരുമായി കൂടിക്കാണുമ്പോൾ മനഃപൂർവമല്ലാതെ നമ്മളും ഫോർമാലിറ്റി കാണിക്കാൻ തുടങ്ങുന്നു.' അദ്ദേഹം പറയുന്നു: 'എന്തായാലും ഇന്ന് എന്റെ മുഹ്സിൻ പുണ്യാത്മാവിന്റെ ദൗഹിത്രൻ മലിക് സുൽത്വാൻ ഹാറൂൺ ഖാൻ ഇബ്നു കർണൽ സുൽത്വാൻ മുഹമ്മദ് ഖാന്റെ വിവാഹമാണ്, നിക്കാഹാണ്. ഞാനത് വിളംബരം ചെയ്യുന്നതായിരിക്കും.' ശേഷം പറഞ്ഞു: 'എപ്രകാരം നമ്മുടെ മുതിർന്ന ആളുകൾ നിർല്ലോഭമായും നിസ്വാർത്ഥമായും അല്ലാഹുവിന്റെ ദീനിന് സേവനം ചെയ്തുവോ, അതേ സേവനത്തിന്റെ വികാരവും അതേ ത്യാഗത്തിന്റെ വികാരവും അവരുടെ തലമുറകളിലും നില്ക്കുന്നതിനും വളരെ വ്യാപകമായി നിലകൊള്ളുന്നതിനും സ്നേഹിതന്മാർ ദുആ ചെയ്യുക." (ഖുത്ബാത്തെ നാസ്വിർ, വാള്യം 10, പേജ് 437–440)

ഇന്ന് അദ്ദേഹം മരിച്ചതുകൊണ്ട് ഇത്തരം കാര്യം സ്മരിക്കപ്പെട്ടു. പരേതനായ മലിക് ഹാറൂൺ സാഹിബിന്റെ മകളേയും അഹ്മദിയ്യത്തിനോടും ഖിലാഫത്തിനോടുമുള്ള ഈ ബന്ധത്തെ നിലനിറുത്തുക മാത്രമല്ല മറിച്ച്, അതിനെ ശക്തിപ്പെടുത്തുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹത്തിന് മൂന്ന് പുത്രന്മാരും മൂന്ന് പുത്രിമാരുമുണ്ട്. പറഞ്ഞതുപോലെ മൂത്തമകൻ സുൽത്വാൻ മുഹമ്മദ് ഖാൻ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ ജാമാതാവാണ്.

പ്രദേശത്തുള്ള ദരിദ്രരായ ആളുകളെ പ്രത്യേകിച്ചും അർഹതപ്പെട്ട സ്ത്രീകൾക്ക് വലിയ സേവനമാണ് ചെയ്തിരുന്നത്. നല്ല രീതിയിൽ അവരോടു പെരുമാറിയിരുന്നു. മലിക് സാഹിബിന്റെ ജീവിതത്തിൽതങ്ങളുടെപ്രദേശത്ത്തങ്ങൾതങ്ങളെസുരക്ഷിതരായി മനസ്സിലാക്കിയിരുന്നുവെന്ന് സ്ത്രീകൾ പറയുകയുണ്ടായി. ഇപ്പോൾ അദ്ദേഹത്തിന്റെ വഫാത്തിനുശേഷം തങ്ങൾക്ക് ഭയമുണ്ടായി തുടങ്ങിയിരിക്കുന്നുവെന്നും പറയുന്നു. അട്ടക്ക് എന്ന പ്രദേശമാണ്. ശത്രുതയും ഇവിടെ അധികമാണ്. കഠിനഹൃദയരും ഒരുപാടുണ്ട്. ദരിദ്രർക്ക് ഒരു അവകാശവും നല്കാറില്ല. പക്ഷേ, ഇങ്ങനെയായിരുന്നിട്ടും അദ്ദേഹം വലിയ ജന്മിയായിരുന്നു. പ്രദേശത്തെ ആദരണീയവ്യക്തിയായിരുന്നു. ദരിദ്രർക്ക് വളരെ സേവനം ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ കനഡയിലുള്ള സഹോദരി റാശിദ സിയാൽ സാഹിബ പറയുന്നു: 'എന്റെ

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നമ്മുടെ ആരാധനാകർമങ്ങളുടെ അഭിവൃദ്ധി തന്നെയാണ് നമുക്ക് വിജയം നല്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെക്കുറിച്ച് എല്ലാ വ്യവസ്ഥിതിയും ഗൗരവമാകേണ്ട ആവശ്യമുണ്ട്."**
**(ജുമുഅ ഖുത്ബ 27–01–2017)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

സഹോദരൻ സുൽത്വാൻ ഹാറൂൺ ഖാൻ ഒരുപാട് സവിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. അഹ്മദിയ്യത്തിനുവേണ്ടി ആത്മീയരോഷം വെച്ചുപുലർത്തുന്നയാളും ഖിലാഫത്തിനുവേണ്ടി ജീവാർപണം ചെയ്യാൻ തയ്യാറുള്ള വ്യക്തിയും സുഹൃത്തുക്കളുടെ സത്യസന്ധനായ സുഹൃത്തും ശത്രുക്കളുടെമേൽ ഗാംഭീര്യമുള്ളയാളും ദരിദ്രരുടേയും അശരണരുടേയും ആശ്രയവുമായിരുന്നു.' അവർ പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) എനിക്കെഴുതിയ ഒരു കത്തിൽ എഴുതി. "നിങ്ങളുടെ പിതാവ് (കർണൽ സുൽത്വാൻ മുഹമ്മദ് ഖാൻ സാഹിബ്) അഹ്മദിയ്യത്തിന്റെ ഒരു നഗ്നമായ വാളാണ്. നിങ്ങളുടെ സഹോദരന്മാരിലും ഇതേ വർണം കാണുന്നുണ്ട്."

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്) ഒരിക്കൽ അദ്ദേഹത്തോടു പറഞ്ഞിരുന്നു: ഈ പ്രദേശത്ത് അദ്ദേഹത്തിന് വളരെ ശത്രുതയുണ്ടായിരുന്നു. ഈ പ്രദേശത്തിന്റെ ശത്രുതയുടെ സമ്പ്രദായവും പൊതുവെ അങ്ങനെയായിരുന്നു. സ്വത്തുക്കൾ കാരണത്താലും ചില ശത്രുത ഉണ്ടായിരുന്നു. അഹ്മദിയ്യത്ത് കാരണത്താലും ശത്രുതയുണ്ടായിരുന്നു. അപ്പോൾ ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) അദ്ദേഹത്തോടു പറഞ്ഞു: 'വെടിയുണ്ടകൾ വരുന്നതായിരിക്കും; പക്ഷേ, മുകളിലൂടെ കടന്നുപോകും. നിങ്ങൾക്ക് ഇൻശാ അല്ലാഹ് ഒന്നും സംഭവിക്കുകയില്ല.' ഇവർ എഴുതുന്നു: 'ഖലീഫ ഥാലിഥിന്റെ ഈ വാക്ക് പൂർത്തിയായത് ഞങ്ങൾ നേരിൽ കണ്ടു. 1977-ൽ ഫത്ഹ് ജംഗ് പോലീസ് സ്റ്റേഷനിൽ അദ്ദേഹത്തിനുമേൽ വധശ്രമം നടന്നു. മലിക് സുൽത്വാൻ ഹാറൂണിനുമേൽ വെടിയുതിർത്തു. തലമുടി സ്പർശിച്ച് അതു കടന്നുപോയി. പക്ഷേ, അദ്ദേഹത്തിന് ഒരുപോറലും ഏറ്റില്ല. അല്ലാഹു അമാനുഷികമായ നി ലയിൽ അദ്ദേഹത്തെ സുരക്ഷിതനാക്കിവെച്ചു. ദരിദ്രർക്കും അശരണർക്കും വലിയ ധർമ്മിഷ്ഠനായിരുന്നു. ഇവർ എഴുതുന്നു: 'ദുർബലരും നിസ്സഹായരുമായവർക്ക് ആശ്രയമായിരുന്നു.'

അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ മലിക് സുൽത്വാൻ റശീദ് ഖാൻ സാഹിബ് പറയുന്നു: 'ഞങ്ങളുടെ അബ്ബാജാൻ മർഹുമിനുശേഷം ഞങ്ങളുടെ വീടിന്റെ യഥാർഥ നേതാവ് അദ്ദേഹം തന്നെയായിരുന്നു. എന്റെ എല്ലാ ശ്രമങ്ങളും ഉണ്ടായിട്ടും ജമാഅത്തിന്റെ എന്തെങ്കിലും ജോലി ഉണ്ടാകുമ്പോൾ എപ്പോഴും എന്നെക്കാൾ മുമ്പേയായിരുന്നു അദ്ദേഹം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ജമാഅത്തിന്റേയും സത്യസന്ധനായ പ്രേമിയായിരുന്നു. ഒരിക്കൽ 1974-ലെ സംഭവങ്ങൾക്കുശേഷം എന്റെ മുന്നിൽവച്ച് ഒരു വലിയ ഓഫീസർ അദ്ദേഹത്തോടു പറഞ്ഞു: 'താങ്കൾക്ക് താങ്കളുടെ ഹദ്റത്ത് സാഹിബിനോടുള്ള ഈമാന്റെ അവസ്ഥയെന്താണ്? പഞ്ചാബിയിൽ അദ്ദേഹത്തോടു പറഞ്ഞു. 'ലോഹെ ദർഗാ' അതായത് ഖിലാഫത്തിലുള്ള എന്റെ വിശ്വാസം ഇരുമ്പുപോലെ ശക്തമാണ്.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ ഹിജ്റത്ത് യാത്രയിൽ കറാച്ചിവരെ ഒപ്പമുണ്ടായിരുന്നു. ഒപ്പം ചേരാൻ അദ്ദേഹത്തിന് അവസരം കിട്ടി.' റശീദ് സാഹിബ് എഴുതുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ കത്തുകൾ എന്റെ കൈയിലുണ്ട്. അവയിൽ ഒരു കത്തിൽ ഹുദൂർ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മഹുല്ലാഹ് അദ്ദേഹത്തെ അഹ്മദിയ്യത്തിന്റെ ജേർണൽ എന്നും മറ്റൊരിടത്ത് അഹ്മദിയ്യത്തിന് അനുരക്തിയുടേയും ആത്മരോഷത്തിന്റേയും നഗ്നമായ ഖഡ്ഗം എന്നും പറഞ്ഞിരിക്കുന്നു. രാത്രിയിലെ നഫ്ലുകളും വിശുദ്ധഖുർആന്റെ പാരായണവും സംബന്ധിച്ച് പറയുകയാണെങ്കിൽ റശീദ് സാഹിബ് എഴുതുന്നു: 'വളരെ കുറച്ചാളുകൾക്കേ അതിനെക്കുറിച്ച് വിവരമുണ്ടാകുകയുള്ളൂ. കാരണം അതൊരിക്കലും പറയാറുണ്ടായിരുന്നില്ല. പക്ഷേ, രണ്ടു കാര്യങ്ങളും പതിവായി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ എഴുതുന്നു: 'എനിക്കും അറിയുമായിരുന്നില്ല. 2016-ൽ എനിക്കു കഠിനമായ രോഗം ബാധിച്ചപ്പോൾ ഞങ്ങളിരുവരും ഒരേ മുറിയിൽ നാലുമാസംവരെ ഒരുമിച്ചു താമസിച്ചിട്ടുണ്ട്. ആ ദിനങ്ങളിൽ എനിക്ക് എഴുന്നേല്ക്കാനും ഇരിക്കാനും പ്രയാസമായിരുന്നു. ഒരു മുറിയിൽ എന്നെ ശുശ്രൂഷിക്കുന്നതിനുവേണ്ടി എന്നോടൊപ്പം താമസിച്ചിരുന്നു. ഞാൻ അദ്ദേഹത്തിന്റെ തിലാവത്തിലും നഫ്ലുകളിലുമുള്ള നിത്യത കണ്ടു. അത് ആദരാർഹമായിരുന്നു.' അദ്ദേഹം പറയുന്നു: 'ഞാൻ അദ്ദേഹത്തോടു പറഞ്ഞു: എനിക്കുവേണ്ടി ഒരു ജോലിക്കാരനെ വച്ചിരുന്നെങ്കിൽ; താങ്കൾ എനിക്കുവേണ്ടി പ്രയാസപ്പെടുന്നു. ഒരു ജോലിക്കാരനെ വെച്ചിരുന്നെങ്കിൽ അയാൾ എനിക്ക് സേവനം ചെയ്യുമായിരുന്നല്ലോ.' അദ്ദേഹം പറഞ്ഞു: 'ഞാൻ അങ്ങയുടെ അടുത്തുള്ളപ്പോൾ ജോലിക്കാരന്റെ ആവശ്യമെന്താണ്?'

റശീദ് സാഹിബ് എഴുതുന്നു: 'മനുഷ്യർക്ക് പ്രയോജനമുള്ള ഒരു വ്യക്തിത്വമായിരുന്നു. 9,10 സ്കൂളുകൾ നിർമിച്ചു. വരുമാനം അധികമില്ലാതെ വരുമ്പോൾ സ്കൂളിന് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അദ്ദേഹം തൊഴിലാളികളോടൊപ്പം തൊഴിലുമെടുത്തു. തൊഴിലാളികളോടു പറഞ്ഞു: നിങ്ങളെക്കാൾ അധികം ജോലി ഞാനെടുക്കുന്നതാണ്.' ഏതെങ്കിലും നവാബിന്റെ മകനാണെന്നോ പ്രദേശത്തെ വലിയ ജന്മിയാണെന്നോ ഉള്ള വിചാരമൊന്നുമുണ്ടായിരുന്നില്ല.

അദ്ദേഹത്തിന്റെ മകൾ മഹ്മൂദ സുൽത്വാന കാശിഫ് എഴുതുന്നു: എന്റെ പിതാവിന് ഖിലാഫത്തിനോടുള്ള പ്രേമവും കൂറും മറഞ്ഞ കാര്യമല്ല. ബോധംവെച്ചകാലം മുതൽ എന്റെ പിതാവിൽ നിന്ന് എഴുന്നേല്ക്കുമ്പോഴും ഇരിക്കുമ്പോഴും കിട്ടിയ പാഠം, അല്ലാഹുവിൽ എപ്പോഴും തവക്കുൽ ചെയ്യണമെന്നും ജീവിതത്തിന്റെ എല്ലാ കാര്യങ്ങളിലും എപ്പോഴും ദുആയെ പ്രയോജനപ്പെടുത്തണമെന്നും ഉള്ളതായിരുന്നു. ദുആ ഇല്ലെങ്കിൽ ഒന്നുമില്ല. അല്ലാഹുവിൽ അപാരമായി അർപണം ചെയ്തിരുന്നു. അങ്ങേയറ്റം ധൈര്യവാനും യോദ്ധാവുമായിരുന്നു. അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയപ്പെട്ടിരുന്നില്ല. സൃഷ്ടിസേവനത്തിൽ വ്യാപൃതനായിരുന്നു.

ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ മകൻ സുൽത്വാൻ മുഹമ്മദ് ഖാൻ പറയുന്നു: എന്റെ പിതാവ് ഒരുപാട് സോഷ്യൽവർക്ക് ചെയ്തിട്ടുണ്ട്. എട്ട് സ്കൂളുകൾ നിർമിച്ചു. രണ്ട് ഖബ്ർസ്ഥാന് സ്ഥലം നല്കി. എട്ട് സ്കൂളുകൾക്ക് സ്ഥലവും നല്കി. നിരവധി ആളുകൾക്ക്, ദരിദ്രർക്ക് തൊഴിലുകൾ കൊടുപ്പിച്ചു. അത് അവർക്ക് പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലാഹു അദ്ദേഹത്തോടു കാരുണ്യത്തോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കളേയും നന്മയിൽ നിലനിറുത്തുമാറാകട്ടെ. ജമാഅത്തുമായും ഖിലാഫത്തുമായും ബന്ധപ്പെട്ടിരിക്കുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിനുശേഷം അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതായിരിക്കും.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 2ൽനിന്ന്)

ക്കുന്ന ഉറവിടത്തിൽനിന്ന് നല്ല ആസൂത്രണങ്ങൾ ലഭ്യമാക്കപ്പെടുന്നതാണ്.' (അയ്യാമുസ്സ്വുൽഹ്, റൂഹാനിഖസായിൻ, വാല്യം 14, പേജ് 230-232)

കെടുതികളുടേയും വിഷമങ്ങളുടേയും നേരത്ത് ദൈവത്തോട് പ്രാർഥിക്കുകയും ആ വിഷമങ്ങൾക്ക് അവനോട് പരിഹാരം തേടുകയും സംതൃപ്തിയും അഭിവൃദ്ധിയും ദൈവത്തിൽനിന്ന് നേടുകയും, പ്രാർഥന അതിന്റെ പരിധിവരെ കൊണ്ടുപോകുകയും ചെയ്യുന്നു. അയാളുടെ പ്രാർഥനയുടെ ഉദ്ദേശ്യം നേടിയില്ലെങ്കിൽപോലും മറ്റുവിധത്തിലുള്ള സംതൃപ്തി അയാൾക്ക് സർവ്വശക്തനായ ദൈവം നൽകും. അയാൾക്ക് ഇച്ഛാഭംഗം അനുഭവപ്പെടുകയില്ല. അതുകൂടാതെ അയാളുടെ വിശ്വാസം ശക്തിപ്പെടുകയും നിശ്ചയദാർഢ്യം വർധിക്കുകയും ചെയ്യുന്നു. എന്നാൽ, പ്രാർഥിക്കുന്ന ആൾ സർവ്വശക്തനായ ദൈവത്തിലേക്ക് തിരിയുന്നില്ലെങ്കിൽ അയാൾ സദാസമയവും അന്ധനായി ജീവിക്കുകയും അന്ധനായി മരിക്കുകയും ചെയ്യുന്നു.

ആത്മാവിന്റെ ആത്മാർഥതയോടെ പ്രാർഥിക്കുന്ന ഒരാൾ ഒരിക്കലും ഇച്ഛാഭംഗത്തിലകപ്പെടുകയില്ല. ആ അഭിവൃദ്ധി ധനംകൊണ്ടോ, അധികാരംകൊണ്ടോ ആരോഗ്യംകൊണ്ടോ നേടാൻ സാധിക്കുകയില്ല. പ്രാർഥനയും സ്വീകാര്യതയുമായി ഒരു ബന്ധമുണ്ട്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുമുതൽ നിലനില്ക്കുന്നതാണത്. സർവ്വശക്തനായ അല്ലാഹു സ്വയമേവ ഒരു കാര്യം ചെയ്യാൻ അഭിസംബോധന ചെയ്യുമ്പോൾ അവന്റെ മാർഗമെന്തെന്നാൽ അവന്റെ ആത്മാർഥതയുള്ള ഒരു ദാസൻ സ്വയം പ്രാർഥനയിൽ മുഴുകുന്നു. വിശ്രമമില്ലാതെ വേദനയും ദുരിതവുമനുഭവിച്ചുകൊണ്ട് തന്റെ ലക്ഷ്യം നേടാൻ തന്റെ ദൃഢനിശ്ചയവും ശ്രദ്ധയും അർപണം ചെയ്യുന്നു. പിന്നെ നശ്വരനായ മനുഷ്യന്റെ പ്രാർഥനകൾ ദൈവാനുഗ്രഹം ആകർഷിക്കുന്നു. അങ്ങനെ സർവ്വശക്തനായ അല്ലാഹു ഉദ്ദേശ്യ സാഫല്യത്തിനായി മാർഗങ്ങൾ സൃഷ്ടിക്കുന്നു.

പ്രത്യക്ഷത്തിൽ അത്തരം പ്രാർഥന മനുഷ്യൻ ചെയ്തതാണെങ്കിലും സത്യത്തിൽ ആ വ്യക്തി മുഴുവനായും ദൈവത്തിൽ ലയിച്ചവനാണ്. പ്രാർഥനയുടെ നേരത്ത് ആ വ്യക്തി ദൈവസവിധത്തിൽ എത്തുന്നു. താൻ ദൈവസ്നേഹത്തിൽ ലയിച്ചവനാണെന്നുള്ള മുദ്രയുമായാണ് ഏകനും പ്രതാപവാനുമായ അവന്റെ മുന്നിൽ എത്തുന്നത്. അവന്റെ കൈ സർവ്വശക്തനായ അല്ലാഹുവിന്റെ കൈയായിത്തീരുന്നു. ദൈവം തിരിച്ചറിയപ്പെടുന്നത് അത്തരം പ്രാർഥനയിലൂടെയാണ്. പ്രതാപവാനായ ആ ഏകന്റെ അസ്തിത്വം, ആയിരക്കണക്കിന് മറകളുടെ പിന്നിലുള്ള അവൻ അങ്ങനെ അറിയപ്പെടുന്നു. (അയ്യാമുസ്സ്വുൽഹ്, റൂഹാനീ ഖസായിൻ, വാല്യം 14, പേജ് 238-239)

വിഡ്ഢിയായ ഒരാൾ കരുതുന്നത് പ്രാർഥന നിഷ്ഫലവും നിരുപയോഗവുമാണെന്നാണ്. പ്രതാപവാനായ ദൈവം പ്രാർഥനയുടെ ഫലമായാണ് തന്റെ സാന്നിധ്യം സ്വയം വെളിപ്പെടുത്തതെന്ന് അയാൾ അറിയുന്നില്ല. തന്നെ തേടുന്നവർക്ക് താൻ കഴിവുള്ളവനാണെന്ന് അവരുടെ ഹൃദയങ്ങളിൽ അവൻ വെളിപാടിറക്കുന്നുണ്ട്. ദൃഢജ്ഞാനത്തിന് വിശപ്പും ദാഹവുമുള്ള ഒരാൾ ഓർക്കേണ്ടത് അന്വേഷകന് ഈ ലോകത്ത് ആത്മീയവെളിച്ചം കിട്ടാൻ, സർവ്വശക്തനായ ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് ദൃഢജ്ഞാനം ലഭിക്കാൻ, സംശയങ്ങളും സന്ദേഹങ്ങളും ദുരീകരിക്കാൻ ഏകമാർഗം പ്രാർഥനയാണ് എന്നാണ്.' (അയ്യാമുസ്സ്വുൽഹ്, റൂഹാനീ ഖസായിൻ, വാല്യം 14, പേജ് 239-240)(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, ഒക്ടോബർ 2018)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നിങ്ങൾക്ക് ഇരുലോകത്തും വിജയം കരസ്ഥമാകണമെന്നും ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കണമെന്നും ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധി സ്വായത്തമാക്കുക. നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കുകയും മറ്റുള്ളവർക്ക് നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുകയും ചെയ്യുക; അപ്പോഴായിരിക്കും നിങ്ങൾ വിജയിക്കുന്നത്."**

**(ജുമുഅ ഖുത്ബ 2016 ജനുവരി 1)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## കഴിഞ്ഞ ലക്കം തുടർച്ച.....)

### 2016 മെയ് 17

### ചൊവ്വാഴ്ച

### അതിഥികളുടെ പ്രതികരണങ്ങൾ

ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുത്ത അതിഥികളിൽ ഹുദൂറിന്റെ പ്രഭാഷണം വളരെ വലിയ സ്വാധീനമാണുണ്ടാക്കിയത്.വളരെയധികം അതിഥികൾ ഇക്കാര്യം തുറന്നു പ്രകടിപ്പിക്കുകയും ചെയ്തു. ചിലത് ചുവടെ ചേർക്കുന്നു:

• ഒരതിഥി തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: 'ഖലീഫയുടെ പ്രഭാഷണം ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. കാരണം,സ്വീഡന്റെ നിലവിലുള്ള അവസ്ഥയെപ്പറ്റി അഗാധമായ കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടെന്ന് ഈ പ്രഭാഷണത്തിൽ കാണാൻ കഴിഞ്ഞു. പ്രത്യേകിച്ചും അഭയാർഥികളുടെ പ്രശ്നങ്ങളിൽ! ഇത് വളരെ ഹൃദ്യമായിരുന്നു. അഭയാർഥികൾ സ്വീഡനിലെ സമൂഹത്തോട് തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കണമെന്നും സ്വീഡിഷ് പൗരൻമാരെ അവഗണിക്കരുതെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് അഭയാർഥികളുടെ വരവുമായി ബന്ധപ്പെട്ട് ഖലീഫ തന്റെ പ്രത്യേക വീക്ഷണം വിവരിക്കുകയുണ്ടായി. വളരെ നല്ലൊരു കാര്യമാണിത്. സ്വീഡനിലെ ഒരു രാഷ്ട്രീയക്കാരനും ഇത്തരം കാര്യങ്ങൾ പറയില്ല.'

• ഒരതിഥി തന്റെ അനുഭവം ഇങ്ങനെ വിവരിച്ചു: 'എനിക്ക് ഇത് നല്ലൊരു പരിപാടിയായിരുന്നു. ഇസ്ലാമിനെപ്പറ്റിയും നിങ്ങളുടെ മതത്തെ സംബന്ധിച്ചും ഒരു പുതിയ ചിത്രം എനിക്ക് കാണാൻ കഴിഞ്ഞു. കൂടുതൽ ജനത നിങ്ങളുടെ ഈ ശബ്ദം കേൾക്കുകയാണെങ്കിൽ ലോകം കൂടുതൽ നല്ല സ്ഥലമായി മാറുന്നതാണ്.'

• ഒരതിഥി തന്റെ വാക്കുകൾ ഇങ്ങനെ വിവരിച്ചു: 'ഇന്നെനിക്ക് ധാരാളം കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. അതെല്ലാം വളരെ സ്വാധീനം ചെലുത്തുന്നതായിരുന്നു. എന്നല്ല കൂടുതൽ പ്രതീക്ഷ നൽകുന്നതായിരുന്നു. ഖലീഫ ഇവിടെ വന്നതിൽ ഞാൻ വളരെ നന്ദി രേഖപ്പെടുത്തുന്നു. ഏതെങ്കിലും തർക്കം ഉണ്ടാകുമ്പോൾ സ്വയം അവസാനിച്ചു കൊള്ളും എന്ന് കരുതി നാം കണ്ണടച്ചിരിക്കാൻ പാടില്ല എന്ന തോന്നൽ ഖലീഫയുടെ സന്ദേശം നമ്മളിൽ സൃഷ്ടിച്ചു. വളരെ കൃത്യമായ സന്ദേശമായിരുന്നു ഇത്. അതിനാൽതന്നെ ഞാൻ വളരെയധികം നന്ദി പറയുന്നു.'

• മറ്റൊരതിഥി തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'വളരെ നല്ലൊരനുഭവമായിരുന്നു ഇത്. മാൽമോ മസ്ജിദിലേക്ക് എനിക്ക് ക്ഷണം കിട്ടിയപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. എന്നാലിവിടെ വന്ന് പങ്കെടുത്ത് കഴിഞ്ഞപ്പോൾ എന്റെ സന്തോഷത്തിന് അതിരില്ലാതായി. ഞാൻ വളരെയധികം സ്വാധീനിക്കപ്പെട്ടിരിക്കുന്നു. ഖലീഫയുടെ സന്ദേശം കേട്ടു. അതിൽ എനിക്ക് വിവേകവും സ്നേഹവും സമാധാനവും മാത്രമാണ് കിട്ടിയത്. കാരണം ഈ പ്രഭാഷണം തികച്ചും സ്നേഹ സന്ദേശമായിരുന്നു. ഖലീഫയുടെ പ്രസംഗം പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനനുസരിച്ച് ഞാനും കൂടുതൽ ആകർഷിക്കപ്പെട്ടു കൊണ്ടേപോയി.'

• മറ്റൊരതിഥി പറയുന്നു: 'ജനങ്ങളെ ഒരു സ്ഥലത്ത് ഒരുമിച്ചു കൂട്ടുക എന്നത് വളരെ നല്ല ആഗ്രഹമാണ്. കാരണം മനുഷ്യനെ പരസ്പരം അകറ്റാൻ ശക്തികൾ ഇക്കാലഘട്ടത്തിൽ ലോകത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. ജനങ്ങളെ ഒരു സ്ഥലത്ത് ഒരുമിച്ചു കൂട്ടുന്നതിൽ എല്ലാ രൂപത്തിലും നിങ്ങൾ വിജയിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നാം കാണുമ്പോഴാണ് നമ്മുടെ കണ്ണ് തുറക്കുന്നതും കൂടുതൽ പഠിക്കാൻ നമുക്ക് സാധിക്കുന്നതും. വിദ്വേഷത്തെ നേരിടാനുള്ള ധൈര്യം കിട്ടുന്നതും. ഇസ്ലാമിനെതിരിൽ വളരെ വിദ്വേഷം നിലനിൽക്കുന്നുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യം വളരെയധികം പേർക്കറിയില്ല. നാം ഒത്തുകൂടുമ്പോൾ പരസ്പരം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. ഇപ്രകാരം സമാധാനത്തിന്റേയും സമത്വത്തിന്റേയും സന്ദേശം മുന്നോട്ട് പ്രചരിപ്പിക്കാൻ കഴിയും.'

• ഒരതിഥി തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ വിവരിച്ചു:'ഇവിടേക്ക് ക്ഷണിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഖലീഫയുടെ വാക്കുകൾ എനിക്ക് വളരെ നല്ലതായി തോന്നി. ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസാരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്.ഇവിടുത്തെ അധിക മതനേതാക്കളും അഭയാർഥികളുടെ ഉത്തരവാദിത്വങ്ങളായ സമൂഹത്തോടുള്ള അവരുടെ കടമയെ കുറിച്ചും സ്വീഡിഷ് ജനത അഭയാർഥികളെ എങ്ങനെ പരിഗണിക്കണം എന്ന കാര്യങ്ങളെ കുറിച്ചൊന്നും സംസാരിക്കാറില്ല. സ്വീഡിഷ് ജനതയുമായി ചേർന്നു നിൽക്കാൻ പറയുന്നതിനോടൊപ്പം സമൂഹത്തെ എങ്ങനെ ഉത്തമമാക്കിത്തീർക്കാം എന്നതിനെ കുറിച്ചു രാഷ്ട്രീയക്കാരോടുള്ള സന്ദേശവും ഉൾക്കൊള്ളുന്ന വളരെ കൃത്യമായ പ്രഭാഷണമായിരുന്നു അത്.'

• മറ്റൊരതിഥി തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: നിങ്ങളുടെ ബുദ്ധിക്ക് ഭാരമാകുകയും എന്നാൽ, ഹൃദയത്തിൽ സ്വാധീനമുളവാക്കുകയും ചെയ്യുന്ന ഒരു ആത്മീയ വ്യക്തിയുടെ വാക്കുകൾ വളരെയധികം സ്വാധീനചെലുത്തുന്നതു തന്നെയാണ്. എന്നെ വളരെയധികം ശക്തിപ്പെടുത്താൻ ഇതു കാരണമായി. ഇതു മുഖേന എനിക്ക് പുതിയ ഒരു ആവേശമാണ് കിട്ടിയത്. ലോകത്തെ നാശത്തിലേക്ക് നയിക്കുന്ന ഈ സാഹചര്യങ്ങളെ നമുക്ക് മാറ്റേണ്ടതുണ്ട്. ഈ പ്രശ്നങ്ങളെ നമുക്ക് പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. യൂറോപ്പിനുള്ളിൽ യുദ്ധം കാരണത്താൽ നേരിടേണ്ടി വന്ന അഭയാർഥി പ്രശ്നം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം നാം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ പരിഹരിക്കാൻ സാധിക്കുന്നതാണ്.'

• ഒരതിഥി തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: 'ഈ പരിപാടിയിൽ പങ്കെടുത്തതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഖലീഫ നൽകിയ സന്ദേശം തികച്ചും പ്രാധാന്യമർഹിക്കുന്നതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സമഭാവനയുടേയും സന്ദേശമാണിത്. ഈ സന്ദേശമനുസരിച്ച് ഏവരും പ്രവർത്തിക്കേണ്ടതാണ്. ഞാൻ വളരെ ആകൃഷ്ടനായിരിക്കുന്നു. സുപ്രധാനമായ പ്രവൃത്തിയാണിത്. ഒരു നവ ഉൻമേഷം എനിക്ക് കൈവന്നിരിക്കുന്നു.'

• ഒരതിഥി പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യങ്ങളും അതിന് പിന്നിലുള്ള പിന്തുണയും ലോകത്താകമാനം ഖലീഫയും അഹ്മദികളും ചെയ്തു വരുന്ന സേവനങ്ങളേയും കാണുമ്പോൾ ഇസ്ലാമിന്റെ മനോഹാരിത മനസ്സിലാക്കാൻ കഴിയുന്നു.'

• Ake Bader എന്ന അതിഥി പറയുന്നു:'സാഹോദര്യവും ഇതരർക്ക് അവരുടെ വിശ്വാസങ്ങളിൽ നിലനിൽക്കാനുള്ള അവകാശവും നൽകുന്നതിലൂടെ തന്നെയാണ് സമാധാനം സ്ഥാപിതമാകുന്നത് എന്ന ഖലീഫയുടെ സന്ദേശം സുപ്രധാനമാണ്; പ്രത്യേകിച്ചും അഭയാർഥികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ! തങ്ങൾക്ക് ലഭിച്ച ഈ സ്വാതന്ത്ര്യത്തെ അവർ വിലമതിക്കണം. സമൂഹത്തിന് ഫലമെത്തിക്കുന്ന വ്യക്തിയായി മാറണം. തദ്ദേശവാസികളും അഭയാർഥികളുടെ പ്രശ്നങ്ങളിൽ അവരെ സഹായിക്കണമെന്നുള്ള ജാഗ്രതപ്പെടുത്തൽ ഖലീഫയിൽ നിന്നുണ്ടായി. കൂടുതൽ ആവശ്യങ്ങൾ അവർ ഉന്നയിക്കരുത്. ഖലീഫ സമാധാനത്തിന് ഒരു അടയാളമാണ്.വളരെയധികം കാര്യങ്ങൾ ഇസ്ലാമിനെ കുറിച്ച് പഠിക്കാൻ എനിക്ക് സാധിച്ചു.'

ഇറാഖിൽ നിന്ന് വന്ന ഒരു ക്രിസ്തീയ അഭയാർഥി സലാം സാഹിബും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: 'ഖലീഫയുടെ വാക്കുകൾ വളരെ സുന്ദരമാണ്. അദ്ദേഹം സമാധാനത്തെ കുറിച്ചും ബാഹ്യമായ ഐക്യത്തെ കുറിച്ചും മാത്രമായിരുന്നു സംസാരിച്ചത്. ഇറാഖിൽ ഇത്തരം വർത്തമാനം ഒരിക്കലും ഞാൻ കേട്ടിട്ടില്ല. അവിടെ ജനങ്ങൾ ഇസ്ലാമിന്റെ ഖലീഫ സമർപിച്ച രൂപം പറയാറില്ല. ഇറാഖ് ജനത ഖലീഫയുടെ വാക്ക് കേട്ടിരുന്നെങ്കിൽ നമുക്ക് ഇപ്രകാരം പാലായനം ചെയ്യേണ്ടി വരില്ലായിരുന്നു; ഇവിടുത്തെ സ്വീഡിഷ് ജനതയുടെ മുമ്പിൽ യാചകരെപ്പോലെ നമുക്ക് വരേണ്ടി വരില്ലായിരുന്നു. ഞാൻ ഏതോ അവകാശം നേടിയെടുക്കാൻ വന്നിരിക്കുന്നു എന്ന വിചാരമാണ് സ്വീഡിഷ് ജനതക്കുള്ളത്. ഈ തോന്നൽ വളരെ മോശമാണ്. നിങ്ങളുടെ ഖലീഫയെ പോലെയുള്ള ഒരു വ്യക്തിയും ഇറാഖിലില്ല. ഖലീഫ വളരെ വ്യക്തമായിട്ടാണ് സംസാരിക്കുന്നത്. ലോകത്ത് എന്താണ് സംഭവിക്കുന്നതെന്ന് വ്യക്തമാക്കുന്നു. എല്ലാ മുസ്ലിം വിഭാഗങ്ങളിലുംവച്ച് ഏറ്റവും നല്ല ജമാഅത്താണ് നിങ്ങളുടേത്.

• ഒരതിഥി Joham Winfalt തന്റെ അനുഭവങ്ങൾ വിവരിക്കുന്നു: 'ഖലീഫയുടെ പ്രഭാഷണം ഏറ്റവും മികച്ചതായിരുന്നു. അതിനു കാരണം ഖലീഫയുടെ വാക്കുകൾ ഹൃദയത്തിൽനിന്ന് പുറപ്പെടുന്നുവെന്നതാണ്. ഹൃദയത്തിൽ സ്വാധീനമുണ്ടക്കുന്നതാണത്. രാഷ്ട്രീയക്കാർ ജനങ്ങളെ സന്തോഷിപ്പിക്കാനാണ് സംസാരിക്കുന്നത്. എന്നാൽ, ഖലീഫ ധൈര്യത്തോടെ തുറന്ന് സംസാരിക്കുന്നു. ഖലീഫ ചില സുപ്രധാനവും യുക്തിസമ്പൂർണവുമായ ഉപദേശങ്ങൾ നൽകിയിരിക്കുന്നു. ഇസ്ലാമിനെ കുറിച്ച് എനിക്ക് വളരെ കാര്യങ്ങൾ അറിയാൻ കഴിഞ്ഞു. അഭയാർഥികൾ പുതിയ സ്ഥലത്ത് വന്നതിനാൽ ഈ രാജ്യത്തെ ആദരിക്കണമെന്ന ഖലീഫയുടെ വാക്കിനോട് ഞാൻ പൂർണമായും യോജിക്കുന്നു. ഭരണകൂടം അഭയാർഥികളിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് അവരെ ഉപദേശിക്കണം. സമാധാനം ഇരു വിഭാഗത്തിന്റേയും ക്രിയാത്മക നടപടികളിൽ അധിഷ്ഠിതമാണെന്ന് ഖലീഫ പറഞ്ഞു. അഭയാർഥികളെ നമ്മളും സ്വാഗതം ചെയ്യണം. ഞാൻ രാഷ്ട്രീയ കാര്യങ്ങളിൽ വളരെ താൽപരമെടുക്കാറുണ്ട്. അഭയാർഥി പ്രശ്നങ്ങളെ കുറിച്ചുള്ള എണ്ണമറ്റ ലേഖനങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ, ഖലീഫ സമർപിച്ച ആകർഷണീയമായ വിലയിരുത്തലുകൾ ഞാൻ എവിടേയും വായിച്ചിട്ടില്ല. ഇസ്ലാമിനെപ്പറ്റി വളരെയധികം തെറ്റായ ധാരണകൾ ഒരുപാടാളുകൾക്കുണ്ട്.

• Eva Lofgrem എന്ന അതിഥി തന്റെ അനുഭവങ്ങൾ വിവരിക്കുന്നു: '1970 മുതൽ എനിക്ക് അഹ്മദികളെ അറിയാം. ഞാൻ പശ്ചിമാഫ്രിക്കയിലായിരുന്നപ്പോൾ അവിടെ കുറച്ച് അഹ്മദികളെ കണ്ടിരുന്നു. നിങ്ങളുടെ ഖലീഫ എന്നെ അഗാധമായി സ്വാധീനിച്ചിരിക്കുന്നു. സ്വീഡനെ സംബന്ധിച്ച് വളരെ നല്ല അറിവ് അദ്ദേഹത്തിനുണ്ട്. മുമ്പേ എനിക്ക് ഒട്ടും അറിവില്ലാത്ത കാര്യങ്ങൾ അദ്ദേഹം പറയുകയുണ്ടായി. ഖലീഫ രാഷ്ട്രീയ വിഷയത്തിലും സംസാരിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ വാക്കുകളോട് നൂറു ശതമാനം ഞാൻ യോജിക്കുന്നു. ഇസ്ലാമിന്റെ യഥാർഥ രൂപം ഖലീഫ സമർപിച്ചിരിക്കുന്നു. അഭയാർഥി പ്രശ്നങ്ങളെ സംബന്ധിച്ച് ഖലീഫ ഗഹനമായി വിലയിരുത്തിയിട്ടുണ്ട്. ഇരു വിഭാഗവും പരസ്പരം ആദരിക്കണമെന്നുള്ള അദ്ദേഹത്തിന്റെ നിർദേശം തികച്ചും ശരിയാണ്. ഞാൻ ഉശ്ല്യശെര്യേ യെ കുറിച്ച് പ്രഭാഷണം നടത്താറുണ്ട്. വളരെയധികം വ്യക്തികളുമായി കാണാറുണ്ട്. നിങ്ങളുടെ ഖലീഫ മുസ്ലിമീങ്ങൾക്കുവേണ്ടി ഉദാഹരിക്കാവുന്ന ഒരു മാതൃകയാണ്. ഖലീഫ തന്റെ വാക്കുകൾ ഖുർആനിക തെളിവോടുകൂടി സമർപിച്ചു എന്നത് വളരെ ശ്രേഷ്ഠമായിരുന്നു. ഐക്യരാഷ്ട്ര സഭയുടെ നിയമങ്ങളെ സംബന്ധിച്ചും ഖലീഫ സൂചിപ്പിച്ചു. ഇസ്ലാമിനെ സംബന്ധിച്ച് വളരെയധികം ഭീതിയിലാ

ണ് എന്റെ ചില അടുത്ത സുഹൃത്തുക്കൾ. ഇസ്‌ലാമിന്റെ യാഥാർഥ്യമെന്താണെന്നും ഇതിനെ തൊട്ട് ഭയപ്പെടേണ്ട ആവശ്യമില്ലെന്നും ഞാൻ അവരോടു പറയുന്നതാണ്. ഈ പ്രഭാഷണത്തിന്റെ യൂ ട്യൂബ് ലിങ്ക് എനിക്ക് അയച്ചു തന്നാൽ ഞാനെന്റെ എല്ലാ സ്നേഹിതരിലേക്കും എത്തിക്കുന്നതാണ്.'

• Mr.Stig എന്ന അതിഥി തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിച്ചു: 'ഈ പ്രസംഗം വളരെ ഹൃദയഹാരിയായിരുന്നു. ഇന്നേക്ക് മുമ്പേ ഒരിക്കലും ഇസ്‌ലാമിനെ സംബന്ധിച്ച് ഈ രീതിയിലൊരു പ്രഭാഷണം കേട്ടിട്ടില്ല. ലോകത്തിലെ വിവിധ വിഷയങ്ങളെ കുറിച്ച് ഖലീഫ സംസാരിച്ചു. സമാധാനം സ്ഥാപിക്കാൻ ഉപദേശിച്ചു. വരാനിരിക്കുന്ന തലമുറക്ക് ഇതൊരു മർമ പ്രധാനമായ ഉപദേശമാണ്. പൂർണ മാന്യതയോടെ ഖലീഫ സമാധാനത്തെ കുറിച്ച് സംസാരിക്കുന്നു. ഞാനദ്ദേഹത്തെ വളരെ ആദരിക്കുന്നു.

• Mrs sibylla എന്ന അതിഥി തന്റെ വികാരം ഇങ്ങനെ പങ്ക് വെച്ചു: 'എല്ലാ മതങ്ങളും അതിന്റെ തുടക്കത്തിൽ നൽകിയ യഥാർഥ സന്ദേശമാണ് ഖലീഫ നൽകിയത്. എല്ലാ മതത്തിന്റേയും അടിസ്ഥാന അധ്യാപനം ഇതു തന്നെയായിരുന്നു. ഖലീഫ എല്ലാവരേയും ഒരേ കാര്യത്തിലേക്ക് വിളിക്കുന്നു.അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിച്ചതിനു ശേഷം എനിക്കുറപ്പായ ഒരു കാര്യം ലോകപ്രശ്നങ്ങൾക്ക് കാരണം മതമല്ല എന്നാണ്. മുസ്‌ലിമീ കളോട് നമുക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അത് മതപരമല്ല മറിച്ച് സംസ്കാരത്തിന്റേതാണ്. ഖലീഫയുടെ സന്ദേശം വളരെ സാധാരണമായിരുന്നു. പരസ്പരം ആദരിക്കുക. ബാഹ്യമായ ഭിന്നത ഒഴിവാക്കുക. ഖലീഫയുടെ സമാധാനത്തിനുവേണ്ടിയുള്ള ശ്രമങ്ങളെ വളരെ ആദരവോടുകൂടി ഞാൻ കാണുന്നു.വളരെ കുറച്ചു മാത്രമേ ഇസ്‌ലാമിനെ കുറിച്ച് ഇന്നേക്ക് മുമ്പേ എനിക്ക് അറിയുമായിരുന്നുള്ളൂ. എന്നാൽ, ഇപ്പോൾ വളരെയധികം മനസ്സിലായിരിക്കുന്നു. വിശുദ്ധ ഖുർആൻ വായിക്കാൻ ശ്രമിക്കണമെന്നും ഇപ്പോൾ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഭാവിയെ സംബന്ധിച്ച് ഒരു പുതു പ്രതീക്ഷ ഖലീഫ എനിക്ക് നൽകിയിരിക്കുന്നു.'

• Goram എന്ന അതിഥി തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'ഖലീഫയുടെ പ്രസംഗം വളരെ ആകർഷണീയമായിരുന്നു.ഇത്രയധികം പാർലമെന്റ് മെംബർമാർ പങ്കെടുത്തത് എന്നെ വിസ്മയിപ്പിച്ചു. ഇത് തെളിയിക്കുന്നത് ഈ എം.പിമാർ നിങ്ങളോടൊപ്പവും നിങ്ങളുടെ പദ്ധതികളോടൊപ്പമാണെന്നാണ്. ഖലീഫയെ കാണാനും സമാധാനസന്ദേശം കേൾക്കാനും കിട്ടിയ അവസരം വളരെ നല്ലതായിരുന്നു. ഖലീഫയുടെ സന്ദേശം കാലത്തിനു ആവശ്യമായ സുപ്രധാന സന്ദേശമാണ്. ഖലീഫയെ കാണുമ്പോൾ തോന്നുന്നത് അദ്ദേഹം വളരെ കാരുണ്യമായ മനസ്സിന്റെ ഉടമയും ആത്മീയ വ്യക്തിത്വമാണെന്നാണ്. വിശുദ്ധ ഖുർആനിന്റെ വചനങ്ങളുടെ വെളിച്ചത്തിലാണ് ഖലീഫ പറയുന്നതെല്ലാം. ഇത് തെളിയിക്കുന്നത് അദ്ദേഹം പറയുന്നതെല്ലാം ഇസ്‌ലാമിക അധ്യാപനം തന്നെയാണെന്നാണ്. ഖുർആനിക പദങ്ങൾ അതിന്റെയുള്ളിൽ വളരെയധികം ആകർഷണീയത ഉൾക്കൊള്ളുന്നതാണ്.അഭയാർഥി പ്രശ്നത്തെപ്പറ്റി ഇത്രയധികം കാര്യങ്ങൾ വിവരിച്ചത് എന്നെ വിസ്മയിപ്പിച്ചു.കാരണം അധിക മതനേതാക്കളും ഇത്തരം വിഷയങ്ങളിൽ നിന്ന് അകലം പ്രാപിക്കുകയാണ് സാധാരണ ചെയ്യുന്നത്. സ്ത്രീക്ക് ആശുപത്രിയിൽ നല്ല ചികിൽസ നൽകുന്നതിൽ നിന്ന് തടയപ്പെട്ട കേസിനെപ്പറ്റി എനിക്കറിയില്ലായിരുന്നു. ഇത് തെളിയിക്കുന്നത് അദ്ദേഹത്തിന്റെ അറിവ് വളരെ വിശാലമാണെന്നാണ്. നമ്മളെ എത്രമാത്രം അദ്ദേഹം പരിഗണിക്കുന്നു. അഭയാർഥികൾ ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ചില്ലെങ്കിൽ അതിന്റെ ദുഷ്ഫലങ്ങൾ വെളിപ്പെടുമെന്ന് ഖലീഫ തുറന്ന് പറയുകയുണ്ടായി. ലോകത്ത് വിഭാഗീയത ഇല്ലാതാക്കാനാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അഭിനന്ദനാർഹമായ ഒരു കാര്യമാണിത്. ഇരു വിഭാഗവും സമാധാന സ്ഥാപനത്തിനുള്ള തങ്ങളുടെ ഉത്തരവാദിത്വ നിർവ്വഹണത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ തുടർച്ചയായുള്ള പ്രത്യാഘാതങ്ങൾക്ക്(Chain reaction) ആരംഭം കുറിക്കാൻ സാധ്യതയുണ്ടെന്ന ഒരു താക്കീതും അദ്ദേഹം നൽകുകയുണ്ടായി. നിങ്ങളുടെ നേതാവ് വളരെ നല്ല ഒരു പ്രഭാഷകനാണെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ സംസാര രീതി എന്നെ പിടിച്ചു കുലുക്കിക്കളഞ്ഞു. നിങ്ങൾ അദ്ദേഹത്തെ 'യുവർ ഹോളിനെസ്' (Your Holiness) എന്ന് വിളിക്കുന്നു.എന്നാൽ ഞാനദ്ദേഹത്തെ 'യുവർ ഹൈനസ്'(Your Highness)എന്നാണ് പറയുന്നത്.'

• Gunnar Hendrikson എന്ന അതിഥി തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'വളരെ നല്ല പരിപാടിയായിരുന്നു. അഭയാർഥി പ്രശ്നത്തെ സംബന്ധിച്ചുള്ള ഖലീഫയുടെ വിലയിരുത്തൽ മഹത്തരമായിരുന്നു. യുക്തിസഹമായ കാര്യങ്ങളാണ് ഖലീഫ പറയുന്നത്. തന്റെ വിവരണത്തിൽ സത്യസന്ധനാണ്. ശാന്തിയിലേക്കും സത്യത്തിലേക്കും ആളുകളെ കൊണ്ടുവരുന്ന നിങ്ങളുടെ ഖലീഫയെ പോലെയുള്ള ഒരു നേതാവ് സർവ്വ മുസ്‌ലിമീംകൾക്കും ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം. ഒരു ചോദ്യം, നിങ്ങളുടെ സ്ത്രീകൾ എവിടെയാണ്?

• പോലീസിൽ ജോലി ചെയ്യുന്ന Aaron സാഹിബ് തന്റെ അഭിപ്രായം ഈ വാക്കുകളിൽ വെളിപ്പെടുത്തി: 'ഖലീഫയുടെ പ്രഭാഷണം വളരെ സ്വാധീനമുണ്ടാക്കുന്നതായിരുന്നു. നമ്മുടെ ഇവിടെ സ്വീഡനിലും ബാധിച്ചിട്ടുണ്ട്; ഭീഷണിക്ക് വെളിയിലല്ലെ നുള്ള ഖലീഫയുടെ വാക്ക് ശരിയാണ്. ഞാനിതു വരെ പങ്കെടുത്ത പരിപാടികളിൽ ഏറ്റവുമധികം സമാധാനപൂർണമായിരുന്നു ഈ പരിപാടിയും. ഇസ്‌ലാമിക നേതാവിന്റെ പ്രഭാഷണം ശ്രവിക്കാൻ എല്ലാ രംഗങ്ങളിലും ജോലി ചെയ്യുന്ന വ്യക്തികൾ ഒരുമിച്ചു കൂടിയിരിക്കുന്നു. ഇവിടെയെത്തുകയെന്നത് ഒരു ശ്രേഷ്ഠതയാണ്. കാരണം അദ്ദേഹം ഒരു മഹോന്നത നേതാവാണ്. ബാഹ്യമായ ഭിന്നതകൾ മറന്നുകൊണ്ട് സർവ്വസമ്മത വിഷയങ്ങളെ കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അഭയാർഥി പ്രശ്നം വളരെ സുപ്രധാനമായ ഒരു പ്രശ്നമാണ്. ബാഹ്യമായ ആദരവിനെ സ്ഥാപിച്ചുകൊണ്ട് മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്ന് ഖലീഫ നമ്മോട് പറയുകയുണ്ടായി. നിശ്ചയമായും ഇന്ന് ഞാൻ ഇസ്‌ലാമിനെ കുറിച്ച് വളരെയധികം കാര്യങ്ങൾ പഠിച്ചു.'

• പാർലമെന്റ് മെംബർ Mr.Valter തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിച്ചു: 'അഭയാർഥി പ്രശ്നത്തെ സംബന്ധിച്ചുള്ള ഖലീഫയുടെ നിരീക്ഷണങ്ങൾ എനിക്ക് വളരെ നല്ലതായി തോന്നി. വർത്തമാനകാല വിഷയമാണിത്. ഖലീഫയുടെ വിചാരങ്ങളും അറിയാൻ കഴിഞ്ഞത് വളരെ നന്നായി. ഇരു ഭാഗത്തും ഉത്തരവാദിത്വമുണ്ടെന്ന് ഖലീഫ പറയുകയുണ്ടായി. ഭരണകൂടത്തിന്റേയും യു.എൻ.ഓ യുടേയും ഉത്തരവാദിത്വമാണ് അവരുടെ വലിയ വലിയ വാഗ്ദാനങ്ങളും mandatesവും പൂർത്തിയാക്കുക എന്നത്. ഖലീഫ എവിടെ പോയാലും ശാന്തിയും സമാധാനവുമാണ് പ്രചരിപ്പിക്കുന്നത്.'

• പാർലമെന്റ് അംഗം Mr.Beng തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'ലോകത്തെ ഒരു മഹോന്നത നേതാവ് സ്വീഡനിൽ വന്നതിൽ ഞങ്ങൾക്ക് അതിയായ അഭിമാനമുണ്ട്.'

അദ്ദേഹം ഹുദൂറിന്റെ പ്രഭാഷണത്തെ സംബന്ധിച്ച് തന്റെ പ്രതികരണം നൽകിക്കൊണ്ട് പറഞ്ഞു: 'ഒരു മഹോന്നത വ്യക്തിത്വത്തിന്റെ മഹത്തായ പ്രഭാഷണമായിരുന്നു ഇത്. ഈ പ്രഭാഷണം കേവലം സ്വീഡനുവേണ്ടി മാത്രമല്ല, മുഴു യൂറോപ്പിനും എന്നല്ല, മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. ലോക നേതാക്കൾ സമാധാന സ്ഥാപനത്തിനുവേണ്ടി ശ്രമിക്കേണ്ടതാണ്. തങ്ങളുടെ ജനതകളോടു സ്നേഹത്തോടുകൂടി പെരുമാറേണ്ടതാണ്. തദ്ദേശ സമൂഹത്തോട് ചേർന്ന് പ്രവൃത്തിക്കാൻ അഭയാർഥികളോട് ഖലീഫ പറയുകയുണ്ടായി. നിശ്ചയമായും എനിക്കും എന്റെ പാർലമെന്റ് സഹപ്രവർത്തകർക്കും ചിന്തിക്കാൻ ധാരാളം കാര്യങ്ങൾ ഖലീഫ നൽകിയിരിക്കുന്നു.'

• പോലീസ് വകുപ്പിൽ ജോലി ചെയ്യുന്ന Jorgen Karisson തന്റെ വിചാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: 'പ്രോഗ്രാമിനു മുമ്പേ സുരക്ഷിതത്വത്തെപ്പറ്റി ആശങ്കയുണ്ടായിരുന്നു. എന്നാൽ, ഇവിടെ വന്നു കണ്ടപ്പോൾ വളരെ നല്ല സംവിധാനങ്ങളായിരുന്നു.' അദ്ദേഹം തുടരുന്നു: 'ഖലീഫയുടെ ഈ പരിപാടിയിൽ പങ്കെടുത്തത് എനിക്ക് ലഭിച്ച വളരെ വലിയ ഒരു ആദരവാണ്. ഇന്ന് നാം ജീവിച്ചു വരുന്ന അസ്വസ്ഥജനകമായ കാലഘട്ടത്തെ പരാമർശിച്ചുകൊണ്ടുള്ള ഖലീഫയുടെ സന്ദേശം വളരെ പ്രാധാന്യം അർഹിക്കുന്നു. ഖലീഫയെ പോലുള്ള ഒരു വ്യക്തി മാനുഷിക അനുകമ്പയിലേക്ക് ശ്രദ്ധ ചെലുത്തിക്കൊണ്ട് നമ്മുടെ ഇടയിൽ നിലനിൽക്കുന്നു എന്നത് വളരെ ആവശ്യമായ കാര്യമാണ്.'

• ഒരു അതിഥി തന്റെ വികാരങ്ങൾ ഈ വാക്കുകളിലാണ് വിശദീകരിച്ചത്: 'ഖലീഫയുടെ പ്രഭാഷണം ഗംഭീരമായിരുന്നു. പ്രഭാഷണം അവസാനിക്കരുതെന്ന് ഹൃദയം ആഗ്രഹിച്ചു കൊണ്ടിരുന്നു.'

• ഒരു സ്വീഡിഷ് വനിത Miss Anna തന്റെ വികാരങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് പറഞ്ഞു: 'വളരെയധികം ആളുകൾ സത്യം പറയുന്നുവെന്ന് വാദിക്കാറുണ്ട്. ഒരു കാര്യത്തിന്റെ യാഥാർഥ്യം അറിയാൻ അക്കാര്യത്തെ കുറിച്ച് കേട്ടെങ്കിലേ സാധ്യമാകുകയുള്ളൂ. ഇന്ന് സായാഹ്നത്തിൽ എനിക്ക് സത്യം തന്നെ കേൾക്കാൻ കിട്ടി.'

• ഒരതിഥി തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിച്ചു: 'സമാധാനം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രഭാഷണം വളരെ നല്ലതായി തോന്നി. പ്രത്യേകിച്ചും ഒരു മുസ്‌ലിം നേതാവിന്റെ ഭാഗത്തുനിന്നുള്ള സമാധാനത്തിന്റെ സന്ദേശം. അഹ്മദി മുസ്‌ലിമീങ്ങളുടെ ചിന്താ ധാരയെപോലെ മറ്റെല്ലാ മുസ്‌ലിമീങ്ങളും ചിന്തിക്കണം എന്നാണ് എന്റെ ആഗ്രഹം. ഇപ്രകാരം മധ്യപൗരസ്ത്യ ദേശത്തും ബാക്കി ലോകത്തും സമാധാനം പുനഃസ്ഥാപിക്കപ്പെടും എന്ന പ്രതീക്ഷ എനിക്കുണ്ട്.'

• ഒരു സ്വീഡിഷ് അതിഥി തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: 'ഖലീഫ ഈ പ്രസംഗം വളരെ ചിന്തിച്ചു മനസ്സിലാക്കി സമ്പൂർണ തയ്യാറെടുപ്പോടുകൂടി തയ്യാറാക്കിയതാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. കാരണം അദ്ദേഹത്തിന് സ്വീഡന്റെ ആഭ്യന്തര കാര്യങ്ങളെപ്പറ്റി നല്ല അവഗാഹമുണ്ടായിരുന്നു. ഇവിടെ അഭയം തേടിയ അഭയാർഥികളുടെ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകൾ തികച്ചും വ്യത്യസ്തമാണ്. അഭയാർഥികളുടെ മേലും ചില ഉത്തരവാദിത്വങ്ങളുണ്ടെന്ന് ഖലീഫ പറയുകയുണ്ടായി. സ്വീഡൻ രാഷ്ട്രീയക്കാർ ഒരിക്കലും പറയാത്ത കാര്യമാണിത്.'

• ഒരു അതിഥി തന്റെ അനുഭവം വിവരിക്കുന്നു: 'ഈ പരിപാടി എനിക്ക് ആത്മീയമായി പുളകം സൃഷ്ടിക്കുന്നതായി, നിങ്ങളുടെ ഇസ്‌ലാം മതത്തെപ്പറ്റിയുള്ള എന്റെ വീക്ഷണം തികച്ചും വ്യത്യസ്തമായിരുന്നു. ജനം ഖലീഫയുടെ വാക്കുകൾ കേൾക്കുകയാണെങ്കിൽ ലോകത്തിന്റെ അവസ്ഥകൾ തന്നെ മാറുമെന്നാണ് എന്റെ വീക്ഷണം.'

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**നമ്മൾ അഹ്മദികൾത്തന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹര അധ്യാപനം പറഞ്ഞുകൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടകാര്യം അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കലാണ്."**
**(ജുമുഅ ഖുത്‌ബ 3-2-2017)**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്‌ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

• ഒരു സ്വീഡിഷ് അതിഥി പറയുന്നു: 'ഇന്നത്തെ പരിപാടി എല്ലാത്തരം ആളുകളേയും ഇതിന്നുള്ളിൽ ഐക്യപ്പെടുത്തുന്നതായിരുന്നു. ഞാൻ വളരെയധികം കാര്യങ്ങൾ ഇന്ന് പഠിച്ചു. വളരെ സ്വാധീനം ചെലുത്തുന്നതായിരുന്നു ഖലീഫയുടെ പ്രഭാഷണം. എന്നല്ല നമുക്ക് പ്രതീക്ഷയും കാണാൻ കഴിയുന്ന ഒന്നായിരുന്നു ഖലീഫയുടെ പ്രസംഗം എന്ന് ഞാൻ പറയും. ഖലീഫ നമ്മുടെയടുക്കൽ വന്നതിനും സ്വീഡന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്ക് മാർഗദർശനം നൽകിയതിനും ഞാൻ വളരെ നന്ദിയുള്ളവനാണ്. അപകടത്തിന്റെ ബെല്ല് മാത്രം അടിക്കാതെ ജാഗ്രത പാലിക്കാനും കണ്ണുകൾ തുറക്കാനും നമ്മോട് പറഞ്ഞു എന്നതിൽ ഞാൻ സന്തോഷവാനാണ്. നിസ്സംശയം ഇതൊരു ഉഗ്രൻപ്രഭാഷണമായിരുന്നു.'

• ഒരു സ്വീഡിഷ് അതിഥിയുടെ വാക്കുകൾ ഇങ്ങനെയായിരുന്നു: 'വളരെ നല്ല ആത്മീയ അനുഭവമായിരുന്നു. മാൽമോ മസ്ജിദിന്റെ ഉൽഘാടനത്തിന് എനിക്ക് ക്ഷണം കിട്ടിയപ്പോൾ മുസ്‌ലിമീംകൾ എന്നെ ക്ഷണിച്ചു എന്നതിൽ ഞാൻ വളരെ പ്രഭാവിതനായിരുന്നു. എന്നാൽ, ഖലീഫയുടെ പ്രഭാഷണം ശ്രവിച്ചതിനുശേഷം ഇരട്ടി പ്രഭാവിതനായി. കാരണം ഖലീഫ വലിയ യുക്തി പൂർണമായതും അനുകമ്പയുടേയും സമാധാനത്തിന്റേയും കാര്യങ്ങളുമാണ് സംസാരിച്ചത്.'

• ഒരു സ്വീഡിഷ് അതിഥിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു: 'വിവിധ തുറയിലുള്ളവരെ ഒരിടത്ത് ഒരുമിച്ചു കൂട്ടുക എന്നത് വളരെ ഉന്നത ലക്ഷ്യം തന്നെയാണ്. കാരണം ഇരുട്ടിന്റെ വളരെയധികം ശക്തികൾ ജനങ്ങളെ ഭിന്നിപ്പിക്കാനും അവരുടെ ഇടയിൽ കുഴപ്പങ്ങളുണ്ടാക്കാനും ശ്രമിക്കുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ ഞങ്ങൾ വിജയിച്ചിരിക്കുന്നു. കാരണം ഖലീഫയെ കാണുകയും അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിക്കുകയും ചെയ്തപ്പോൾ ഞങ്ങളുടെ കണ്ണുകൾ തുറന്നു. ഞങ്ങൾ വളരെയധികം പുതിയ കാര്യങ്ങൾ പഠിച്ചു. ഇനി ഞങ്ങൾ വിദ്വേഷം ഇല്ലാതാക്കും. കാരണം ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച് വളരെയധികം വിദ്വേഷം നിലനിൽക്കുന്നുണ്ട്.അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങൾ എന്തൊക്കെയാണെന്ന് ഭൂരിപക്ഷമാളുകൾക്കും അറിയില്ല. അഹ്മദിയ്യാ ജമാഅത്തിനെ കണ്ടാൽ മാത്രമേ നിങ്ങൾ മുന്നോട്ടു വെക്കുന്ന സമാധാനത്തിന്റേയും സമഭാവനയുടേയും സന്ദേശം ലോകത്ത് എങ്ങനെ വ്യാപിപ്പിക്കാൻ കഴിയും എന്നതിനെ സംബന്ധിച്ച് മനസ്സിലാകുകയുള്ളൂ.'

• ഒരു സ്വീഡിഷ് അതിഥി പറയുന്നു: 'ഈ പരിപാടിയിൽ പങ്കെടുത്തതിലും ഖലീഫയുടെ പ്രസംഗം ശ്രവിച്ചതിലും ഞാൻ വളരെ സന്തോഷവാനാണ്. ഇതര മത നേതാക്കൾ പറയാൻ ഭയപ്പെടുന്ന വിഷയങ്ങളെ സംബന്ധിച്ച് ഖലീഫ സംസാരിച്ചു.സ്വീഡനിൽ അഭയം തേടിയവരിൽനിന്ന് ജനങ്ങൾക്ക് എന്തെല്ലാം പ്രതീക്ഷകളാണുള്ളത് എന്ന് ഖലീഫ തുറന്നു പറഞ്ഞു. സ്വീഡിഷ് ജനതയുടെ ഉത്തരവാദിത്വത്തെ കുറിച്ചും അഭയാർഥികളോട് അവർ എങ്ങനെ പെരുമാറണം എന്നതിനെ കുറിച്ചും പറഞ്ഞു. ഒരു ഉറച്ച സമാധാനനിർഭരമായ സമൂഹം ഉണ്ടായി വരാൻ ഇരു വിഭാഗത്തിന്റേയും ഉത്തരവാദിത്വങ്ങളെ കുറിച്ചും അഭയാർഥികളും ജനങ്ങളും ഭരണകൂടവും എങ്ങനെ പ്രവർത്തിക്കണം എന്നെല്ലാം പറയപ്പെട്ട വളരെ മഹത്തായ പ്രസംഗമായിരുന്നു ഇത്.'

• പരിപാടിയിൽ പങ്കെടുത്ത ഒരു സ്വീഡിഷ് അതിഥി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഒരു ആത്മീയനേതാവിനെ കേട്ട് വളരെ നന്നായി തോന്നി. അദ്ദേഹം എന്റെ മനസ്സിലും ബുദ്ധിയിലുമുള്ള കാര്യമാണ് സംസാരിച്ചത്. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിനുശേഷം എന്റെ ഉള്ളിൽ ഒരു പുതിയ ശക്തിയും ആവേശവും വന്നിരിക്കുന്നു. നമുക്ക് ഈ പ്രതിസന്ധികൾ അവസാനിപ്പിക്കേണ്ടിവരും; അതിന്റെ പിടിത്തത്തിൽ ലോകം അകപ്പെട്ടിരിക്കുകയാണ്. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം നമ്മൾ സ്വായത്തമാക്കുകയാണെങ്കിൽ യുദ്ധവും വിദ്വേഷവും കൊണ്ടുണ്ടാകുന്ന അഭയാർഥികളുടെ പ്രതിസന്ധിയെ നിയന്ത്രിക്കാൻ നമുക്ക് കഴിയുന്നതാണ്.

(ബദ്ർ വീക്കിലി, 2016 ജൂലായ് 14)

## 2016 മെയ് 18,ബുധനാഴ്ച

രാവിലെ മൂന്നു മണിക്ക് ഹുദൂർ മസ്ജിദിലെത്തി നമസ്കാരത്തിന് നേതൃത്വം നൽകി. ശേഷം ഹുദൂർ താമസ സ്ഥലത്തിലേക്ക് മടങ്ങി.

### അതിഥികളുമായുള്ള കൂടിക്കാഴ്ച:

ഇന്ന് യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ചില പ്രൊഫസർമാർക്കും മറ്റു ചില അതിഥികൾക്കും ഹുദൂറിനെ കാണാനുള്ള ദിവസമായിരുന്നു. താഴെ പറയുന്നവരാണ് ഹുദൂറിനെ കാണാൻ മീറ്റിംഗ് റൂമിൽ കാത്തിരുന്നത്.

Mr.Simon Sorgenfrei(പ്രൊഫസർ), Mr. Frederic Brusi(അസിസ്റ്റന്റ് ലക്ച്ചറാർ സ്റ്റോക് ഹോം യൂണിവേഴ്സിറ്റി), Mr.Jenny Berglund (അസോസിയേറ്റ് പ്രൊഫസർ), David Thurjell(പ്രൊഫസർ), Ferdinando Sardeua(ലക്ച്ചറാർ), Mr.Lizza Oved Scheja (സ്വീഡനിലെ ജൂഇശ് കൾച്ചറിന്റെ സ്ഥാപകനും ഡയറക്ടർ), Mr.ULF lindgren (ചർച്ചിന്റെ പ്രതിനിധി) Mr.Torbjorn Persson(ARLANDA ലോട്ടറി ക്ലബിന്റെ പ്രസിഡന്റ്), Mr.Maynard Gerber (Cantor, Judisk, Forsamlingen)

ഈ അതിഥികളെ കൂടാതെ ഈ പരിപാടിക്കിടയിൽ ഇന്ത്യയുടേയും ഇസ്റായാലിന്റേയും അമ്പാസഡർമാരും എത്തിയിരുന്നു. അവർ പ്രോഗ്രാമിലും പങ്കെടുത്തു.

✹ഹുദൂർ കൃത്യം പത്തു മണിക്ക് ആഗതരായി.

അഭിമുഖത്തിന്റെ തുടക്കത്തിൽ അവിടെ ഉണ്ടായിരുന്ന പ്രൊഫസർമാർ സ്വയം തങ്ങളെ പരിചയപ്പെടുത്തി. സ്വീഡനിൽ നിന്നുള്ള ഒരു പ്രൊഫസർ താൻ മധ്യ പൗരസ്ത്യ ദേശത്ത് ഒരു നീണ്ടകാലം താമസിച്ചിരുന്നുവെന്ന് പറഞ്ഞു.

✦ അതിനുശേഷം ഒരു വനിത പ്രൊഫസർ തന്നെ പരിചയപ്പെടുത്തി: 'ഇസ്റായീലിലെ ടെൽ അവീവാണ് സ്വന്തം സ്ഥലമെങ്കിലും കഴിഞ്ഞ ഇരുപത് വർഷമായി സ്വീഡനിലാണ് താമസിക്കുന്നതെന്ന് പറഞ്ഞു.

✦ ഒരു ഡോക്ടർ പ്രൊഫസർ തന്നെ പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: ഞാൻ ഇപ്പോൾ യഹൂദ ജനതയ്ക്കുവേണ്ടി പ്രവർത്തിച്ചു വരികയാണ്. ചേലാകർമവും ചെയ്യുന്നു. എന്നാൽ, എന്റെയടുക്കൽ വരുന്ന അധികവ്യക്തികളും മുസ്‌ലിമീംകളായതുകൊണ്ട്, ഞാൻ മുസ്‌ലിമീംകളെ വളരെയടുത്ത് അറിയുന്നയാളാണ്.

✦ ഒരു വനിത അസോസിയേറ്റ് പ്രൊഫസർ തന്നെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ഞാനിവിടെ സ്വീഡനിൽ ഒരു യൂണിവേഴ്സിറ്റിയിൽ മത വിഷയം പഠിപ്പിക്കുകയാണ്. കൂടാതെ, ഇംഗ്ലണ്ടിലെ Warwick യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറാണ്. Islamic Education വിഷയത്തിൽ സ്പെഷ്യലിസ്റ്റുമാണ്.

✦ മറ്റൊരു പ്രൊഫസർ തിരഞ്ഞെടുത്തിരുക്കുന്ന വിഷയം ഇറാനിന്റെ ചരിത്രവും ശീഅഃയിസവും എന്നതാണെന്ന് പരിചയപ്പെടുത്തി.

✦സ്റ്റോക് ഹോം യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ തന്നെ പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: ഞാൻ പഠിപ്പിക്കുന്ന വിഷയം മതചരിത്രമാണ്. ഞാൻ Islam And Middle Eastern Studies ൽ സ്പെഷ്യലൈസേഷൻ ചെയ്തിട്ടുണ്ട്.

* സ്റ്റോക് ഹോം യൂണിവേഴ്സിറ്റിയിലെ മറ്റൊരു പ്രൊഫസർ തന്നെ പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: ഞാനും മതചരിത്രമാണ് പഠിപ്പിക്കുന്നത്. ഞാൻ South Asian Religion And Middle Eastern Studies ൽ സ്പെഷ്യലൈസേഷൻ ചെയ്തിട്ടുണ്ട്.

ഹ്രസ്വമായ ഈ പരിചയപ്പെടുത്തലിനുശേഷം ഇതിനർഥം ഇപ്പോളിവിടെ എല്ലാ വിഷയങ്ങളിലുമുള്ള പ്രഫസർമാരുമുണ്ട് എന്നാണെന്ന് പറഞ്ഞു.

✦ അപ്പോൾ ഒരു അതിഥി പറഞ്ഞു: എനിക്കുപുറമെ വേറേയും പ്രൊഫസർമാർ ഇവിടെ ഇരിപ്പുണ്ട്. ഞാൻ സ്വീഡനിൽ ഒരു ചർച്ചിൽ പാതിരിയാണ്. മൂന്ന് വർഷം ഈജിപ്റ്റിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ട്.'

✦ഇതിനുപുറമെ ഈ മീറ്റിംഗിൽ ഇന്ത്യാ, ഇസ്റായീൽ രാജ്യങ്ങളുടെ അംബാസഡർമാരും പങ്കെടുത്തിരുന്നു.

✦സ്വീഡനിലെ ജീവിത സാഹചര്യങ്ങളെ കുറിച്ച് ഹുദൂർ ചോദിച്ചപ്പോൾ ഒരു വനിതാ പ്രൊഫസർ മറുപടി നൽകിക്കൊണ്ട് പറഞ്ഞു:'എന്റെ അഭിപ്രായമാണ്. പൊതുവെ നോക്കുകയാണെങ്കിൽ യൂറോപ്പിലെ ഇതര സ്ഥലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ സ്വാധീനം സ്വീഡനിലും സംഭവിച്ചു കൊണ്ടിരിക്കുന്നു. വ്യക്തിപരമായി നോക്കുകയാണെങ്കിൽ നിങ്ങൾ നേരായ വഴിയിലാണെങ്കിൽ ഇവിടുത്തെ ജീവിതം വളരെ സുഗമമാണ്.

യഹൂദ സമുദായത്തെ കുറിച്ച് ഹുദൂർ ചോദിച്ച പ്പോൾ ഒരു പ്രൊഫസർ പറഞ്ഞു: 'സ്വീഡനിൽ താമസിക്കുന്ന യഹൂദരുടെ ജനസംഖ്യ ഏകദേശം ഇരുപതിനായിരമാണ്. അവരിൽ പകുതിയും Greater Stockholmൽത്തന്നെ താമസിക്കുന്നു. കൂടാതെ ഗോ ഥൻബർഗ്, മാൽമോ പ്രദേശങ്ങളിലും അവരുണ്ട്. ഏറ്റവും കൂടുതൽ സ്റ്റോക്ക് ഹോമിൽത്തന്നെയാണുള്ളത്.'

ഒരു പ്രൊഫസർ ഹുദൂറിനോട് സ്വീഡനിലെ താമസത്തെ കുറിച്ച് ചോദിച്ചു. ഹുദൂർ പറഞ്ഞു:'കഴിഞ്ഞ ദിവസം വളരെ തിരക്കിലായിരുന്നു. ജമാഅത്തിലെ വളരെയധികമാളുകൾ കാണാൻ വന്നിരുന്നു. ചില പരിപാടികളും ഉണ്ടായിരുന്നു. മാൽമോ മസ്ജിദിന്റെ ഉൽഘാടനവും നടന്നു.'

ഗോഥൻബർഗിൽ ഹുദൂർ പോയിട്ടുണ്ടോ എന്ന് അദ്ദേഹം തുടർന്ന് ചോദിച്ചു. ഹുസൂർ പറഞ്ഞു:'ഈ സന്ദർശനത്തിൽ ഗോഥൻ ബർഗിൽ ഇതു വരെ പോയിട്ടില്ല. സ്റ്റോക്ക് ഹോമിൽ നിന്ന് ഗോഥൻ ബർഗിൽ പോകാനുള്ള പരിപാടിയുണ്ട്. പതിനൊന്ന് വർഷം മുമ്പേ സ്വീഡനിൽ വന്നപ്പോൾ ഗോഥൻബർഗിലും പോയിരുന്നു. ഇവിടെ സ്റ്റോക്ക്ഹോമിൽ ആദ്യമായിട്ടാണ് വരുന്നത്.'

ഒരു പ്രൊഫസർ സ്വീഡനിൽ അഹ്മദിയ്യാ ജമാഅത്തുകളുടെ എണ്ണത്തിൽ വർധന ഉണ്ടാകുന്നുണ്ടോ? എന്നു ചോദിച്ചു.

ഹുദൂർ പറഞ്ഞു: 'വലിയ തോതിൽ വർധിക്കുന്നുവെന്ന് ഞങ്ങൾക്ക് പറയാൻ കഴിയില്ല, ഘട്ടംഘട്ടമായി വർധിക്കുന്നുണ്ട്. ഈയിടെ വളരെയധികം അഭയാർഥികൾ പാക്കിസ്ഥാനിൽനിന്ന് ഇവിടെ വന്ന് താമസമാക്കിയിട്ടുണ്ട്. അവർക്ക് unhcr മുഖേന ദൂരപൂർവദേശത്തെ വിവിധ രാഷ്ട്രങ്ങളായ മലേഷ്യ, തായ്‌ലാൻഡ്, തുടങ്ങിയ രാജ്യങ്ങൾ അഭയാർഥി സ്റ്റാറ്റസ് നൽകിയിട്ടുണ്ട്.'

ഒരു വനിത പ്രൊഫസർ ചോദിച്ചു: യൂ.കെ.യിൽ നിങ്ങളുടെ ജമാഅത്ത് എത്രമാത്രം വലുതാണ്.അവി

**അല്ലാഹുവിന്റെ കലാം**

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 09 May 2019 Issue-19

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ടെ രാജ്യത്താകമാനം നിങ്ങളുടെ മസ്ജിദുകളുണ്ട് എന്ന് കേട്ടിട്ടുണ്ട്?

ഹുദൂർ പറഞ്ഞു:'മുപ്പത്തയ്യായിരം അഹ്മദികൾ അവിടെയുണ്ട്. അവരിലധികവും ലണ്ടനിലാണ്.രാജ്യത്തെല്ലായിടത്തും അഹ്മദികളുണ്ട്. ഏകദേശം എല്ലാ വലിയ പട്ടണങ്ങളിലും ഞങ്ങളുടെ മസ്ജിദുകളും സെന്ററുകളുമുണ്ട്. യു.കെയിൽ ഏകദേശം ഓരോ വർഷവും രണ്ടോ മൂന്നോ മസ്ജിദുകൾ നിർമിക്കുന്നുണ്ട്.'

പ്രൊഫസർ തുടർന്ന് ചോദിച്ചു:'ശിയാക്കൾക്കെതിരിൽ വെറുപ്പ് വ്യാപിച്ചു വരുന്നു. ഇതു സംബന്ധമായുള്ള താങ്കളുടെ അഭിപ്രായം എന്താണ്? ശിഅഃക്കൾക്കെതിരിൽ വെറുപ്പ് വ്യാപിക്കുന്നതു പോലെ അഹ്മദികളുമായി ഇതിനു എന്തെങ്കിലും ബന്ധമുണ്ടോ?

ഹുദൂർ പറഞ്ഞു: മുസ്‌ലിമീംകളിൽ അധികവും സുന്നി വിഭാഗവുമായി ബന്ധപ്പെട്ടു കിടക്കുന്നവരാണ്. സുന്നികൾക്കുള്ളിലും വളരെ വിഭാഗങ്ങളുണ്ട്. എന്നാൽ, ഇവരെല്ലാം പറയുന്നത് ശിയാക്കൾ യഥാർഥ അധ്യാപനങ്ങളിൽനിന്ന് തെറ്റിപ്പോയിരിക്കുന്നുവെന്നും ശരിയായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്നുമാണ്. ഞങ്ങളെ സംബന്ധിച്ചും ഇവരുടെ ചിന്താധാര ഇതേരീതിയിലാണ്. നൂറ്റാണ്ടുകളായി ശിയാക്കൾ പുലർത്തുന്ന വിശ്വാസങ്ങൾ അവർക്കുണ്ട്. നമ്മുടെ വിശ്വാസമാകട്ടെ, മുഹമ്മദ് നബി(സ)യുടെ ദീർഘദർശനമനുസരിച്ച് അവസാന കാലഘട്ടത്തിൽ ഒരു വ്യക്തി ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാൻ വരുമെന്നാണ്. ആ വ്യക്തിക്ക് മുഹമ്മദ് നബി(സ) മസീഹെന്നും മഹ്ദിയെന്നും പേരു പറഞ്ഞിട്ടുണ്ട്. ഞങ്ങൾ വിശ്വസിക്കുന്നത് ആ വ്യക്തി വന്നിരിക്കുന്നു എന്നാണ്. ആ വ്യക്തിയുടെ പദവി നബിയുടെ പദവിയാണ്. നമ്മുടെ എതിരാളികളിൽ അധികപേരും സുന്നിവിഭാഗവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. എന്നാൽ, ഇരുവിഭാഗക്കാരും ഞങ്ങളുടെ എതിരാളികൾ തന്നെയാണ്. കാരണം ഇവർ മനസ്സിലാക്കുന്നത് മുഹമ്മദ് നബിക്കുശേഷം ഒരു നബിയും വരിക സാധ്യമല്ല എന്നാണ്. ഇതേ കാരണത്താൽത്തന്നെ അവർ ഞങ്ങൾക്കെതിരാണ്. എന്നാൽ, നബി(സ) തിരുമേനിയുടെ ദീർഘദർശനത്തെ കുറിച്ചുള്ളതും ഇതര അടയാളങ്ങളുടേയും തെളിവുകൾ ഞങ്ങൾ സമർപിക്കുന്നുണ്ട്. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് സംസാരിക്കുമ്പോൾ വാഗ്ദത്തമസീഹിന്റേയും മഹ്ദി മഅ്ഹൂദിന്റേയും കാര്യം പരാമർശിക്കുമ്പോൾ മനസ്സിലാക്കേണ്ടത് അതേ കുറിച്ച് നബി(സ) മുൻകൂട്ടിത്തന്നെ പറഞ്ഞിട്ടുണ്ട് എന്നാണ്. ഞങ്ങളുടെ വിശ്വാസത്തിന് ശക്തിമത്തായ തെളിവു ഞങ്ങളുടെ പക്കലുണ്ട്. ബാഹ്യ ദൃഷ്ട്യാ ഞങ്ങൾക്കും മുസ്‌ലിമീംകൾക്കുമിടയിൽ ചില അഭിപ്രായ വ്യത്യസമുണ്ട്. എന്നാൽ, ലോകത്താകമാനം സുന്നി ശിയാ മുസ്‌ലിമീംകളിൽ നിന്ന് ആളുകൾ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നുവരുന്നുണ്ട്.

അപ്പോൾ ഒരു വനിതാ പ്രൊഫസർ ചോദിച്ചു:ജമാഅത്തിൽ ചേരുന്ന ശിയാ സുന്നി വിഭാഗങ്ങൾക്ക് ഏതെങ്കിലും ചിന്താധാരയുമായോ വിഭാഗവുമായോ എന്തെങ്കിലും പ്രത്യേക ബന്ധമുണ്ടോ?

ഹുദൂർ പറഞ്ഞു: 'ഏതെങ്കിലും പ്രത്യേക ചിന്താധാരയിലുള്ളവരല്ല ഞങ്ങളുടെ ജമാഅത്തിൽ ചേരുന്നത്. മറിച്ച്,വിവിധ ചിന്താധാരകളുമായി ബന്ധമുള്ളവർ ചേർന്നു കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ വിശ്വാസങ്ങളും തെളിവുകളും മനസ്സിലാക്കുന്ന ഏതൊരു വ്യക്തിയും ജമാഅത്തിൽ പ്രവേശിക്കുന്നു.'

അപ്പോൾ ആ വനിതാ പ്രൊഫസർ ചോദിച്ചു: താങ്കളുടെ ജമാഅത്തിൽ ചേരുന്നതിനുള്ള രീതിയെന്താണ്?

ഹുദൂർ പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നവർ അനുസരണ പ്രതിജ്ഞ ചെയ്യുന്നു. താൻ വാഗ്ദത്ത മസീഹിൽ വിശ്വസിക്കുന്നുവെന്നും അദ്ദേഹത്തിന്റെ ജമാഅത്തിൽ പ്രവേശിക്കുന്നുവെന്നും പ്രതിജ്ഞ ചെയ്യുന്നു. മിർസാ ഗുലാം അഹ്മദ് ഖാദിയാനി, മുഹമ്മദ് നബി(സ)പ്രവചിച്ച വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമാണെന്നും വിശ്വസിക്കുന്നു. കൂടാതെ മറ്റ് മുസ്‌ലിമീംകൾ ചൊല്ലുന്ന കലിമയും ഞങ്ങൾ ചൊല്ലുന്നു. അതായത് *ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി.* ഭൂരിപക്ഷ മുസ്‌ലിമീംകൾ പാരായണം ചെയ്യുന്ന അതേ ഖുർആൻ തന്നെയാണ് ഞങ്ങളും പാരായണം ചെയ്യുന്നതും വിശ്വസിക്കുന്നതും. മുഹമ്മദു നബിയെ തന്നെയാണ് ഞങ്ങളും വിശ്വസിക്കുന്നത്. അദ്ദേഹത്തെ ഞങ്ങൾ ഖാതമുന്നബിയ്യീൻ എന്നും വിശ്വസിക്കുന്നു. മുഹമ്മദുനബി സുവാർത്ത അറിയിച്ച മസീഹിനേയും മഹ്ദിയേയും വിശ്വസിച്ചു എന്നതല്ലാതെ ഇതര മുസ്‌ലിമീംകളുമായി മറ്റൊരു വ്യത്യാസവുമില്ല. പിന്നെ നിങ്ങൾക്ക് പറയാൻ കഴിയുന്ന ഒരു കാര്യം വിശുദ്ധ ഖുർആനിലെ ചില ആയത്തുകൾക്ക് മുസ്‌ലിമീംകൾ നൽകുന്ന വ്യാഖ്യാനത്തിന് വ്യത്യസ്തമായി ഞങ്ങൾ നൽകുന്നു എന്നായിരിക്കും. ശരിയായ രീതിയിലാണ് അത് ഞങ്ങൾ അവതരിപ്പിക്കുന്നതെന്ന് പറയേണ്ടതാണ്. ഞങ്ങൾ നൽകുന്ന വ്യാഖ്യാനം വിശുദ്ധ ഖുർആനിലെ ഇതര ആയത്തുകൾ അംഗീകരിക്കുന്നുണ്ട്. അവിടെ വൈരുദ്ധ്യം കാണുകയില്ല. എന്നാൽ, ഇസ്‌ലാമിലെ ചില വിഭാഗക്കാർ അല്ലെങ്കിൽ മൗലവിമാർ അല്ലെങ്കിൽ ചില ചിന്താധാരകളുമായി ബന്ധമുള്ളവർ ഈ വചനങ്ങൾക്ക് അവരുടേതായ വ്യാഖ്യാനമാണ് നൽകുന്നത്.'

ഒരു പ്രൊഫസർ ചോദിച്ചു: മറ്റ് മുസ്‌ലിമീംകൾ വിചാരിക്കുന്നത് ഇമാം മഹ്ദി അവസാന കാലഘട്ടത്തിലാണ് വരിക എന്നാണ്. ഇതിന് നിങ്ങൾ എന്ത് വ്യാഖ്യനമാണ് നൽകുന്നത്?

ഹുദൂർ പറഞ്ഞു: 'ലോകം അവസാനിക്കാറാകുമ്പോൾ ഇമാം മസീഹ് ആകാശത്തുനിന്ന് വരുമെന്നാണ് ഇവർ മനസ്സിലാക്കി വെച്ചിരിക്കുന്നത്; മഹ്ദി ഭൂമിയിൽ ജനിക്കുമെന്നും. ഇവരുടെ അഭിപ്രായത്തിൽ മഹ്ദിയും മസീഹും രണ്ട് വ്യത്യസ്ത വ്യക്തികളാണ്. ഇവർ തമ്മിൽ ചേർന്നുകൊണ്ട് ഇസ്‌ലാമിന്റെ ശത്രുക്കളെ തുടച്ചു നീക്കുമെന്നും വിശ്വസിക്കുന്നു. ഇവിടെ ഉയരുന്ന ചോദ്യം ലോകം അപ്പാടെ അവസാനിക്കാനിരിക്കുമ്പോൾ ഇവർ രണ്ടു പേരുടേയും പ്രവൃത്തി എന്തായിരിക്കും? ലോകംതന്നെ അവസാനിക്കാൻ പോകുമ്പോൾ ഇവർ ഇസ്‌ലാമിന്റെ പരിഷ്കരണം എങ്ങനെ നടത്തും.? അല്ലെങ്കിൽ ഇസ്‌ലാം സ്വീകരിക്കാൻ ആരോടാണ് പറയുക? വഴിതെറ്റിപ്പോയ മുസ്‌ലിമീംകൾക്ക് നേർമാർഗം കാണിച്ചു കൊടുക്കുന്നതെങ്ങനെ? ഞങ്ങൾ പറയുന്നത് അവസാന നാളുകൊണ്ട് ഉദ്ദേശിക്കുന്നത് അവസാനിക്കുന്ന നാൾ അല്ല, മറിച്ച് പതിനാലാം നൂറ്റാണ്ടാണ്. കാരണം നബി(സ)തിരുമേനി പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മഹ്ദി മസീഹിന്റെ ആഗമനമുണ്ടാകുമെന്നും പറഞ്ഞിരിക്കുന്നു. വിശുദ്ധ ഖുർആനിലും അവസാന കാലത്തിന്റെ അടയാളങ്ങളെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. സാധന സാമഗ്രികൾ ധാരാളമായി കയറ്റിറക്കുണ്ടാകും. ഈ അടയാളങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നത് ഇന്ന് നാം കാണുന്നു.ഒട്ടകങ്ങളും കുതിരകളും മുഖേനയുള്ള യാത്രാ വാഹനങ്ങൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനു പകരം നാവിക, വ്യോമ വാഹനങ്ങൾ, കാറുകൾ, ട്രൈനുകൾ, ബസുകൾ വന്നിരിക്കുന്നു. മറ്റൊരടയാളം നബി(സ)തിരുമേനി സുവാർത്ത നൽകിയത് ഒരേ റമളാൻ മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ ചന്ദ്രനും സൂര്യനും ഗ്രഹണമുണ്ടാകും എന്നാണ്. 1894–ൽ റമളാൻ മാസത്തിൽ ഈ അടയാളം പൂർത്തിയായി. ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന രാവുകളിൽ ആദ്യത്തെ രാവിൽ ചന്ദ്രന് ഗ്രഹണം ബാധിച്ചു. അതേ മാസത്തിൽ ഇരുപത്തിയെട്ടാം പകൽ സൂര്യനും ഗ്രഹണം ബാധിച്ചു.1894–ൽ ഒരേ റമളാൻ മാസത്തിൽ ഈ രണ്ട് ഗ്രഹണവും ഭൂമിയുടെ കിഴക്കൻ അർധ ഗോളത്തിൽ സംഭവിച്ചു.ശേഷം 1895–ൽ പടിഞ്ഞാറൻ അർധ ഗോളത്തിലും ഇത് സംഭവിച്ചു. അമേരിക്കയിലും ഇതര രാഷ്ട്രങ്ങളിലും ഇത് കാണപ്പെട്ടു. ഈ അടയാളം വെളിപ്പെട്ടപ്പോൾ മഹ്ദിവാദിയും ഉണ്ടായിരുന്നു. അടയാളം വെളിപ്പെടുകയും വാദി നിലവിലുണ്ടാകുകയുമുള്ളപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാതിരിക്കാതെ വേറേ ഒരു വഴിയുമില്ലെന്ന് ഞങ്ങൾ പറയുന്നു. ലോകം അവസാനിച്ചു പോകുമെന്നല്ല അന്ത്യനാൾ കൊണ്ടുദ്ദേശിക്കുന്നത് എന്ന് ചുരുക്കം. അങ്ങനെയല്ലെങ്കിൽ മഹ്ദീ മസീഹ് വന്നിട്ട് എന്ത് പ്രയോജനമാണുള്ളത്? വരുന്ന വ്യക്തി ജനങ്ങൾക്ക് നേർമാർഗം കാണിക്കാനാണ് വരുന്നതെന്ന് ഇവർ പറയുന്ന കാര്യം സത്യമാണെങ്കിൽ ജനങ്ങൾ ദൈവത്തോടു ചോദിക്കും ഞങ്ങൾക്ക് ഞങ്ങളുടെയുള്ളിൽ മാറ്റമുണ്ടാക്കാനുള്ള അവസരംതന്നെ എന്തുകൊണ്ട് നൽകപ്പെട്ടില്ല? എന്റെ അഭിപ്രായത്തിൽ ലോകം അവസാനിക്കുന്ന സമയത്ത് മഹ്ദീ മസീഹ് വെളിപ്പെടുക എന്നത് ബുദ്ധിക്ക് വിരുദ്ധമാണ്.'

ഒരു പ്രഫസർ ചോദിച്ചു: അഹ്മദിയ്യാ ജമാഅത്തിൽ താങ്കളുടെ പദവിയെന്താണ്? താങ്കളുടെ പ്രവർത്തന മണ്ഡലം ബൗദ്ധികമായ രംഗത്തിൽ മാത്രം പരിമിതമാണോ?

ഹുദൂർ പറഞ്ഞു: 'നബിയുടെ പ്രതിനിധിയാണ് ഖലീഫ. നബിയുടെ മേൽ അർപിതമായ എല്ലാ ഉത്തരവാദിത്വങ്ങളും ഖലീഫയും നിർവ്വഹിക്കൽ നിർബന്ധമാണ്. ഈ ഉത്തരവാദിത്വങ്ങളെന്താണ്.? ഒന്നാമത്തേത് മനുഷ്യകുലത്തെ അവരുടെ സ്രഷ്ടാവിനോടടുപ്പിക്കുക. രണ്ടാമത്തേത് മനുഷ്യസമൂഹത്തിന്റെ കടമകൾ നിർവ്വഹിക്കുന്നതിലേക്ക് മനുഷ്യരാശിയെ ഉണർത്തുക. ഇസ്‌ലാമിന്റെ സന്ദേശം വ്യാപിപ്പിക്കുക. ഇതെല്ലാം ഖലീഫയുടെ കർത്തവ്യങ്ങളാണ്. ഖലീഫ ഒരു ആത്മീയ വഴികാട്ടിയാണ്. ഭൗതിക ഭരണകൂടങ്ങളെപോലെ ഏതെങ്കിലും ഭരണപരമായ തലവനല്ല. അദ്ദേഹത്തിന്റെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം സ്വന്തം ജമാഅത്തിന്റെ ഭരണപരമായ തലവനുമാണ്. എന്നാൽ, ഭരണകൂടകാര്യങ്ങളിലുള്ള ഭരണനിർവ്വഹണത്തിനുള്ള തലവനല്ല. നമ്മുടെ വിശ്വാസം അനുസരിച്ച് മതവും ഭരണകൂടവും രണ്ടും രണ്ടാണ്. ഓരോ ഭരണകൂടവും തങ്ങളുടെ കാര്യങ്ങൾ സ്വന്തം വ്യവസ്ഥിതിയനുസരിച്ച് ചെയ്യുന്നു. ഈ ഭരണകൂടങ്ങൾ അഹ്മദിയാകുകയാണെങ്കിൽ ഒരു കൈയ്ക്കുകീഴിൽ ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്. ആത്മീയമായ നിലയിൽ അവർക്കാവശ്യമായ മാർഗനിർദേശങ്ങൾ ഒരു ഖലീഫ മുഖേന നിർവ്വഹിക്കപ്പെടും.'

**തുടരും**

## ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിക്കുന്ന വാർഷിക ഇജ്തിമാകളുടെ തിയ്യതി

സയ്യിദുനാ ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

എല്ലാ ഉപസംഘടനകളിലേയും അംഗങ്ങൾ ഖാദിയാൻ ദാറുൽ അമാനിൽ ആത്മീയാന്തരീക്ഷത്തിൽ സംഘടിപ്പിക്കുന്ന ഈ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ മുതൽതന്നെ തയ്യാറെടുപ്പുകൾ തുടങ്ങുക. ഈ ഇജ്തിമാകൾ തർബിയ്യത്തിനുള്ള സുപ്രധാന മാർഗമാണ്. (പത്രാധിപർ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin